SRI MAHA BHARATHAM.

# UDIOGA PARVAM.

With Introduction and Notes.

M. S. BOOK DEPOT.
KOTTAYAM, TRAVANCORE.

T 61
U 9

## ശ്രീ മഹാഭാരതം.

# ഉദ്യോഗപർവ്വം.

അവതാരികയോടു കൂടിയതു്.

DEFINITORY T. O. C. D. LIBRARY. No 131 CANCELLED

R61 / K9

**1936**

DHARMARAM COLLEGE LIBRARY, BANGALORE. 3958

M. S. PRESS, KOTTAYAM.

# അവതാരിക.

## എഴുത്തച്ഛൻ.

ലോകോത്തരന്മാരായ മഹാന്മാരുടെ പഞ്ചഭൂതനിർമ്മിതമായ മാംസശരീരം കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു് അനേക നൂററാണ്ടുകൾ കഴിഞ്ഞാലും അവരുടെ യശഃശ്ശരീരം അക്ഷയഭാസ്സോടുകൂടി ലോകത്തിൽ സജീവമായിത്തന്നെ സ്ഥിതിചെയ്യും. "ആധുനിക മലയാളഭാഷയുടെ ജനയിതാവു്" എന്നുള്ള സംപൂജ്യമായ സ്ഥാനത്തിനു സർവ്വഥാ യോഗ്യനായ തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ സാഹിതീഭക്തന്മാരായ സകല കേരളീയരുടെയും ഹൃദയങ്ങളിൽ സമാരാദ്ധ്യനായി സംപൂജിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ കവനകലാചാതുരിയിൽ ആഹ്ളാദഭരിതരാകാത്ത സഹൃദയന്മാർ കേരളത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. നിരർഗ്ഗളമായി പ്രവഹിക്കുന്ന ആ മഹാകവിയുടെ കവിതാനിർത്ധരി ഏതൊരു സഹൃദയഹൃദയത്തെയാണു ഹഠാദാകർഷിക്കാത്തതു്? അനുഗൃഹീതമായ പാണ്ഡിത്യവും തികഞ്ഞ കവിതാവാസനയും ലോകോത്തരങ്ങളായ ആദർശങ്ങളും, സർവ്വോപരി ആസ്തിക്യബുദ്ധിയും സർവ്വത്ര പരിലസിക്കുന്ന ആ കവികോകിലത്തിന്റെ മധുരഗാനം കൈരളീഭക്തരായ സകലരുടെയും ഹൃദയങ്ങളിൽ മാറെറാലിക്കൊള്ളുന്നില്ലേ. "ഭിന്നാ ഏവ കവയഃ ഭിന്നാന്യേവ കാവ്യാനി" എന്ന മഹദ്വചനപ്രകാരം ലോകോപകാരികളായി ഭവിച്ചിട്ടുള്ള യഥാർത്ഥ കവിശ്രേഷ്ഠന്മാർ ഏതു ദേശത്തും ഏതുകാലത്തും ഒന്നു രണ്ടിലധികം

ഉണ്ടായിട്ടില്ല. ഇങ്ങനെയുള്ളവരിൽ ഒരാളായ ഈ മഹാത്മാവിന്റെ ജീവചരിത്രം മുക്കാലും അന്ധകാരാവൃതമായിക്കിടക്കുന്നതു് കേരളീയരുടെ നിർഭാഗ്യമെന്നേ പറയേണ്ടതുള്ളു.

ജന്മദേശം. എഴുത്തച്ഛന്റെ ജന്മദേശം ബ്രിട്ടീഷുമലബാറിൽ ചേർന്ന പൊന്നാനിത്താലൂക്കിൽ വെട്ടത്തുനാട്ടദേശത്തു് വെട്ടത്തു പുതിയങ്ങാടിക്കടുത്തുള്ള തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു പടിഞ്ഞാറു് തിരൂർ തീവണ്ടിസ്റ്റേഷ്യനു അല്പം തെക്കുമാറി കിടക്കുന്ന തുഞ്ചൻ പറമ്പാണെന്നു് മിക്ക പണ്ഡിതന്മാരും സമ്മതിക്കുന്നുണ്ടു്.

കാലം. ബാഹ്യങ്ങളും ആഭ്യന്തരങ്ങളുമായ തെളിവുകൾകൊണ്ടാണു് ആധുനികപണ്ഡിതന്മാർ പൌരാണിക കവികളുടെ കാലനിർണ്ണയം ചെയ്തുകാണുന്നതു്. എഴുത്തച്ഛന്റെ ജീവിതകാലത്തെക്കുറിച്ചു വിവാദരഹിതമായ ഒരറിവും ഇന്നേവരെ അവൎക്കു ലഭിച്ചിട്ടില്ല. ഡാക്ടർ ഗുണ്ടർട്ടു്, മി. ബർന്നൽ, മി. ലോഗൻ മുതലായ പാശ്ചാത്യപണ്ഡിതന്മാർ കൊല്ലം 775 മുതൽ 875 വരെയുള്ള കാലഘട്ടത്തിലാണു എഴുത്തച്ഛൻ ജീവിച്ചിരുന്നതെന്നു് അഭിപ്രായപ്പെട്ടു കാണുന്നു. കൊല്ലം 700 നും 800-നും ഇടയ്ക്കു ജീവിച്ചിരുന്ന ആളാണു എഴുത്തച്ഛൻ എന്നു ഭാഷാചരിത്രകൎത്താവായ ഗോവിന്ദപ്പിള്ള യുക്തിയുക്തമായി സ്ഥാപിക്കുന്നു. കേരളകൌമുദീകൎത്താവായ കോവുണ്ണി നെടുങ്ങാടി കൊല്ലം ആറാംശതകത്തിൽ എഴുത്തച്ഛൻ ജീവിച്ചിരുന്നു എന്നാണു് പറയുന്നതു്. സാഹിത്യചരിത്ര കൎത്താവായ നാരായണപ്പണിക്കരുടെയും സാഹിത്യപഞ്ചാനനനായ പി. കെ. യുടെയും അഭിപ്രായങ്ങൾ ഇതിൽനിന്നു ഭിന്നങ്ങളാണു്.

<u>ജീവചരിത്രം.</u> എഴുത്തച്ഛന്റെ ജീവചരിത്രം കേവലം ഐതിഹ്യമാത്രപരമാണ്. അദ്ദേഹത്തിന്റെ പിതാവ് നീലകണ്ഠൻ എന്നു പേരായ ഒരു നമ്പൂരി ആയിരുന്നു എന്നും ആ നമ്പൂരിതന്നെയായിരുന്നു അദ്ദേഹത്തിന്റെ ഗുരുവെന്നും ചിലർ അഭിപ്രായപ്പെടുന്നു.

"അൻപേണമെൻ മനസി ശ്രീ നീലകണ്ഠഗുരു" എന്നുള്ള ഹരിനാമകീൎത്തനത്തിലെ പദ്യമാണ് ഈ അഭിപ്രായത്തിനു ഉപോൽബലകമായി കൊണ്ടുവരുന്നതെളിവ്. എഴുത്തച്ഛന്റെ പിതാവു ഒരു നമ്പൂരിയായിരുന്നു എന്നുള്ള കാൎയ്യം മിക്ക സാഹിത്യകാരന്മാരും സമ്മതിക്കുന്നുണ്ട്. ഇദ്ദേഹത്തിന്റെ നാമധേയം എന്താണെന്നുള്ളതു് അഹങ്കാരരഹിതനും ആത്മപ്രശംസാവിമുഖനുമായിരുന്ന അദ്ദേഹത്തിന്റെ കൃതികളിൽനിന്നു അറിയാൻ നിൎവ്വാഹമില്ല. രാമായണത്തിലെ:-

"അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ
മൽ ഗുരുനാഥനേകാന്ത വാസികളോടും".

എന്ന വരികളിൽനിന്നു അദ്ദേഹത്തിന്റെ ജ്യേഷ്ഠനും ഗുരുവുമായി രാമൻ എന്നൊരു ആചാൎയ്യൻ ഉണ്ടായിരുന്നൊന്നും, അദ്ദേഹത്തിന്റെ അനുജൻ എന്ന അൎത്ഥത്തിൽ "രാമാനുജൻ" എന്ന പേർ സ്വീകരിച്ചതാണെന്നും, അതല്ല സുപ്രസിദ്ധ വൈഷ്ണവാചാൎയ്യനായ രാമാനുജഗുരുവിന്റെ നാമധേയം അദ്ദേഹത്തോടുള്ള സ്നേഹബഹുമാനസൂചകമായി സ്വീകരിച്ചതാണെന്നും, ഇതൊന്നുമല്ല വൈഷ്ണവ കഥാപ്രസംഗത്തിനു ഒരുങ്ങിയ ഇദ്ദേഹത്തെ അസൂയാലുക്കളായ ചിലർ രാമാനുജൻ എന്നു ആക്ഷേപസൂചകമായി വിളിച്ചെന്നും കാലാന്തരത്തിൽ ഈ പേരു സുദൃഢവും ബഹുമാന്യവുമായിത്തീൎന്നു എന്നും പല അഭിപ്രായങ്ങൾ ഉണ്ടു്.

എഴുത്തച്ഛൻ ബാല്യത്തിൽത്തന്നെ കാലോചിതമായ സംസ്കൃത വിദ്യാഭ്യാസം ലഭിച്ചിരുന്നു എന്നുള്ളതു് നിശ്ചയമാണു്. ഒരിക്കൽ മാതാവൊന്നിച്ചു തിരുനാവാ ക്ഷേത്രത്തിൽ പോയ ബാലൻ നമ്പൂരിമാരുടെ വേദപാരായണത്തിലുള്ള സ്ഖാലിത്യങ്ങളെ ചൂണ്ടിക്കാണിച്ചു എന്നും അസൂയാലുക്കളായ നമ്പൂരിമാർ ദുർമ്മന്ത്രം ജപിച്ചു കൊടുത്തു് ബാലനെ മൂകനാക്കിത്തീർത്തെന്നും തൽ പരിഹാരാർത്ഥം മദ്യം സേവിക്കാൻ പിതാവായ നമ്പൂരി വിധിച്ചെന്നും അന്നു മുതൽ ബാലൻ വിദ്വാനും പ്രസന്നനുമായിത്തീൎന്നു എന്നും ഒരു ഐതിഹ്യമുണ്ടു്. പക്ഷെ ഇതിന്നു് വിശ്വാസയോഗ്യമായ തെളിവുകൾ ഒന്നുമില്ല.

വിദ്യാഭ്യാസാനന്തരം എഴുത്തച്ഛൻ ഒരു കളരി കെട്ടി കുട്ടികളെ പഠിപ്പിച്ചുവന്നു. ഈകാലത്തു മലയാള ഭാഷയുടെ ശോചനീയമായ നില അദ്ദേഹത്തിന്നു ബോദ്ധ്യമായതിനാൽ മലയാളത്തോടു ബന്ധമുള്ള തമിഴ്, തെലുങ്ക്, കൎണ്ണാടകം മുതലായ ഇതര ദ്രാവിഡഭാഷകളിൽ പരിചയം സമ്പാദിച്ചു് ഭാഷാപരിഷ്കരണം ചെയ്യേണ്ടതാവശ്യമാണെന്നു നിശ്ചയിച്ചു് അദ്ദേഹം ഒരു ദേശസഞ്ചാരം ചെയ്തു. വിദേശസഞ്ചാരത്തിനിടയിൽ പല ദ്രാവിഡ കവികളുമായി പരിചയം സമ്പാദിക്കുന്നതിന്നും ഗ്രന്ഥങ്ങൾ വായിക്കുന്നതിന്നും സൌകൎയ്യം കിട്ടിയതിനോടുകൂടി ദ്രാവിഡ വംശത്തിൽ പെട്ട കേരളീയൎക്കു ദ്രാവിഡ രീതിയിലുള്ള കവിതയാണു് അധികം രുചിക്കുന്നതെന്നു അദ്ദേഹം മനസ്സിലാക്കിയിട്ടാണു് അദ്ദേഹത്തിൻെറ കൃതികൾ മിക്കതും ദ്രാവിഡ വൃത്തത്തിൽ തന്നെ എഴുതിയിട്ടുള്ളതു്.

കാഴ്ചയിൽ സ്ഥൂലശരീരനായിരുന്ന എഴുത്തച്ഛൻ നിത്യബ്രഹ്മചാരിയായിരുന്നു എന്നു പറഞ്ഞുവരുന്നു.

അദ്ധ്യാത്മചിന്താനിരതനായിരുന്ന ഇദ്ദേഹം പ്രാപഞ്ചിക സുഖങ്ങളിൽ വിരക്തനായിരുന്നു എന്നു പറയുന്നതിൽ ന്യായം ഇല്ലാതില്ല. അദ്ദേഹത്തിന്റെ അന്ത്യഘട്ടം സ്വഗൃഹത്തിൽതന്നെ കഴിച്ചുകൂട്ടിയെന്നു ചിലരും അതല്ല ബ്രിട്ടീഷ്കൊച്ചിയിൽ ചിററൂർ ശോകനാശിനിപ്പുഴയുടെ തീരത്തുള്ള ഗുരുമഠത്തിലാണെന്നു ചിലരും അഭിപ്രായപ്പെടുന്നു. എഴുത്തഛന്റെ യോഗദണ്ഡും മെതിയടിയും ചിററൂർ ഗുരുമഠത്തിൽ ഇന്നും ഉണ്ടത്രെ.

<u>കൃതികൾ.</u> ഹരിനാമകീർത്തനം, ഇരുപത്തിനാലുവൃത്തം അദ്ധ്യാത്മരാമായണം, മഹാഭാരതം, ചിന്താരത്നം, കൈവല്യനവനീതം ഇവ എഴുത്തഛന്റെ കൃതികളാണെന്ന് സകലരും ഒരുപോലെ സമ്മതിയ്ക്കുന്നു.

ദേവീമാഹാത്മ്യം ഭാഗവതം, ശിവപുരാണം, ഈ കൃതികൾ എഴുത്തച്ഛന്റേതാണെന്ന് ചിലർ പറയുന്നുണ്ട്. എന്നാൽ അതിനെപ്പററി പണ്ഡിതന്മാരുടെയിടയിൽ പലവിധത്തിലുള്ള അഭിപ്രായവ്യത്യാസങ്ങളുമുണ്ട്.

<u>സ്വഭാവം.</u>

ഈശ്വരഭക്തിയാണ് എഴുത്തഛന്റെ സ്വഭാവത്തിൽ പ്രാഥമ്യത്തെ വഹിക്കുന്നത്. ഭഗവാനോടുള്ള അദ്ദേഹത്തിന്റെ പ്രേമത്തിന് കവിതയിൽ ഉദാഹരണങ്ങൾ സുലഭങ്ങളാണ്. സ്വാർത്ഥത്യാഗവും സ്ഥിരപ്രയത്നവും അദ്ദേഹത്തിനുള്ള മററു രണ്ടു സ്വഭാവവിശേഷങ്ങളായിരുന്നു. എഴുത്തച്ഛന്റെ ഈ ഉൽകൃഷ്ട ഗുണങ്ങൾ നിമിത്തമാണ് മലയാളഭാഷയ്ക്ക് ഇന്നു കാണുന്ന ഉൽഗതിയുണ്ടായതെന്നു പറഞ്ഞാൽ അതു് ഒട്ടും അതിശയോക്തിയാകയില്ല. അദ്ദേഹത്തിന്റെ പ്രശംസനീയമായ സ്വദേശാഭിമാനവും സ്വഭാഷാഭിമാനവും നിമിത്തമാണ് അജ്ഞാനാന്ധകാരത്തിൽ ആണ്ടുകിട

ന്നു നാട്ടുകാരെ ജ്ഞാനപ്രദീപം കൊളുത്തി സന്മാൎഗ്ഗത്തിൽ ചരിപ്പിക്കുന്നതിനും നിരാശ്രയയായി ദാരിദ്ര്യസ്ഥിതിയിൽ വൎത്തിച്ചിരുന്ന കേരളഭാഷയെ പരിഷ്കരിച്ച് മററു ദ്രാവിഡഭാഷകളോടൊപ്പം ഉന്നതമായ ഒരു സ്ഥാനം അതിനു സമ്പാദിച്ചുകൊടുക്കുന്നതിനും സാധിച്ചത്. തന്നെയല്ല എഴുത്തച്ഛന്റെ അനന്യസാധാരണമായ സ്വാശ്രയശീലം ആരാലും സ്തുതിക്കപ്പെടേണ്ടതു തന്നെ.

<u>എഴുത്തച്ഛൻ ഭാഷാസാഹിത്യത്തിനു ചെയ്തിട്ടുള്ള ഗുണങ്ങൾ.</u>

കൊല്ലവൎഷം 500-ാമാണ്ടുവരെ കേവലം ബാല്യദശയിൽ കഴിഞ്ഞുകൂടിയിരുന്ന മലയാളഭാഷ തദനന്തരം സംസ്കൃതഭാഷയുമായി ബന്ധം സമ്പാദിച്ച് കൗമാരദശയിലേക്കു കടന്നു. ആ കാലത്ത് ആൎയ്യഭാഷയായ സംസ്കൃതം പഠിച്ച് അതിലുള്ള സുവിപുലമായ സാഹിത്യത്തിന്റെ രസം ആസ്വദിച്ചിട്ടുള്ളവരും സാക്ഷാൽ സഹൃദയന്മാരുമായവർ ഗീൎവ്വാണഭാഷയിലും, ദ്രാവിഡരീതിയിലുള്ള വിദ്യ അഭ്യസിച്ച് വിദ്വാന്മാരായിട്ടുള്ളവർ ദ്രാവിഡരീതിയിലുമുള്ള കൃതികൾ നിൎമ്മിച്ചുപോന്നു. എന്നാൽ കുറച്ചുകാലംകൊണ്ട് ഈ രണ്ടു കവിതാമാൎഗ്ഗങ്ങളും ഒന്നിച്ചുചേൎന്ന് മണിപ്രവാളം എന്നൊരു നൂതന കവിതാപ്രസ്ഥാനവും നടപ്പിലായി. സംസ്കൃതാഭിജ്ഞന്മാരുടെ മണിപ്രവാള കവിതയിൽ ദ്രാവിഡ പദങ്ങൾ വിരളങ്ങളായും ഇതരവൎഗ്ഗക്കാരുടെ കൃതിയിൽ സംസ്കൃത പദങ്ങൾ കുറവായിട്ടും ഇരുന്നു.

സൎവ്വത്ര സമാദരണീയവും സൎവ്വജനാമോദദായകവുമായ ഒരു കവിതാപ്രസ്ഥാനം അന്നുണ്ടായിരുന്നില്ല. രാമചരിതംപോലെ ശുദ്ധദ്രാവിഡരീതിയും, നാരായണീ

യംപോലെ ശുദ്ധഗീർവ്വാണരീതിയുരെ ഉണ്ണുനീലിസന്ദേശം പോലെ മണിപ്രവാളരീതിയും അന്നു നടപ്പായിരുന്നു. ഇവയിൽ മണിപ്രവാളരീതി സ്വാതന്ത്ര്യാധിക്യമൂലം പല വികൃതസന്താനങ്ങൾക്കു കാരണഭൂതമായി "മാടമ്പീനാമ വീടെവസ്വതാം" "പാലവും പിന്നിടേഥാ" എന്നും മററു ഉണ്ണുനീലിസന്ദേശം തുടങ്ങിയുള്ള പ്രൗഢഗ്രന്ഥങ്ങളിലും കാണത്തക്കവണ്ണം അന്നത്തെ സാഹിതിക്കു വന്നു കൂടിയ വൈഷമ്യങ്ങളേയും ദുസ്സന്താനങ്ങളേയും ഓടിച്ച് സർവ്വദാ സാർവ്വർക്കും സമാദരണീയമായ ഒരു കവിതാപ്രസ്ഥാനം നടപ്പിൽവരുത്തുന്നതിനാണ് എഴുത്തച്ഛൻ തുനിഞ്ഞത്.

ഒന്നാമതായി തമിഴിൻെറ ദാസ്യവൃത്തിയിൽനിന്നും ഭാഷയെ മോചിപ്പിച്ച് വട്ടെഴുത്ത് കോലെഴുത്ത് എന്ന പേരിൽ തമിഴിൽനിന്നു കടംവാങ്ങിയ അക്ഷരമാലയെ പാടേ പരിഷ്കരിച്ചും സംസ്കൃതത്തിലെ അക്ഷരമാലയെ അതേരൂപത്തിൽതന്നെ സ്വീകരിച്ചും ഒരു പുതിയ അക്ഷരമാലതന്നെ അദ്ദേഹം നടപ്പാക്കി. ഇതിനോടുകൂടി ആര്യഭാഷാപദങ്ങളെ ഭാഷയിൽ കുറിക്കുന്നതിനുള്ള വൈഷമ്യവും അഭംഗിയും പാടേ നീങ്ങി.

മലയാളവിഭക്തിപ്രത്യയാന്തങ്ങളായ സംസ്കൃതപദങ്ങളെ ഉപയോഗിക്കുന്നതുപോലെ സംസ്കൃതവിഭക്തിപ്രത്യയാന്തങ്ങളായ മലയാളപദങ്ങളെ സാഹിത്യത്തിൽ പ്രയോഗിച്ചുകൂടാ എന്നുള്ളതിന് മാർഗ്ഗദർശനം ചെയ്തതു് എഴുത്തച്ഛനാണ്. ദ്രാവിഡവിഭക്തിപ്രത്യാന്തമായ സംസ്കൃതപദവും ദ്രാവിഡപദവും കൂടിച്ചേർന്നാലേ മണിപ്രവാളമാകയുള്ളു എന്നൊരു വിധിയും അദ്ദേഹം കല്പിച്ചു.

മൂന്നാമതു് പ്രൗഢിയും അന്തസ്സും വേണമെങ്കിൽ സംസ്കൃതച്ഛന്ദസ്സിൽ കവിത എഴുതിയെങ്കിലേ സാധി

ക്കയുള്ളു എന്നും ദ്രാവിഡഭാഷയിൽ കവിതാനിർമ്മാണം ചെയ്യുന്നവർ സംസ്കൃതഛന്ദസ്സിനെ സ്പർശിക്കപോലും പാടില്ലെന്നും ഉള്ള നടപ്പ് ഇല്ലാതാക്കി.

കിളിപ്പാട്ടിന് ആ പേർ കിട്ടുവാനുണ്ടായ കാരണത്തെക്കുറിച്ച് പല അഭിപ്രായങ്ങൾ ഉണ്ട്. പ്രാചീന ഭാരതീയർ വിശ്വസിച്ചുപോരുന്ന അറംപററാതെയിരിക്കുന്നതിന് കിളിയെക്കൊണ്ടു പാടിച്ചതാവാം ഒരു പക്ഷേ സാഹിത്യത്തിൻെറ അധിഷ്ഠാനദേവതയായ സരസ്വതീദേവിയുടെ കൈയിൽ ഇരിക്കുന്ന ശുകത്തെക്കൊണ്ടുതന്നെ കഥ പറയിച്ചതാണെന്നു വരാം. ശുകബ്രഹ്മർഷിയുടെ പേരിനെ സൂചിപ്പിക്കുന്നതിനായിങ്ങനെ നാമകരണംചെയ്തിരിക്കുമോ. അതോ ഭഗവാൻ ശുകരൂപത്തിൽ ആ ഗുരുപാദർക്ക് പ്രത്യക്ഷപ്പെട്ടിരിക്കുമോ. സൗകുമാര്യവും ലാളിത്യവും സ്വരമാധുര്യവും പൈങ്കിളിക്കു കൂടുന്നതുകൊണ്ട് അതിനെക്കൊണ്ടു പാടിക്കാമെന്നു വിചാരിച്ചതായിരിക്കാനുംമതി. പുരാതനകാലംമുതൽ കവികൾ ആത്മകഥാംശത്തെ മറച്ച് പരസ്വമെന്ന നിലയിൽ കവിതാപ്രതിപാദനകൃത്യം നടത്തിവന്നു. സാലഭഞ്ജികകളെക്കൊണ്ടും കിളികളെക്കൊണ്ടും കഥപറയിച്ചിട്ടുള്ള കൃതികൾ സംസ്കൃതത്തിലും തമിഴിലും ധാരാളമാണ്. ഇവയെല്ലാം എഴുത്തഛന് പരിചിതമായിരുന്നതിനാൽ ഈ രീതിക്കു തൻെറ കവിതകളും കിളിയെക്കൊണ്ടു പറയിച്ചു എന്നു മാത്രം അർത്ഥമാക്കിയാൽമതി എന്നാണ് ആധുനിക പണ്ഡിതന്മാരുടെ അഭിപ്രായം. ഏതായാലും എഴുത്തച്ഛൻെറ പൈങ്കിളിയുടെ കളകളനാദം ലോകാവസാനംവരെ മലയാളഭാഷാസാഹിത്യത്തിൽ ശ്രുതിമധുരമായ നിലയിൽ മുഴങ്ങിക്കൊണ്ടുതന്നെ ഇരിക്കുമെന്നുള്ളതിന് സംശയമില്ല.

# മഹാഭാരതം.

—:o:—

ചന്ദ്രവംശത്തിലെ സുപ്രസിദ്ധരാജാവായിരുന്ന ശന്തനുവിന് ധൃതരാഷ്ട്രർ, പാണ്ഡു എന്ന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. ഇവരിൽ ജ്യേഷ്ഠനായ ധൃതരാഷ്ട്രർ ജാത്യന്ധനായിരുന്നതിനാൽ അനുജനായ പാണ്ഡു തന്നെ രാജ്യഭരണം നടത്തിവന്നു. ധൃതരാഷ്ട്രർക്ക് ഗാന്ധാരിയിൽ നൂറു പുത്രന്മാരും പാണ്ഡുവിന് കുന്തി, മാദ്രി എന്നീ രണ്ടു ഭാര്യമാരിലായി അഞ്ചു പുത്രന്മാരുമുണ്ടായി. ബാല്യാൽപ്രഭൃതി നൂറുപേരും പാണ്ഡവന്മാരും തമ്മിൽ വിരോധത്തിലാണ് കഴിച്ചുകൂട്ടിവന്നത്. പാണ്ഡവന്മാരെ അവരുടെ മാതാവിനോടുകൂടി നശിപ്പിക്കുന്നതിന് ദുര്യോധനാദികൾ പല കൗശലങ്ങൾ പ്രയോഗിച്ചു. ധർമ്മപുത്രരാണ് സാക്ഷാൽ രാജ്യത്തിനവകാശിയായിരുന്നതെങ്കിലും ദുര്യോധനൻ അതു സമ്മതിച്ചില്ല. ദുര്യോധനന്റെ ഹിതത്തിനു വിപരീതമായി പ്രവർത്തിക്കുന്നതിന് ധൃതരാഷ്ട്രർക്ക് ധൈര്യമുണ്ടായിരുന്നില്ലതാനും. എങ്കിലും ഭീഷ്മരുടെ സഹായത്തോടുകൂടി ലഭിച്ച പകുതിരാജ്യത്തിൽ ധർമ്മപുത്രർ രാജാവായി ഇന്ദ്രപ്രസ്ഥത്തിൽ പാർത്തു. അന്നു ധർമ്മപുത്രർ സമംഗളം നടത്തിയ രാജസൂയത്തിൽ അസൂയാലുവായി ഭവിച്ച ദുര്യോധനൻ മാതുലനായ ശകുനിയുടെ സഹായത്തോടുകൂടി കള്ളച്ചൂതു പൊരുതു് ധർമ്മപുത്രരുടെ സകല സ്വത്തുക്കളും പാണ്ഡവന്മാരുടെ പ്രിയപത്നിയായിരുന്ന പാഞ്ചാലിയെപ്പോലും അപഹരിച്ചു. പാഞ്ചാലിയെ അപമാനിക്കുന്നതിന് ദുശ്ശാസനൻ ഒരുമ്പെട്ടുവെങ്കിലും ശ്രീകൃഷ്ണന്റെ സഹായത്താൽ അതിൽനിന്നും രക്ഷപ്പെട്ടു. ഒടുവിൽ പന്ത്രണ്ടു വർഷത്തെ വനവാസവും

ഒരു വർഷത്തെ അജ്ഞാതവാസവും കഴിഞ്ഞുവന്നാൽ രാജ്യം തിരികെ കൊടുക്കാമെന്നു സമ്മതിക്കുന്നതിനുള്ള സന്മനസ്സ് ദുര്യോധനനുണ്ടായി. പാണ്ഡവന്മാർ പാഞ്ചാലിയോടുകൂടി പന്ത്രണ്ടു വർഷം കാട്ടിലും ഒരു വർഷം അജ്ഞാതവാസമായി നാട്ടിലും കഴിച്ചതിൻെറ ശേഷം തിരിയെ വന്നിട്ടും രാജ്യം കൊടുക്കുന്നതിനു ദുര്യോധനൻ വിസമ്മതിച്ചു. ശ്രീകൃഷ്ണൻെറമദ്ധ്യസ്ഥതയിൽ ഒരു വീടെങ്കിലും തന്നാൽമതിയെന്നു പാണ്ഡവന്മാർ അപേക്ഷിച്ചിട്ടും ദുര്യോധനൻ കൊടുക്കാതിരുന്നതിനാൽ ധൎമ്മിക്കട്ടെത്ത കുരുക്ഷേത്രം എന്ന സ്ഥലത്തുവച്ചു് പതിനെട്ടു ദിവസം മുടങ്ങാതെ ഒരു ഭയങ്കര യുദ്ധമുണ്ടാകുകയും ഈ യുദ്ധത്തിൽ ശ്രീകൃഷ്ണൻെറ സഹായത്തോടുകൂടി പാണ്ഡവന്മാർ ദുര്യോധനാദികളെ നിശ്ശേഷം നശിപ്പിക്കയുംചെയ്തു.

---

## ഉദ്യോഗപൎവ്വം.

—:o:—

പാണ്ഡവന്മാർ പ്രിയപത്നിയായ പാഞ്ചാലിയോടുകൂടി പന്ത്രണ്ടുവർഷത്തെ വനവാസം കഴിഞ്ഞു് അജ്ഞാതവാസം അനുഷ്ഠിക്കുന്നതിനായി വിരാടരാജ്യത്തു വന്നു താമസിക്കുകയും കീചകനെ വധിക്കുകയും മററും ചെയ്തുകഴിഞ്ഞതിൻെറ ശേഷം ഉള്ള കഥയാണു് ഉദ്യോഗപൎവ്വത്തിൽ ആരംഭിക്കുന്നതു്. ദുര്യോധനൻെറ വാഗ്ദത്തം അനുസരിച്ചു് അൎദ്ധരാജ്യം ലഭിക്കാത്തപക്ഷം യുദ്ധം ആവശ്യമായിത്തീരുമെന്നും അതിനു് ശ്രീകൃഷ്ണഭഗവാൻെറ സഹായം അൎത്ഥിക്കണമെന്നും നിശ്ചയിച്ചു് അർജ്ജുനനും, യുദ്ധം ഉണ്ടാ

കുന്നാപക്ഷം കൃഷ്ണനെ തന്റെ സഹായത്തിന്നു ക്ഷണിക്കുന്നതിനായി ദുര്യോധനനും ശ്രീകൃഷ്ണന്റെ അടുക്കൽ ചെന്നു. കൃഷ്ണന്റെ സേനാനിവഹത്തെ ദുര്യോധനനും, യുദ്ധത്തിൽ ആയുധം തൊടുകയില്ലെന്നു ശപഥംചെയ്ത ഭഗവാനെ അജ്ജുനനും സസന്തോഷം സ്വീകരിച്ചു. യുദ്ധമുണ്ടാകുന്നാപക്ഷം സംഭവിച്ചേക്കാവുന്ന ആപത്തുകളെപ്പററി അറിയാമായിരുന്ന ധൃതരാഷ്ട്രർ പുത്രവാത്സല്യത്താൽ പ്രേരിതനായി എങ്ങനെയെങ്കിലും സമരം ഉണ്ടാകാതെ കഴിക്കണമെന്നുദ്ദേശിച്ച് സഞ്ജയനെ പാണ്ഡവന്മാരുടെ അടുക്കൽ പറഞ്ഞയയ്ക്കാതെയിരുന്നില്ല. മഹാപണ്ഡിതരായ വിദുരർ അഗാധമായ തത്വോപദേശങ്ങൾകൊണ്ടു് ധൂത്തനായ ദുര്യോധനനെ യുദ്ധോദ്യമത്തിൽനിന്ന് പിന്തിരിപ്പാൻ ശ്രമിച്ചെങ്കിലും അതു വിഫലമായിത്തന്നെ പരിണമിക്കയാണു് ചെയ്തതു്. സാക്ഷാൽ രാജ്യാവകാശി താനാണെങ്കിലും ബന്ധുക്കളേയും ഗുരുക്കന്മാരേയും നശിപ്പിച്ച് രാജ്യഭരണംചെയ്യുന്നതിനുള്ള വൈമുഖ്യംകൊണ്ടു് അഞ്ചുപേക്കുംകൂടി ഒററ വീടെങ്കിലും തന്നാൽമതിയെന്നു കൃഷ്ണനെക്കൊണ്ടു് പരമസാത്വികനായ ധർമ്മപുത്രർ ദുര്യോധനാദികളോടു പറയിച്ചു. ദൗത്യത്തിന്നു ചെന്ന ഭഗവാനെ അപഹസിക്കണമെന്നു വിചാരിച്ച ദുര്യോധനാദികൾക്കു് ഭഗവാൻ വിശ്വരൂപത്തെ കാണിച്ചുകൊടുത്തു് തന്റെ മാഹാത്മ്യം മനസ്സിലാക്കി. ഇങ്ങനെ ശ്രീകൃഷ്ണന്റെ മാദ്ധ്യസ്ഥതയിൽ കാര്യം തീരാതെയായപ്പോൾ യുദ്ധത്തിന്നുള്ള ഉദ്യോഗം ഇരുകൂട്ടരും തുടങ്ങിയതുവരെയുള്ള കഥയാണു് ഈ പർവ്വത്തിൽ വിവരിച്ചിരിക്കുന്നതു്.

വൃത്തം—കേക.

## മഹാഭാരതം.

# ഉദ്യോഗപർവ്വം.

ഓരോരോകഥകൾനീ, ചൊന്നതു, കേൾക്കുന്തോറു-
മാരോമൽ കിളിപ്പെണ്ണേ, പാരമുണ്ടാനന്ദമോ
വീരന്മാരായ പാണ്ഡുജാതന്മാരെന്തുപിന്നെ
ധീരതയോടു ചെയ്തതൊക്കെ നീ പറയണം.
ഒക്കവേ പറവതിനൊട്ടുമേ കാലം പോരാ
സല്ക്കഥയല്ലോയെന്നാലൊട്ടൊട്ടു പറഞ്ഞിടാം
ധർമ്മജാദികളുടെ വാർത്ത കേട്ടെഴുന്നള്ളി
നിർമ്മലൻ നിഖിലലോകൈകനായകൻ കൃഷ്ണൻ.
കാൽത്തളിരിണയുള്ളിൽ ചേർത്തുകൊണ്ടിരിപ്പവ-
ക്കാർത്തികളശേഷവും തീർത്തു മംഗലം നൽകി-
കാത്തുകൊണ്ടവിരതം കാൽത്തളിരിണയോടു
ചേർത്തുകൊള്ളുന്ന വിഷ്ണുമൂർത്തിതാൻ മനുഷ്യനായ്
ധാത്രിതൻ ഭാരം തീർപ്പാൻ ധാത്രിയിൽ പിറന്നവൻ
നേത്രഗോചരനായിട്ടാസ്ഥയാ പാണ്ഡവന്മാർ
പാർത്തുനിന്നെതിരേററു പാദ്യവും നൽകിപ്പിന്നെ
ഗാത്രങ്ങൾതോറും നന്നായ് ചേർത്തു സന്താപം തീർത്തു,
മാർത്താണ്ഡൻതന്നെക്കണ്ട പത്മങ്ങളെന്നപോലെ
പാർത്ഥന്മാരുടെമുഖമേററവും തെളിഞ്ഞുതേ
ശ്രോത്രവും കുളുർത്തിതങ്ങന്യോന്യ സല്ലാപത്താൽ
വാസ്തവമായിട്ടുള്ള വാർത്തയും കേട്ടശേഷം

പാൎത്ഥന്മാർ പാഞ്ചാലനും മാത്സ്യനും മുകുന്ദനും
പേൎത്തുമങ്ങൊരോകാൎയ്യം പാൎത്തുപാൎത്തെല്ലാരുമായ്
പേൎത്തുകല്പിച്ചാരിനി പാൎത്ഥിരിയാതെകണ്ടു
പാൎത്തലംതന്നിൽനമ്മേക്കുറുള്ളോരറിയേണം.
ബന്ധുഭൂപാലന്മാരോടവസ്ഥയറിയിപ്പാൻ
കുന്തീനന്ദനൻ ദൂതന്മാരേയുമയച്ചുതേ.
സന്തതം ചിന്തിപ്പവർ സന്താപംകളയുന്ന
ബന്ധുവാംകൃഷ്ണൻതാനും ദ്വാരകയ്ക്കെഴുന്നെള്ളി:—

മാൎത്താണ്ഡാത്മജസ്വതൻ തമ്പിമാരോടുംകൂടി
പേൎത്തുചിന്തിച്ചനേരം തോന്നീതങ്ങൊരുകാൎയ്യം.
ധാൎത്തരാഷ്ട്രന്മാരോടു പോർതുടങ്ങുകിൽ കൃഷ്ണ-
മൂൎത്തിയെ നമുക്കൊരു ബന്ധുവായ്‌വരിക്കണം.
ധാൎത്തരാഷ്ട്രനുമോൎത്താനക്കാലമെനിക്കിപ്പോൾ
പാൎത്ഥന്മാരോടു യുദ്ധം വേണ്ടുകിൽ കൃഷ്ണൻതന്നെ
പാൎത്ഥിരിയാതെമുമ്പേ ബന്ധുവായ്ക്കൊൾകവേണം.
പാൎത്ഥിവേന്ദ്രന്മാരോൎത്തറിഞ്ഞു കൃഷ്ണൻമുമ്പേ
ധാൎത്തരാഷ്ട്രനുംവരും പാൎത്ഥനും വരുമിപ്പോ-
ളാസ്ഥയാ പടയ്ക്കൂന്നെക്കൊണ്ടുപോവതിന്നതിൽ
അൎജ്ജുനൻ വരുംമുമ്പേ വന്നീടും സുയോധന-
നിൎജ്ജനത്തിനുകൂടിപ്പോമെന്നും വരുമല്ലോ
ദ്വാരം മുമ്പിൻക്ഷണിക്കുന്നവരോടുകൂടി
ഭോജനത്തിന്നും പ്രശ്നത്തിനുമെന്നുണ്ടല്ലോ
ഭക്തന്മാരുടെ മറുപുറത്തു പോകെന്നതു
മെത്രയും മടിയാകുമതിന്നുണ്ടുപായവും
മുമ്പിലേ സുയോധനൻ കണ്ടുചൊല്ലരുതെന്നോ-
ന്നമ്പർകോൻ നിദ്രാഗ്രഹം പ്രാപിച്ചാനതുനേരം

രാജസിംഹാസനവും തലയ്ക്കൽ വെപ്പിച്ചുടൻ
വ്യാജനിദ്രയുംപൂണ്ടു കിടന്നു ഭഗവാനും
അന്നേരം നാഗദ്ധ്വജൻ വന്നു ചോദിച്ചാനല്ലോ
നിന്നൊരു കൃഷ്ണഭൃത്യന്മാരൊടു കനിവോടെ
മാധവനെവിടത്തു ചൊല്ലുകെന്നതുനേരം
നാഥനും പള്ളിക്കുറുപ്പെന്നാവരുരചെയ്താർ
ധാർത്തരാഷ്ട്രനമഹോ നിദ്രവേലയോ കൃഷ്ണ
നോർത്തിരുന്നിതുമുന്നേ ഞാനിതെന്നുരചെയ്താർ
എങ്കിലും നമുക്കങ്ങു ചെല്ലരുതെന്നില്ലല്ലോ
ശങ്കിതനല്ലല്ലോ ഞാനെന്നാവനകംപുക്കാൻ
ഞാനത്രെ മുമ്പിൽവന്നതെന്നതോ വന്നതല്ലോ
നൂനമെന്നോടുകൂടിപ്പോരികെന്നതേവരൂ
നിദ്രയ്ക്കു ഭംഗം വരുത്തീടരുതെന്നോർത്തു
ഭദ്രമാം സിംഹാസനംപുക്കിതുസുയോധനൻ
അപ്പൊഴുതമരേന്ദ്രപുത്രനും വന്നാനല്ലോ
വിഭ്രമത്തോടുചോദിച്ചീടിനാൻ പാർത്ഥൻതാനും
ഉൾപ്പൂവിൽവിളങ്ങുമെൻ ചിൽപ്പുമാനെങ്ങുചൊൽവി-
നല്ലലേക്ഷൺഭൃത്യന്മാരവനോടുചൊന്നാർ.
ലോകനായകൻ പള്ളിക്കുറുപ്പുകൊള്ളുന്നിതു
നാഗകേതനൻ പള്ളിയറയിലുണ്ടുതാനും
എന്നതുകേട്ടു പള്ളിയറയിൽ പുക്കു പാർത്ഥൻ
വന്ദിച്ചുതൃക്കാൽക്കൽ നിന്നീടിനാൻ ഭക്തിയോടെ
ജൃംഭിതഭാവത്തോടു മെല്ലവേയുണർന്നിട്ടു
ജംഭാരിപുത്രന്റെ മുഖത്തുടനേ തൃക്കൺപാർത്തു
വന്നിതോ ഭവാനൊട്ടുമുന്നമേ ഞാനൊ നിദ്ര
വന്നതുകൊണ്ടുബോധം മറന്നേനെന്നു നാഥൻ
മന്ദഹാസവും പൂണ്ടു മന്ദമായരുൾചെയ്താ,
നിന്ദ്രനന്ദനൻതാനും കണ്ണുകൊണ്ടുണർത്തിച്ചാൻ

ജ്യേഷ്ഠനുമനുജനും കൂടിയുള്ളതുനേരം
ജ്യേഷ്ഠനോടല്ലോ മുൻപിലരുൾചെയ്യേണ്ടൂ നൂനം
ഉപധാനത്തിന്മേൽ തൻമുഴംകയ്യൂന്നിത്തിരി
ഞ്ഞു പര്യങ്കം വാഴും നൃപനോടരുൾചെയ്തു
കഷ്ടംഞാനുറങ്ങിയാലേതുമൊന്നറിയുന്നീ
ലൊട്ടുമുന്നമേ ഭവാൻ വന്നിതോ ശിവശിവ!
ഇഷ്ടന്മാരായുള്ളവർക്കൊണ്ണത്താമെന്നുള്ളപ്പോ
ളൊട്ടുമാകാഞ്ഞു ഭവാനിളക്കാതിരുന്നതും
എത്രയുമഴകതിനൊത്തുവന്നതുമിനി
സ്നിഗ്ദ്ധന്മാരായി നിങ്ങൾതമ്മിൽ കൈപിടിക്കേണം
അന്യോന്യമാശ്ലേഷംചെയ്തൊന്നിച്ചുവസിക്കേണ
മെന്നെല്ലാം നിനച്ചല്ലീ നിങ്ങളൊന്നിച്ചുവന്നു?
ഒന്നുമേയറിയാതെ ചൊന്നതെന്തെന്നു ഭാവി-
ച്ചന്നേരം ധൃതരാഷ്ട്രനന്ദനനുരചെയ്താൻ
വന്നിതുപടയ്ക്കുപോരേണമെന്നതിനിപ്പോ
ളെന്നോടുകൂടിപ്പോന്നേമതിയാവിതു, ഞാനോ
മുന്നേവന്നിരിക്കുന്നതെന്നതുംകേട്ടു നാഥൻ
എന്നോ കല്പിച്ചതെങ്കിലങ്ങിനെയാകേവേണ്ടു
എന്നരുൾചെയ്തശേഷം പിന്നയുമൊന്നുചൊന്നാൻ
മുന്നിൽ ഞാൻകണ്ടു പാർത്ഥൻതന്നെയെന്നറിയേണം
മുന്നേവന്നതും ഭവാനെന്നതു നൂനമല്ലോ
എന്നതുകൊണ്ടുമൊരുഭേദമില്ലെനിക്കേതും
മന്നവന്മാരേ! ഞാനുണ്ടൊന്നു ചൊല്ലുന്നതിപ്പോ
ളെന്നതുകേട്ടു ചിന്തിച്ചൊത്തതു ചെയ്കനിങ്ങൾ
മത്സരാദികളെനിക്കില്ലെന്നോ സിദ്ധമല്ലോ.
മത്സമന്മാരാംനാരായണഗോപാലന്മാരും
സേനാനീസമനായ സേനാനി ഭോജനുതാനും
സേനയുമൊരുത്തനും ഞാനേകനൊരുത്തനും

എല്ലാരുമൊക്കം നിങ്ങളെനിക്കു നൃപന്മാരേ!
നല്ലതുവരുവാനേ താല്പരിയവുമുള്ളു
വല്ലവരോടുംക്രൂടി പോരാമെന്നിരിക്കിലും
വല്ലഭമോടു യുദ്ധംചെയ്യു ഞാനില്ലതാനും
ചൊല്ലുവാനസംഖ്യമായുള്ളൊരു പടയുള്ള
തെല്ലാരുംപോരുമവരൊരുത്തരോടുംക്രൂടി
അൻപൊടു രണ്ടുജനമൊരിക്കൽ വരികുമ്പോൾ
മുൻപിനാലിളയവൻ വേണമെന്നുണ്ടു ഞായം
കല്യാണാലയനായ കാരുണ്യമൂത്തിതന്നെ
കല്യാണം വരുമാറു കൈക്കൊണ്ടു ധനഞ്ജയൻ
മല്ലാരി നിരായുധനെന്നോത്തു സുയോധനൻ
ചൊല്ലിനാനെങ്കിൽ പടയെല്ലാമിങ്ങിനിക്കെന്നും
വല്ലവത്തരുണിമാർവല്ലഭൻ ചിരിച്ചുടൻ
നല്ലസാമത്ഥ്യമിതു, ചൊല്ലിയപോലെയെന്നാൻ
ജിഷ്ണുനന്ദനനായ ജിഷ്ണുവിനോടുംക്രൂടി
വിഷ്ണുകൈവല്യമൂത്തി, വൃഷ്ണികൾകുലജാതൻ
കൃഷ്ണനന്മെഴുന്നള്ളി ധമ്മജൻ തന്നെക്കണ്ടു
കൃഷ്ണയും പാണ്ഡവരുമതിനാലാനന്ദിച്ചാർ

ഗാന്ധാരീതനയനും ദൂതരെയയച്ചിതു
ബാന്ധവമേറെയുള്ള മന്നവർനാടുതോറും
ധമ്മജാതികൾക്കെല്ലാമമ്മാമനായ ശല്യർ
ധമ്മത്തിൽ പിഴയായ്‌വാൻ തന്മതമല്ലെങ്കിലും
സമ്മതമില്ലാതൊരു പന്നഗദ്ധ്വജനോടു
സമ്മാനം വാങ്ങുകയാൽ നൂറുവർ ക്രൂട്ടത്തിലായ്.
ശല്യരും ധമ്മാത്മജൻ തന്നെക്കണ്ടുരചെയ്തു
വല്ലാതെ വൈരികൾക്കു ബന്ധുവായ് ചമഞ്ഞു ഞാൻ

ചൊല്ലിക്കൊള്ളുക വരം വേണ്ടുന്നതിനിയെന്നാൽ,
ചൊല്ലിനാൻ മാദ്രേശനോടന്നേരം ധർമ്മാത്മജൻ
ഇല്ലൊരു ഖേദമിനിയ്ക്കൊന്നിനുമെന്നാകിലും
ചൊല്ലെഴും കണ്ണൻവന്നു പാർത്ഥനോടെതിർക്കുമ്പോൾ
തേർവിട്ടുന്നാകിൽ ഭവാൻ കണ്ണനെ പഴിച്ചുട-
നാവോളം പറയേണമെന്നതേവേണ്ടതുള്ളു
ഏകിലങ്ങിനെതന്നെയെന്നുരചെയ്തു ശല്യർ.
തൻകഴൽകുപ്പിയാത്രയയച്ചു ധർമ്മാത്മജൻ
വിപ്രമാമുനിവേദവ്യാസനുമെഴുന്നള്ളി
വിഭ്രമംപോവാൻ ഭീഷ്മരാദികൾകേൾക്കച്ചൊന്നാൻ
അനർത്ഥം കളവാനായ് നിനപ്പിനെല്ലാവരും
മനക്കാമ്പതിലിപ്പോളെനിക്കുണ്ടൊന്നുതോന്നി
ധർമ്മചിത്തന്മാരായ ധർമ്മജാദികൾതന്നെ
സമ്മാനിച്ചവർനാട്ടുപാതിയും കൊടുക്കിലേ
നന്മവന്നീടു നാശം വന്നീടുമല്ലയായ്കി-
ലന്മൂലനാശംവരും ധാർത്തരാഷ്ട്രന്മാർക്കെല്ലാം
ഇത്ഥം വ്യാസോക്തികേട്ടു ധൃഷ്ടനാം ധൃതരാഷ്ട്ര
പുത്രനുമർദ്ധരാജ്യം കൊടുക്കയില്ലയെന്നാൻ
എന്നതുകേട്ടു മുനിശ്രേഷ്ഠനുമെഴുന്നള്ളി
വന്നീടുമത്രകർമ്മഫലമെന്നുരയ്ക്കയാൽ.
അക്കാലം ദ്രുപദോപാദ്ധ്യായനുമജാതശത്രു
ക്ഷിതീശാജ്ഞയാലെഹസ്തിനപുരംപുക്കാൻ
മദ്ധ്യഭേദോക്തി ധൃതരാഷ്ട്രർതാനറിഞ്ഞിട്ടു
ധിക്കാരത്തോടു പറഞ്ഞയച്ചാരനന്തരം
പാഞ്ചാലപുരോഹിതൻ പാണ്ഡവന്മാരോടങ്ങുള്ള
വാഞ്ഛിതങ്ങളും വൃത്താന്തങ്ങളുമറിയിച്ചാൻ

വിപ്രരെയവമാനംതുടങ്ങി ഭൂപാലനു
മപ്പൊഴുതധഃപതനത്തിനുകാലംവന്നു
പാത്തിരിയാതെ പടക്രൂട്ടുക വേണ്ടു തവ
കീത്തിയും ജയവുമുണ്ടായ്‌വരും നാട്ടിക്കിട്ടും
സുജ്ഞാനമുള്ളിലേറ്റം യജ്ഞസേനോപാദ്ധ്യായൻ
വിജ്ഞാനിനൃപന്തന്നോടജ്ഞാനരഹിതമാം
വാക്കുകളരുൾചെയ്തു കാലദേശാവസ്ഥയും
ഭാഗ്യകാലവും ജയലഗ്നവുമരുൾചെയ്താൻ

സഞ്ജയൻ തന്നോടപ്പോളംബികാസുതൻ ചൊന്നാ-
നഞ്ജസാചെന്നുധമ്മനന്ദനനോടു ചൊൽനീ
സൽഗ്ഗുണനിധേ! സൂത! തൽഗ്ഗുണം പ്രശംസിച്ചു
നിഗ്ഗുണത്തിങ്കലാക്കി രാജ്യം നീ നീക്കൊള്ളണം
പോരിനുതുടങ്ങാതെ പോയ്‌വനവാസംചെയ്തു
പാരാതെഗതിവരുത്തീടുകയിനിനല്ലു
ആചായ്യഭൃത്യന്മാരിലാധികളുണ്ടാംവണ്ണ-
മാചാരമുള്ള ജനം വത്തിക്കമാറില്ലല്ലോ
എന്നുചൊല്ലെന്നുകേട്ടു സഞ്ജയൻ പുറപ്പെട്ടു
മന്നവൻ ധമ്മാത്മജൻതന്നെയും വന്നുകണ്ടു
പാത്ഥിവനതുനേരം സഞ്ജയനോടു ചൊന്നാൻ
വാത്തകളെന്തോന്നുള്ളു വാസ്തവം പറകെടോ
അംബികാതനയനു സൌഖ്യമോ ഗാന്ധാരിക്കും
നന്മയൊ ഭീഷ്മ ദ്രോണ വിദുരാദികൾക്കെല്ലാം?
എന്തെല്ലാം ചൊല്ലിവിട്ടതെന്നെല്ലാം ചോദിച്ചപ്പോൾ
കുന്തീനന്ദനനോടു സഞ്ജയൻ താനും ചൊന്നാൻ
സ്വൈരമായ്‌വസിക്കുന്നിതെല്ലാരുമിനിമേലിൽ
സ്വൈരമായ്‌വരുവതിനാഗ്രഹമുണ്ടുതാനും
സൂരികൾമുമ്പനായ സൂതൻ ചൊന്നതുകേട്ടു
സൂയ്യജതനയനാം ഭൂപനുമുരചെയ്തു

സൈപരമെൻ ജനകനു ഞാൻതന്നെ വരുത്തേണം
സൈപരക്കേടുണ്ടിങ്ങതിനെത്തായ്ക്കനിമിത്തമായ്
സന്ന്യസിക്കേണം ഞങ്ങളെങ്കിലെ സുഖംവരൂ
മന്നവനുള്ളിലെന്നു ഞാനറിഞ്ഞിരിക്കുന്നു
എന്നതുചൊൽവാനല്ലീ വന്നതു ഭവാനിപ്പോൾ
മന്നവൻ നിയോഗത്താലെന്നു ശങ്കിക്കുന്നേൻ ഞാൻ
വൈഷമ്യമതിനുണ്ടു രാജസൂയംചെയ്തേൻ ഞാൻ
ദോഷമുണ്ടഗ്നിത്യാഗം ചെയ്താലുമെന്നു കേൾപ്പൂ
എന്നാലും ഞാനോ ചെയ്യാം സന്ന്യാസമെന്നാകിലും
പിന്നെയും വൈഷമ്യമുണ്ടെന്തതെന്നുരചെയ്യാം
ഞാൻതന്നെ സന്ന്യസിച്ചാൽ തത്തന്നുപോരായല്ലോ
കൌന്തേയൻ ഭീമൻകൂടെ സന്ന്യസിക്കിലേപോരൂ
എന്നതിന്നഷ്ടഗ്രാസി സന്ന്യാസി ഭീമസേന-
നിന്നുള്ള ജനങ്ങളിലെത്രയും ബഹുഭോക്താ
ഇന്ദ്രപുത്രാദികളുമിന്ദ്രിയ വശഗന്മാ-
രെന്നതിൽ പാരമുണ്ടു പിന്നെയുമൊരുദണ്ഡം
ശൂദ്രനാം വിദുരരും കൂടെ സന്ന്യസിക്കേണം
രൌദ്രകർമ്മങ്ങളിത്ഥം ചെയ്കിലും മതിവരാ
എന്നിവനിരൂപിച്ചു ഞാനിവചെയ്യായിന്നു
പിന്നെയും ചൊല്ലേന്തൊന്നു ചൊല്ലിവിട്ടിതു താതൻ
ചൊല്ലിവിട്ടവസ്ഥകളെല്ലാമേ കേൾക്കയെങ്കിൽ
നല്ലതു നിങ്ങൾക്കിന്നും കാനനവാസന്തന്നെ
പാതകഹരങ്ങളാം തീർത്ഥങ്ങളാടിക്കൊൾക
പാതിനാടിനിക്കിട്ടുമെന്നതു മോഹിക്കേണ്ടാ
സഞ്ജയൻ പറഞ്ഞതുകേട്ടു ധർമ്മജൻ ചൊന്നാൻ
മംഗളമായ വാക്കുകേട്ടുള്ളിൽ സുഖം വന്നു
അർദ്ധരാജ്യത്തിൽക്കൊതിയില്ലെനിക്കൊന്നുകൊണ്ടും
യുദ്ധംചെയ്തൊരുപുറമൊട്ടുങ്ങിശ്ശേഷിച്ചവർ

പാരിതു പരിപാലിച്ചീടുകെന്നാതേ വരൂ
പാരാതെയങ്ങുചെന്നു സഞ്ജയാ! പറഞ്ഞാലും
ധമ്മജൻ പറഞ്ഞതുകേട്ടു സഞ്ജയൻചൊന്നാൻ
നന്മവന്നീടുംനാളേ നല്ലതു തോന്നിക്കൂടു
ധാത്തരാഷ്ട്രരും ഭീഷ്മദ്രോണകണ്ണാദികളും
പോത്തലന്മാരായ മററുള്ള ബന്ധുക്കളും
ഒക്കവേ മരിച്ചു നീ നാടു വാണിരിക്കുംനാ-
ളുൾക്കാമ്പിലുള്ള സുഖമെന്തൊന്നു പറഞ്ഞാലും
ചിന്തിക്ക രാജ്യം ലഭിച്ചീടിനാലുള്ള ഫലം
ബന്ധുക്കളുടെ സൌഖ്യം വന്നുകൂടുകയത്രെ
പിന്നെയും ജരാനരശോകങ്ങൾ വന്നുവന്നു
മന്നവ! മരിച്ചുപോകെന്നി മറെറന്തൊന്നുള്ളൂ
ധമ്മജനതുകേട്ടു മന്ദഹാസവുംപൂണ്ടു
സന്മാൎഗ്ഗമറിഞ്ഞൊരു സഞ്ജയനോടു ചൊന്നാൻ
പാടവംപാരമുണ്ടു വാക്കിനു നിനക്കെടോ
മൂഢൻഞാൻ വക്രോക്തികളറിയപ്പോകായ്കിലും
വെള്ളയിൽ പറഞ്ഞൊരു നിമ്മലവാക്കു തന്റെ
യുള്ളിൽ നീ സംഗ്രഹിച്ചോരത്ഥമൊട്ടറിഞ്ഞു ഞാൻ
കേൾക്ക സഞ്ജയ!യെങ്കിലുമുള്ള ഭീഷ്മാദികൾ
പോൎക്കളംതന്നിൽ വീണു മരിക്കും മടിയാതെ
അന്ധനാം നരപതിനന്ദനൻ തനിക്കുള്ളി-
ലന്ധകാരങ്ങളേതും പോയതില്ലെന്നുവന്നു
ദേവകീദേവിപെററ ദേവകൾദേവൻ വാസു-
ദേവനാം കൃഷ്ണൻ തുണയുണ്ടെനിക്കറിഞ്ഞാലും
അന്നേരം മുകുന്ദനും സഞ്ജയനോടു ചൊന്നാ-
നന്നന്നു കൂട്ടംകൂടീട്ടെന്തൊരു കാൎയ്യമിതിൽ
ഞാൻ തുണ പാണ്ഡവൎക്കുണ്ടിങ്ങു നാശം തീൎപ്പാൻ
ഗാന്ധാരീസുതന്മാരും ബന്ധുവൎഗ്ഗവുമെല്ലാം

DEFINITORY T.O.C. LIBRARY. 1311

കാലൻെറ പുരിപുക്കു കളിച്ചു വസിച്ചീടും
കാലംവൈകാതെചെന്നു സഞ്ജയ! പറഞ്ഞാലും
ചൊല്ലുവനെല്ലാമെങ്കിൽ പോകുന്നേനിനിയെന്നു
മെല്ലവേ യാത്രചൊല്ലി നടന്നാനവൻതാനും
സഞ്ജയൻ നൃപനോടു നാളെഞാൻ ചൊൽവനെല്ലം
കഞ്ജലോചനനരുൾചെയ്തതുമെന്നാനവൻ.

ചിന്തിച്ചു ധൃതരാഷ്ട്രർ വിദുരർതന്നെനോക്കി
വെന്തുരുകുന്നു ചിത്തം നിദ്രയില്ലേതുമെന്നാൽ
നല്ലതു ചൊല്ലീടണം നിന്നുടെ വാക്കുകേട്ടാ-
ലല്ലലുണ്ടാകയില്ല ചിന്തയുമില്ലാതെയാം
നിദ്രയില്ലായ്കകൊണ്ടു സങ്കടം പാരമുണ്ടു
ഭദ്രമെന്തതിനെന്നു ചിന്തിച്ചു ചൊല്ലേണം നീ
വിദുരരതുകേട്ടു മനസി നിരൂപിച്ചു
മതിമാനായ നരപതിയോടുരചെയ്തു
ബലവാൻ തന്നാലഭിയുക്തനായ് ചമഞ്ഞൊരു
ബലഹീനനുംവൃത്തിസാധനവിഹീനനും
ഏതദ്രവ്യനുമതികാമികനും തസ്കരനും
ക്ഷിതിനായക! നിദ്രയില്ലെന്നു കേൾപ്പുഞാനോ
ഇങ്ങനെയുള്ള ദോഷമൊന്നുമില്ലല്ലോഭവാ
നെങ്ങനെ ചിന്നെപ്രജാഗരത്തിന്നവകാശം
പരദ്രവ്യത്തെത്തനിക്കടക്കിക്കൊൾവാനുള്ളിൽ
പെരുത്തമോഹമുണ്ടായ്വരികകൊണ്ടല്ലല്ലീ?
വിശപ്പത്തെയടക്കിരക്ഷിച്ചുവാണീടുവാനായ്
നിശ്ശേഷതരരാജലക്ഷണസമ്പന്നനാം
ധർമ്മനന്ദനനോടു നീയുംനിൻപുത്രന്മാരും
നിർമൂലംവിപരീതമായതുനിരൂപിച്ചാൽ

ഭാഗ്യമില്ലായ്കതവകേവലമതുമിഹ
യോഗ്യമെന്നറിവുള്ളോർക്കാർക്കുമേതോന്നീലല്ലോ
താതനെന്നൊരു ഭക്തിബഹുമാനസ്നേഹങ്ങൾ
ചേതസിസദാകാലമുണ്ടാകനിമിത്തമായ്
എന്തെല്ലാം ദുഃഖമനുഭവിച്ചീടുന്നുനിത്യം
കുന്തീനന്ദനനായുള്ള ധർമ്മജൻ ഗുരുഭക്തൻ
ജ്ഞാനവും തിതിക്ഷയും ധർമ്മവും വാക്ശാന്തിയും
ദാനവുമിത്യാദികളാകിയഗുണമൊന്നും
ഇല്ലാതസുയോധനകർണ്ണസൗബലാദികൾ
ക്കല്ലോനീരാജൈശ്വര്യം കൊടുത്തു ഭോഗത്തിനായ്
ഒരുവംശത്തിങ്കൽനിന്നുണ്ടായ ജനങ്ങളിൽ
പെരികെ ഗുണവാന്മാർ ചിലർ ദുഷ്ടന്മാർ ചിലർ
എന്നുണ്ടോവരുന്നതെന്നോർക്കേണ്ട ഭവാനതി
നൊന്നുണ്ടുപറയുന്നു ഞാനുമിന്നുപമയായ്
തക്ഷന്മാർ വനഭുവി ചെന്നുടൻനോക്കിയൊരു
വൃക്ഷത്തെ വെട്ടിക്കീറച്ചതിനേക്കൊണ്ടുതന്നെ
കട്ടോടം മരക്കൊട്ട തോണിയുമുലക്കയു
മൊട്ടേടംകൊണ്ടുയാഗപാത്രങ്ങളായ് മേവീടും
സ്രുവവും ജുഹുവുമിത്യാദികൾ പണിചെയ്യും
നൃവരശിഖാമണേ! കേട്ടാലുമതുപോലെ
ഒരുവൻതന്റെ പുത്രന്മാരായിട്ടുണ്ടായ്വന്ന
പുരുഷന്മാരും വരുമീവണ്ണമറികനീ
അത്യർത്ഥംപ്രശസ്തങ്ങളായവ സേവിച്ചീടും
നിത്യവും നിന്ദിതങ്ങളായവ വർജ്ജിച്ചീടും
അശ്രദ്ധാനനല്ല നാസ്തികത്വവുമില്ല
വിദ്വാനാകുന്നതവൻ പണ്ഡിതശ്രേഷ്ഠനല്ലോ
ക്രോധദർപ്പാദിഹർഷസ്തംഭലജ്ജാദികളാ
ലേതുമേ വിഘ്നം കാര്യസാദ്ധ്യത്തിനുണ്ടാകാതെ

സ്വച്ഛമാമാത്മാവോട്ട മാന്യമാനിത്വം കൊണ്ടു
നിശ്ചലനാകുന്നവൻ പണ്ഡിതശ്രേഷ്ഠനല്ലോ
ശീതോഷ്ണഭയരതി സമൃദ്ധി ദാരിദ്ര്യാദി
ഹേതുനാകൃത്യത്തിനു വിഘ്നത്തെവരുത്താതെ
നിത്യവും കർത്തവ്യാനുഷ്ഠാനം ചെയ്തീടുന്നവൻ
വിദ്വാനെന്നെത്രയുമവൻ പണ്ഡിതശ്രേഷ്ഠനല്ലോ
നഷ്ടമായതു ചിന്തിച്ചേതുമേ ദുഃഖിയാതെ
തുഷ്ടനായപ്രാപ്യമായതു കാമിയാതെ
ആപത്തുവരുംകാലമേതുമേ മോഹിയാതെ
താപത്തെ ത്യജിപ്പവൻ പണ്ഡിതശ്രേഷ്ഠനല്ലോ
കാലത്തെ നിരൂപിച്ചു കല്പിച്ചു നിശ്ചയിച്ചോ-
രാലസ്യം മദ്ധ്യേതുടങ്ങീടാതെ കർമ്മം ചെയ്തു
കാലവുമവന്ധ്യമാക്കിക്കൊണ്ടുവശ്യാത്മാവാ-
യാലിച്ചു പുരുഷാർത്ഥം വാണീടുന്നവൻവിദ്വാൻ
അന്യായകർമ്മം വാചാമനസാ ചെയ്യാതെക
ണ്ടന്യേഷാംഹിതത്തിങ്കലീർഷ്യയുമുണ്ടാകാതെ
ആര്യകർമ്മണാ രഞ്ജിച്ചേറിയ സത്കർമ്മണാ
ധീരനായിരിപ്പവൻ പണ്ഡിതശ്രേഷ്ഠനല്ലോ
സമ്മാനത്തിങ്കലുള്ളിൽ സമ്മോദമുണ്ടാകാതെ
നിർമ്മൂലമവമാനത്തിങ്കലും ഖേദിയാതെ
അക്ഷോഭ്യനായിഗംഗതന്നിലേഹ്രദംപോലെ
രക്ഷിച്ചു ധർമ്മത്തെയും വാണീടുന്നവൻ വിദ്വാൻ
സംപ്രവൃത്തോക്തിമാനായ് വിചിത്രകഥനമായ്
സന്മൃതിമാനവാനായ് ശുദ്ധോക്തിവക്താവുമായ്
ഊഹാപോഹാദികളിൽ ചതുരഹൃദയനായ്
മാഹാത്മ്യത്തോടു വാണീടുന്നവൻ മഹാവിദ്വാൻ
സകലഭൂതങ്ങൾക്കുമെത്രയും മനോജ്ഞനായ്
സകലകർമ്മങ്ങൾക്കുമുചിതയോഗ്യജ്ഞനായ്

സകല പുരുഷരിൽവച്ചുപായജ്ഞനമായ്
സകല വിജ്ഞാനിയായുള്ളവൻ മഹാവിദ്വാൻ
പ്രജ്ഞാനുഗതമായ വിശ്രുതമുണ്ടുപിന്നെ
പ്രജ്ഞയും ശ്രുതാനുഗയാംവണ്ണമുണ്ടുതാനും
അസംഭിന്നാൎയ്യജനമൎയ്യാദയോടും നിത്യ
മസ്നിഗ്ദ്ധാത്മാവായുള്ളവൻ മഹാവിദ്വാൻ.
അൎത്ഥമാകിലും ബലാലൈശ്വൎയ്യമെന്നാകിലും
വിദ്യയാകിലും തനിക്കേറിയൊന്നുണ്ടായ്വന്നാൽ
എത്രയും വിനീതനായസമുന്നദ്ധനായ
വിദ്വാനു സമനായിട്ടില്ല വിദ്വാന്മാരാരും.
അശ്രാന്തോ ദരിദ്രനായുള്ളവൻ മഹാമന-
സ്സ്രുതനായുള്ളവനത്യൎത്ഥം സമുന്നദ്ധൻ.
അൎത്ഥാശപാരം പ്രവൎത്തിക്കയില്ലേതും താനു
മെത്രയും മൂഢനവനെന്നല്ലോ ബുധമതം
അർത്ഥത്തെത്തനിക്കുള്ളതഴിച്ചു പരാൎത്ഥമായ്
മിത്രാർത്ഥമ്മിത്ഥ്യാചാരം ചെയ്തീടുന്നവൻ മൂഢൻ
തന്നെക്കാമിച്ചിടാത നാരിയെക്കാമിക്കയും
തന്നെക്കാമിച്ചവളെത്താൻ പരിത്യജിക്കയും
തന്നേക്കാൾ ബലവാനോടേറെമത്സരിക്കയും
തന്നത്താനറിയാതെ ചെയ്തീടുന്നവൻ മൂഢൻ
മിത്രത്തെ ദ്വേഷിപ്പാനായമിത്രം മിത്രമാക്കി
പ്രത്യഹം ദുഷ്ടകൎമ്മം ചെയ്തീടുന്നവൻ മൂഢൻ
ഉൾപ്പൂവിൽകൃത്യങ്ങളെ സ്സംശയിച്ചനുദിനം
ക്ഷിപ്രാർത്ഥം കൎമ്മം ചിരാൽ ചെയ്തീടുന്നവൻ മൂഢൻ
അന്യമന്ദിരത്തിങ്കൽ ചൊല്ലാതെ ചെല്ലുകയും
തന്നോട്ടു ചോദിയാതെ താനേറെപ്പറകയും
ഉദ്ധതനായുള്ളവൻ തന്നെ വിശ്വസിക്കയും
ബദ്ധമോദേന ചെയ്തീടുന്നവൻ മഹാമൂഢൻ

അന്യദോഷങ്ങൾ പറഞ്ഞേററവുമാക്ഷേപിക്കം
തന്നുടെ വത്തമാനമവ്വണ്ണംതന്നൊതാനും
പിന്നെത്താനൊരുവന്ന മീശനല്ലാതെയുള്ളോ
ന്നുഹം കോപിക്കയും ചെയ്തീടുന്നവൻ മൂഢൻ
തന്നുടെ ബലമറിയാതെ ധമ്മാർത്ഥം വിനാ
തന്നാൽ സാദ്ധ്യവുമല്ലയാതകമ്മങ്ങൾ ചെയ്വാൻ
അന്നന്നു തുടങ്ങിയുമന്നന്നു മുടങ്ങിയും
പിന്നെയുമതിന്നാരംഭിച്ചീടുന്നവൻ മൂഢൻ
ശിഷ്യനല്ലാതവനെ വെറുതേ ശാസിക്കയും
നിസ്സ്വനായുള്ളവനെ നിയതം സേവിക്കയും
ദുഷ്ടനെ ബ്ഭജിക്കയും ശിഷ്ടനെ നിന്ദിക്കയും
കഷ്ടമോത്തോളമവനെത്രയും മഹാമൂഢൻ
സമ്പന്നമാകുംവണ്ണം തനിക്ക ഭുജിക്കേണം
ശുഭമന്ദിരത്തിങ്കൽ വാസവും ചെയ്തീടണം
തന്നുടെ പുത്രമിത്രകളത്ര ഭൃത്യാദികൾ
ക്കൊന്നുമേ പൊറുതിക്ക കൊടുക്കയില്ല താനും
അങ്ങനെയുള്ള നരൻ തന്നോളം ദുഷ്ടനായി
ട്ടെങ്ങുമേ നിരൂപിച്ചാലാരുമില്ലറിഞ്ഞാലും
ഒരുത്തൻ പാപകമ്മം ചെയ്തീടിലതിൻഫലം
പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെത്തട്ടും
കാലത്താൽ മോചിച്ചീടുമാപത്തു മററുള്ളോക്ക
മേലിൽ താൻ തന്നെയനുഭവിക്കും ചിരകാലം
വേഗേന വില്ലാളിയാൽ മുക്തമാമസ്ത്രംപോയ്
ചെന്നേകനെ വധിക്കിലുമാം വധിയായ്കിലുമാം
തന്നുടെയാത്മാവിനെ രാജാവു മോചിക്കിലോ
നിണ്ണയംസ്വരാജകം നശിക്കും രാജ്യമെല്ലാം
ഒന്നുകൊണ്ടറിയേണം രണ്ടിൻെറ ബലാബലം
പിന്നെ മൂന്നിനെ നാലാൽ വശത്തു വരുത്തേണം

അഞ്ചിനെജ്ജയിച്ചുള്ളിലാറിനെയറിഞ്ഞിട്ടു
വഞ്ചനാദികളെല്ലാം വെടിഞ്ഞു വഴിപോലെ
ഏഴിനേയുപേക്ഷിച്ചു സൗഖ്യത്തെ ലഭിക്കേണം
കേളിയേറീടും നൃപന്മാരായാലവനിയിൽ

ഏകനെ ഹനിച്ചീടുമത്രേ കാകോളരസ-
മേകനെത്തന്നെയൊരു ശസ്ത്രവും ഹനിച്ചീടും
അന്തരമേതുമില്ല സപ്രജം സരാഷ്ട്രകം
മന്ത്രവിസ്രവം രാജാവിനെയും ഹനിച്ചീടും

ഏകനായതിസ്വാദു ഭുജിച്ചീടരുതല്ലോ
ഏകനായ് ചിന്തിച്ചു കല്പിക്കരുതൊരു കാര്യം
ഏകനായൊരുവഴി പോകയുമരുതല്ലോ
ഏകവേശ്മനി പലരും കിടന്നുറങ്ങുമ്പോൾ
ഏകനായ്ത്തന്നെയുണർന്നിരുന്നീടരുതുകേ-
ളേകമിന്നിയുമുണ്ടു ഭൂപാല ശിഖാമണേ.

ഏകമേയുള്ളു പിന്നെ രണ്ടാമതില്ല ചൊൽവാൻ
നാകലോകത്തിന്നു സോപാനമായ് നരപതേ
സത്യമായുള്ള വസ്തു തരണിപോലെ പുന
രബ്ധിക്കുമതിമതാം പ്രവരകുരുപതേ!

ഏകമേ ദോഷമുള്ളു സന്തതം ക്ഷമാവതാം
ലോകരുമശക്തരെന്നാക്കുവോരൊട്ടു ചെന്നാൽ
ഏകമാം ധർമ്മം പരം ശ്രേയസ്സാകുന്നതോർത്താ-
ലേകൈവ ക്ഷമാ ശാന്തിയായതെന്നത്രേ നൂനം
ഏകൈകവിദ്യാ പരാതുഷ്ടിയെന്നറിയേണ-
മേകൈവാഹിംസാ സതതം നിജസുഖാവഹം

രണ്ടുകർമ്മങ്ങൾ ചെയ്ക കൊണ്ടിഹ ലോകത്തിങ്കൽ
കണ്ടവർ കൊണ്ടാടുവാൻ കാരണം മഹീപതേ!
പാരുഷ്യവാക്കു പറയായ്കയും ദുഷ്ടന്മാരോ
ടേറെച്ചെന്നൊന്നുമർത്ഥിച്ചീടാതെ കഴിക്കയും

രണ്ടുജാതികൾ പരപ്രത്യയകാരികളാ
യുണ്ടവരണ്ടുംകേട്ടുകൊള്ളുക നരപതേ!
ചേൽക്കണ്ണാരെല്ലാമൊക്കെ കാമിതകാമിനിമാർ
മൂർഖന്മാരെല്ലാമൊക്കെപ്പൂജിതപൂജകന്മാർ
രണ്ടുണ്ടുശരീരത്തെശ്ശോഷിപ്പിച്ചീടുവാനാ
യ്ക്കണ്ടകജാതികൾ കേൾക്കണമോ നരപതേ!
നിർദ്ധനൻ കാമിക്കയുമസ്വാമി കോപിക്കയും
പൃത്ഥ്വീന്ദ്ര! ചൊല്ലീടുവൻ കേൾക്കണമെങ്കിലിന്നും
രണ്ടുപേരുണ്ടല്ലോ സ്വർഗ്ഗത്തിന്നും മീതേലോകേ
കുണ്ഠതനീക്കിസ്സുഖിച്ചീടുന്നു സദാകാലം
പ്രഭുവാകിലും ക്ഷമാപരനായിരുപ്പോനും
വിഭവഹീനൻ ദാനശീലനായിരിപ്പോനും
അർത്ഥത്തിന്നതിക്രമമായിട്ടു രണ്ടുണ്ടല്ലോ
നിത്യന്യായാർജ്ജിതമാം ദ്രവ്യമെന്നിരിക്കിലും
പ്രതിപത്തിയുമപാത്രത്തിങ്കൽ പാത്രത്തിങ്ക
ലതിനെപ്പോലെ പുനരപ്രതിപാദനവും
മൂന്നുപേരധമന്മാരാകുന്നിതവനിയിൽ
മൂന്നുപേരേയുമഹം വെവ്വേറെ ചൊല്ലാമല്ലോ
ഭൃത്യനില്ലാതവനും പത്നിയില്ലാതവനും
പുത്രനില്ലാതവനുമെത്രയും ദരിദ്രന്മാർ
നാലുണ്ടു രാജാവിനാൽ വർജ്ജ്യങ്ങളായിട്ടവ
നാലും പണ്ഡിതന്മാരായുള്ളവരറിഞ്ഞീടും
അല്പപ്രജ്ഞന്മാരോടും ദീർഘസൂത്രന്മാരോടു-
മെപ്പൊഴുമലസന്മാരോടും ചാരണരോടും
കൂടിരാജാവു കാര്യമന്ത്രത്തെച്ചെയ്തീടരു
താടൽപൂണ്ടുഴന്നീടുമാറുവന്നീടുമെന്നാൽ
നാലുപേരേയും ശ്രീമാനെങ്കിലോ ഗൃഹസ്ഥൻ തൻ
നാലയത്തിങ്കൽക്കൂടെവെച്ചു പാലിച്ചീടണം

ജ്ഞാതിയാമവനതിശ്രാന്തനായ് വരികിലും
നീതിമാൻ കുലശ്രേഷ്ഠൻ നിസ്വനായ് വരികിലും
പുത്രനില്ലെങ്കിൽ സ്വസാവിനെയും നിജസഖി
യത്ര്യർത്ഥം ദരിദ്രനായ്വരികിലവനെയും
പണ്ടു ദേവേന്ദ്രനോടാചാര്യനാം ബൃഹസ്പതി
യുണ്ടുനാലുപദേശം ചെയ്തിട്ടിന്നതും ചൊല്ലാം
ദേവതാസങ്കല്പവും ബുദ്ധിമാന്മാരിലുള്ള
ഭാവവും വിദ്വാന്മാരോടേററവും വിനയവും
പാപകർമ്മണാം വിനാശത്തെയുമിവനാലും
താപത്തെയണയാതെ കളഞ്ഞീടുവാനുള്ള
അഞ്ചുണ്ടു രക്ഷിക്കേണ്ടുമഗ്നികൾ ഗൃഹസ്ഥന
തഞ്ചുംവെവ്വേറെ കേട്ടുകൊള്ളുക ധരാപതേ!
താതനും ജനനിയുമാത്മാവുമഗ്നിതാനും
പ്രീതനാമാചാര്യനുമഞ്ചിതെന്നറിഞ്ഞാലും
അഞ്ചുപേരെയും പൂജിച്ചീടിന പുരുഷനാൽ
സഞ്ചിതം യശസ്സെന്നതറിക ധാത്രീപതേ!
ഭൃത്യന്മാർ സന്യാസികൾ ദേവകൾ പിതൃക്കളും
നിത്യമാഗമിച്ചീടുമതിഥി ജനങ്ങളും
ദോഷങ്ങളാറുണ്ടകലെക്കളയേണ്ടുന്നവ
ദോഷജ്ഞോത്തമ! ഭൂമിപാലക കേട്ടീടണം
നിദ്രയും തന്ദ്രീഭയം ക്രോധവുമാലസ്യവും
പ്രത്യഹംദീർഘസൂത്രത്വത്തെയും ത്യജിക്കേണം
ബുദ്ധിമാനിവയാറുപേരെയുമുപേക്ഷിക്ക
മബ്ധിയിൽ സംഭിന്നയാം തോണിയെപ്പോലെതന്നെ
അപ്രവക്താവാമാചാര്യനെയും സദാകാല
മപ്രിയവാദിനിയായീടുന്ന പത്നിയേയും
അദ്ധ്യയനംചെയ്യാതശിഷ്യനാമവനെയും
സത്വരമരക്ഷിതാവായ രാജാവിനെയും

ഗോപാലൻ ഗ്രാമകാമനായീടലവനെയും
നാവികൻ വനകാമനായീടലവനെയും
ആറുണ്ടു ഗുണമുപേക്ഷിക്കരുതാതെ പുംസാ-
മാറും ചൊല്ലുവൻ സത്യം ദാനവുമനാലസ്യം
അനസൂയയും ക്ഷമാധൃതിയുമിവയെല്ലാം
മനസാ ചിന്തചെയ്തു ധരിച്ചുകൊൾകവേണം
ആറുപേരുണ്ടു ജീവിച്ചീടുന്നിതന്നാരത
മാറുപേരിലും പിന്നെയേഴാമതാരുമില്ല
തസ്കരൻ പ്രമത്തങ്കൽ വൈദ്യൻ വ്യാധിതങ്കലും
മൈക്കണ്ണിമാരെല്ലാരും കാമയാനന്മാരിലും
യാജ്ഞികന്മാരെല്ലാരുമെജമാനന്മാരിലും
രാജാവു വിവിദമാനന്മാരാമവരിലും
വിദ്വാന്മാരെല്ലാം നിത്യം മൂർഖന്മാരിലുമല്ലോ
നിത്യവും ജീവിക്കുന്നു ഭൂപാലശിഖാമണേ!
ദോഷങ്ങളുപേക്ഷിക്കേണ്ടുന്നവ രാജാവിനാൽ
ഏഴുണ്ടു സപ്തവ്യസനങ്ങളെന്നല്ലോ ചൊല്ലു
പരസ്ത്രീജനസേവ ദേവനം മൃഗയയും
വിരക്തിവരാതൊരു മദ്യപാനവുമേററം
വാക്പാരുഷ്യവും ദണ്ഡപാരുഷ്യമാകുന്നതും
വായ്പോടു നിത്യമർത്ഥദൂഷണം ചെയ്കെന്നതും
നാശംവന്നടുത്തിരിക്കുന്ന രാജാവു തനിക്കാശു
മുമ്പിലേയുണ്ടാമെട്ടുകാരണങ്ങളും
ബ്രാഹ്മണദ്വേഷം മുമ്പിൽ ബ്രാഹ്മണവിരോധവും
ബ്രാഹ്മണസ്വങ്ങളുപാദാനം ചെയ്തീടുകയും
ബ്രാഹ്മണരെത്തന്നെ ഹിംസിക്കയുമതുമൂലം
ബ്രാഹ്മണനിന്ദഹേതുവായിട്ടു രമിക്കയും
ബ്രാഹ്മണപ്രശംസ കേൾക്കുന്നേരമക്ഷാന്തിയും
ബ്രാഹ്മണരേക്കൂടാതെ നിത്യാനുഷ്ഠാനങ്ങളും

ബ്രാഹ്മണരപേക്ഷിക്കുംനേരമഭ്യസൂയയും
ബ്രാഹ്മണശാപത്തിനു കാരണമിവയെല്ലാം
ആവോളംവിചാരിച്ചു മുമ്പിലേ കളയേണ-
മാവതില്ലിവയകപ്പെട്ടാലൊന്നാക്കുംപിന്നെ
എട്ടുവസ്തുക്കളിവയുണ്ടേററം പ്രമോദത്തെ
പുഷ്ടമാക്കീട്ടുവാനായ് മർത്ത്യനു പൃത്ഥ്വീപതേ
തന്നുടെ സഖികളോടുള്ളൊരു സമാഗമം
പിന്നെയൊട്ടതിയായിട്ടുള്ളൊരുധനാഗമം
ധന്യനാംതനയനാലുള്ളൊരു പരിഷ്വംഗം
സന്നിപാതവും സുരതത്തിങ്കലൊരുപോലെ
കാലാതിക്രമവിരഹേ നിജപ്രിയലാഭം.
മാലോകർ കൂടുന്നേരം തന്നിലെ സമ്മാനവും
തന്നുടെജാതിതന്നെക്കൊണ്ടുള്ള സന്മാനവും
തന്നാൽപണ്ടഭിപ്രേതമായതിന്നുടെ ലാഭം
എന്നിവയെട്ടും സത്യസമ്മോദം വളർത്തീടും
മന്നവർകുലമകുടത്തിൻ നായകക്കല്ലേ
ക്ഷേത്രജ്ഞൻ തന്നാലധിഷ്ഠിതമായിരിക്കുമി-
ക്ഷേത്രത്തെ നവദ്വാരം പഞ്ചസാക്ഷികമെന്നും
ത്രിസ്ഥൂണമെന്നുമറിയുന്നവൻ മഹാവിദ്വാ-
നെത്രയുമവൻ ക്ഷേത്രക്ഷേത്രജ്ഞവേദിയല്ലോ
പത്തുപേരുണ്ടു ഭുവിധർമ്മത്തെയറിയാതെ
മത്തനും പ്രമത്തനും ക്രുദ്ധനുമുന്മത്തനും
ചിന്താശ്രാന്തനും ത്വരമാണനും ബുഭുക്ഷിതൻ
ലുബ്ധനും ഭീരുതാനും കാമിയായുള്ളവനും
ആകയാലീവണ്ണമെല്ലാമുള്ള ഭാവങ്ങളി-
ലേകനിഷ്ഠയാ വിദ്വാനില്ലേത്തും പ്രമാദങ്ങൾ.
പുത്രാർത്ഥം പുരാ സുധന്വാവിനാൽ ഗീതമാകും
ചിത്രമാമിതിഹാസം കേട്ടിട്ടില്ലയൊ ഭവാൻ

ഉദ്ധതജനവേഷം കൈക്കൊണ്ടീടരുതല്ലോ
കത്ഥനം ചെയ്തീടരുതാത്മപൌരുഷത്തേയും
തന്നുടെ സുഖത്തികൽ മോദിച്ചീടരുതൊട്ടു-
മന്യദുഃഖത്തിങ്കലുണ്ടാകണം കരുണയും
ദത്തമായതു ചിന്തിച്ചനുതാപവുമരു-
തുത്തമനെങ്കിലതു ചൊൽകയുമരുതല്ലോ
ദേശാചാരവും ജാതിധമ്മവും ചെയ്തീടേണ-
മാശു വജ്ജിച്ചീടണം ദുർജ്ജനവിവാദവും
ഡംഭമത്സരം മോഹം പൈശുന്യം പാപകൃത്യം
സംപ്രതിവർജ്ജിക്കേണം ഭൂപതിദ്വിഷ്ടനേയും
മത്തോന്മത്തന്മാരോടുമുത്തരം പറയരു-
തുത്തമന്മാരെപ്പുരസ്കരിച്ചു നടക്കണം
സഖ്യവും വിവാഹവും വ്യവഹാരവും തനി-
ക്കൊക്കമൊട്ടാഭിജാത്യമുള്ള വരോടുവേണം
ഹീനന്മാരോടുകൂടി സ്സംസർഗ്ഗമരുതൊട്ടും
ദാനവും ചെയ്തീടേണമാശ്രിതന്മാക്ക് നിത്യം
ഭൂപതേ! തവ നിയോഗത്തെയും പാലിച്ചേററം
താപത്തേപ്പൂണ്ടുവാഴും പാണ്ഡവർ തൻെറ രാജ്യം
പാതിയും കൊടുപ്പതു ധമ്മമതല്ലയായ്കിൽ
ഖേദവും വരും ഭവാനേററമെന്നറിയണം
നല്ലവാക്കുകൾ തവ കേട്ടാലില്ലലംഭാവം
ചൊല്ലുചൊല്ലിനിയും നീയെന്നിതു ധൃതരാഷ്ട്രർ
ചൊല്ലിയനേരമതിനുത്തരം വിദുരരും
ചൊല്ലിനാൻ മനോഹരമായുള്ള വാക്കുകളാൽ
നല്ലതുമാകാത്തതും ചൊല്ലുവൻ ചൊന്നാൽക്കേൾക്ക-
യില്ലനീയതുകൊണ്ടു ചൊല്ലുവാൻ മടിയാകും
നല്ലതു പാണ്ഡവക്ക് നാടു പാതിയും നൽകി-
യല്ലൽതീന്നിരിക്കതൊന്നല്ലായ്കിൽ സുതന്മാരെ

കൊല്ലുമേ പാണ്ഡവന്മാരില്ല സംശയമേതും
നല്ലഭീഷ്മദ്രോണകർണ്ണാദിയും മരിച്ചീടും
പ്രിയമാകിലും പുനരപ്രിയമെന്നാകിലും
നയമാകിലുമപനയമാകിലുമതി
ശുഭമാകിലുമേററമശുഭമെന്നാകിലു-
മഭിമോദേന ചോദ്യംചെയ്കിലേ പറയാവൂ
വൈചിത്ര്യവീര്യനൃപ! കേൾക്കണമിവയെല്ലാം
വൈശദ്യംമനസ്സിങ്കലുണ്ടല്ലോ ഭവാനേററം
വൈദൃഷ്യം ഭവാനേക്കാളേറെയുണ്ടായിട്ടല്ല
വൈദഗ്ദ്ധ്യം വാക്കിനേററമുണ്ടെങ്കിലതുമല്ലാ
സ്നേഹമുണ്ടതുകൊണ്ടു കേൾക്കും ഞാൻ ചൊന്നാലെന്ന
മോഹമുണ്ടെനിക്കതുകൊണ്ടു ഞാൻ പറയുന്നു.
വംശനാശത്തേക്കണ്ടു സങ്കടം പാരമുണ്ടു
സംശയം തീർന്നിതല്ലോ നിന്നുടെ സുതന്മാർക്കോ
പ്രാപ്തമായിതുരാജ്യമെനിക്കെന്നകതാരി-
ലോർത്തു വർത്തിച്ചീടരുതുർവ്വീശ സാംപ്രതം
പിന്നെയുമവിനയം സ്വരൂപത്തെ ഹനിച്ചീടും
നിർണ്ണയമല്ലോ നല്ല രൂപത്തെജ്ജരപോലെ
പാദപഫലം പഴക്കുംമുമ്പേ ഭുജിച്ചീടിൽ
സ്വാദുമില്ലല്ലോ പിന്നെ വിത്തുമില്ലാതെവരും
പകമായതു ഭുജിച്ചാലതിരസമുണ്ടാം
വൃക്ഷവുമുണ്ടാം പിന്നെ ഫലവുമുണ്ടായ്വരും
പുഷ്പങ്ങൾതോറുംചെന്നു നിത്യവുമുള്ള മധു
ഷൾപദമൽക്കൂട്ടി രക്ഷിച്ചു വർദ്ധിപ്പിക്കും
അപ്പോലെ നൃപവരനെപ്പോഴുമഹിംസയാ
തൽപ്രജകളിൽനിന്നാർജ്ജിക്കേണമർത്ഥമേററം
വിരിഞ്ഞ വിരിഞ്ഞ പൂവിറുത്തുകൊൾകെയാവൂ
വിരിഞ്ഞു മൂലച്ഛേദം ചെയ്യരുതൊരിക്കലും

ആരാമത്തിങ്കൽചെന്ന മാലാകാരനേപ്പോലെ
ദാരുമൂലാത്ഥിയാകുമംഗാരകാരകൻെറ
[illegible]കാരിയം കാട്ടീടരുതേതുമേ നരപതി-
സാരനായിരിക്കിലെന്നറിക കുരുപതേ!
അനത്ഥം പ്രജകൾക്കു വരുത്തും നിരത്ഥകൻ
തനിക്കൊരത്ഥലാഭം വരികയില്ലതാനും
കുണ്ഠനാം ഭൂപാലനെ യാക്കുമേ വേണ്ടീലെന്നാൽ
ഷണ്ഡനാം ഭത്താവിനെ നാരിമാക്കെന്നപോലെ
കമ്മങ്ങൾകൊണ്ടും നോക്കുകൊണ്ടും വാക്കുകൾകൊണ്ടും
സമ്മാനിച്ചീടുകിലേ രഞ്ജിപ്പൂ ലോകം തൻകൽ
പീഡിപ്പിച്ചീടുന്നാകിൽ പേടിക്കും പ്രജകളും
വേഗത്തിലോടും മൃഗം വ്യാധനെക്കാണുംനേരം
കത്തവ്യം പരരാജ്യമർദ്ദനംപോലെതന്നെ
നിത്യവും നിജ രാഷ്ട്രരക്ഷണം രാജാവിനാൽ
ഉന്മത്തനെന്നാകിലും ബാലകനെന്നാകിലും
സമ്മതമായ സാരവാക്കു കൈക്കൊൾകേവേണ്ടു
ശങ്കിക്കവേണ്ട സുവണ്ണത്തെക്കൈക്കൊൾകേവേണ്ടു
പങ്കത്തിൽക്കിടക്കുന്നതെങ്കിലുമതിഭദ്രം
ഗോക്കളോ ഗന്ധംകൊണ്ടും ബ്രാഹ്മണർ വേദംകൊണ്ടും
ഭോഷ്കല്ല ചാരന്മാരേക്കൊണ്ടു ഭൂപാലന്മാരും
നോക്കിക്കാണുന്നു കണ്ണുകൊണ്ടു മററുള്ള ജനം
മിത്രബാന്ധവന്മാരായുള്ള ഭൂപാലേന്ദ്രന്മാർ
ഭത്തൃബാന്ധവമാരായുള്ള നാരികളെല്ലാം
[illegible]ബാന്ധവന്മാരായുള്ള ഭൂദേവേന്ദ്രന്മാർ
മേദിനീശ്വര ഗോക്കൾ പർജ്ജന്യബാന്ധവന്മാർ
സത്യത്തേക്കൊണ്ടും ധമ്മാഭ്യാസത്തെക്കൊണ്ടും
വിദ്യ വൃത്തത്തേക്കൊണ്ടു കുലം മജ്ജനംകൊണ്ടു രൂപം
രക്ഷിച്ചുകൊൾകവേണം മാനത്തേക്കൊണ്ടു ധാന്യം

രക്ഷിക്കാമനക്രമംകൊണ്ടു വാജികളേയും
അന്തികേ വിലോകനംകൊണ്ടു ഗോകുലം രക്ഷ്യം
സന്തത സുചേലകംകൊണ്ടു നാരികളേയും
വൃത്തിഹീനനുകുലമപ്രമാണംപോൽ നല്ല
വൃത്തവാനെങ്കിലന്ത്യജാതനും നന്നുതാനും
പരന്മാരുടെ വൃത്ത രൂപ വീര്യാഭിജാത്യ
ഗുരുസൌഭാഗ്യസുഖസൽക്കാരാദികൾ കണ്ടാൽ
ചിത്തത്തിലസൂയ വൎദ്ധിച്ചീടും പുരുഷനു
നിത്യവുമാധിയൊഴിഞ്ഞില്ലെന്നു ധരിക്കണം
ഉത്തമാശനം മാംസോത്തരമെന്നറിയണം
മദ്ധ്യമാശനമല്ലോ ഗോരസോത്തരം നൂനം
അധമാശനം ലവണോത്തരമേവം മൂന്നു
വിധമായുള്ള ഭുവി ഭോജനം നരപതേ
അത്യന്തമധമന്മാൎക്കശനാൽ ഭയം പിന്നെ
മദ്ധ്യമന്മാൎക്കു മരണത്തിങ്കൽനിന്നു ഭയം
ഉത്തമന്മാൎക്കുഭയമവമാനത്തിങ്കലു-
മിത്തരമിനിയും ഞാൻ ചൊല്ലുവൻ വേണമെങ്കിൽ
കാൎയ്യങ്ങൾ ചെയ്യായ്കിലും ചെയ്കിലുമീകാൎയ്യങ്ങ
ളാൎയ്യന്മാർ ഭയപ്പെടുമെപ്പൊഴും രണ്ടിങ്കലും
മാനസേ മദകരമായുള്ള പേയങ്ങളെ
പാനവും ചെയ്തീടുമാറില്ലല്ലോ മഹത്തുകൾ
അൎത്ഥാഭിജാത്യവിദ്യാദികളാലുള്ള മദ
മെത്രയും വിരയെപ്പോം സജ്ജനസംഗത്തിനാൽ
സത്തുക്കളെസത്തുക്കളോടുചെന്നേതാനുമൊ
ന്നൎത്ഥിച്ചാൽസ്സജ്ജനം സൽഭാവം നടിച്ചീടും
വസ്ത്രവാനായുള്ളവനാൽജിതയല്ലോ സഭാ
സതപരഗതിമതാം നിൎജ്ജിതമദ്ധ്വാ താനും
ഗോമതാജിതമശനാഗ്രഹം ശീലവതാ

ശ്രീമതാസവ്വംജിത മവ്വീശശിഖാമണേ!
ശീലമെത്രയും പ്രധാനം പുരുഷന്നു നൂനം
ശീലമില്ലായ്കിൽ മിത്രാത്ഥങ്ങൾകൊണ്ടെന്തു ഫലം
ഐശ്വയ്യമത്തൻ പാപിഷ്ഠൻ മധുമത്തനിലും
ഐശ്വയ്യമത്തന്നുദ്ധാഗതിയുമില്ലയല്ലോ
ധമ്മാർത്ഥങ്ങളെത്യജിച്ചിന്ദ്രിയവശഗനായ്
ദുമ്മദത്തോടുവത്തിച്ചീടിന പുരുഷന്നു
വിത്തവും ധാന്യങ്ങളും ജീവനും നശിച്ചുപോ
മുത്തമനാകുന്നവനിന്ദ്രിയ ജയം വേണം
അത്ഥശനിന്ദ്രിയേശനല്ലെങ്കിലവന്നുള്ളോ
രത്ഥവും നശിച്ചുപോം ക്ഷിപ്രമെന്നറിഞ്ഞാലും
സത്യമാർജ്ജവംശൌചം സന്തോഷമനസൂയ
ചിത്തശാന്ത്യനായാസപ്രിയവാക്യാദി ഗുണം
ഉണ്ടാകയില്ലയല്ലോ നിർണ്ണയം ദുരാത്മനാം
ഉണ്ടാകിലതു പരപീഡയ്ക്കായ് വരും താനും
ആത്മനിധമ്മനിത്യതാപംചചോഗുപ്തിദാന
മാത്മജ്ഞാനവുമസംരംഭവും തിതിക്ഷയും ക്ഷമ
തുഷ്ടിയുമഹിംസയുമനുകമ്പാദികളും
ദുഷ്ടർക്കു കുറഞ്ഞൊന്നുമുണ്ടാകയില്ലയല്ലോ
ഭൂപതേഹിംസാബലം കേവലമസാധൂനാം
ഭൂഭൃതാംബലംദണ്ഡവിധിയെന്നറിഞ്ഞാലും
സ്ത്രീണാംശുശ്രൂഷാബലം ഗുണിനാം ക്ഷമാബലം
പ്രാണിനാം ബലംജലം പാർത്ഥിവ കലവാതേ
അടവി മഴുകൊണ്ടു വെട്ടിയാലും കിളുത്തിടും
കഠിന വാചാ വെട്ടി മുറിച്ചാലകിളുത്തിടാ
നാരാചശല്യം ദേഹത്തിങ്കൽനിന്നെടുത്തിടാം
ക്രൂരവാക്‌ശല്യമെടുക്കും ചികിത്സകനില്ല
വിശ്വപാലനരാജ ലക്ഷണസമ്പന്നനാം

ഷ്ഠിശ്വാസയോഗ്യനായ ഭൂപതിയുധിഷ്ഠിരൻ
ധീരാത്മ ദുഃഖങ്ങളെ സഹിച്ചീടുന്നതവ
ഗൌരവംനിമിത്തമായെന്നതോത്തരുളണം
സവ്വവേദജ്ഞനേക്കാളുൽകൃഷ്ടനാകുന്നതു
സവ്വഭൂതങ്ങളിലുമാജ്ജവമുള്ള പുമാൻ
ആകയാൽ പുത്രന്മാരിലാർജ്ജവം പ്രതിപാദി-
ച്ചേകാന്തസൗഖ്യം വാണാൽ സ്വഗ്ഗപ്രാപ്തിയുംവരും
എത്രനാളേക്കു കീത്തി നിൽക്കുന്നിതവനിയി
ലത്രനാളേക്കു സ്വഗ്ഗവാസമുണ്ടവനോത്താൽ
ദൈത്യന്മാർ വിരോചനൻ കേശിനീനിമിത്തമാ
യാസ്ഥയാ സുധന്വാവിനോടുള്ള സംവാദം നീ
കേട്ടിട്ടില്ലയോ നൃപശ്രേഷ്ഠനാം ധൃതരാഷ്ട്ര!
കേട്ടാലെത്രയും മനോമോഹനമിതിഹാസം
ക്ഷത്താവു ധൃതരാഷ്ട്രൻ തന്നോ കേൾപ്പിച്ചീടിനാ
നുത്തമമായ പുരാവൃത്തമെപ്പേരുമപ്പോൾ
രൂപത്തിൻഗുണമപഹരിച്ചീടുന്നുജരാ
കോപമത്ഥത്തെയെല്ലാം പ്രത്യപഹരിക്കുന്നു
ശീലത്തെയപഹരിച്ചീടുന്നു ഖലസേവാ
കാലൻ പ്രാണനെയപഹരിച്ചീടുന്നുവല്ലോ
ആശതാനപഹരിച്ചീടുന്നു ധൈയ്യത്തെയു
മാശുകന്ദർപ്പനപഹരിച്ചീടുന്നു നാണം
ധമ്മചയ്യയെയപഹരിക്കുമസൂയയും
നിമ്മലമതേ! സവ്വം ഹരിക്കുമതിമാനം
ക്രോധിക്കത്ഥവുമില്ല ശഠനു മിത്രമില്ല
ക്രൂരനു നാരിയില്ല സുഖിക്കു വിദ്യയില്ല
കാമിക്കു നാണമില്ല കോശമില്ലലസനു
സവ്വവുമില്ല നൂനമനവസ്ഥിതനോത്താൽ
കൃതജ്ഞതാവും പരാക്രമവും വിനയവും

മിതഭാഷണം ദാനമന്വയവിശുദ്ധിയും
ശ്രുതവുംസൽപ്രജ്ഞയുമുള്ളവൻ ശോഭിക്കുന്നു
ഇച്ചൊന്നഗുണമെട്ടുമില്ലാത്ത പുരുഷനെ
സജ്ജനമേതും ബഹുമാനിക്കയില്ലയല്ലോ
സ്വർല്ലോകത്തിന്നു നിദർശനങ്ങളായിട്ടുണ്ടു
ചൊല്ലുന്നിതെട്ടുഗുണമറികധാത്രീപതേ!
അനപവേദങ്ങൾനാലുമനപവായങ്ങൾനാലും
മന്നവ! ചൊല്ലീടുവൻ കേട്ടാലും യഥാസൗഖ്യം
യജ്ഞദാനാദ്ധ്യയനതപസ്സാന്നിഷ്ഠനാലും
വിജ്ഞാനിജനമനപവേദങ്ങളെന്നുചൊല്ലും
സത്യ മാജ്ജവംദമമാനൃശംസ്യവുമിവ
ചതുരാരിബുദ്ധമത്തമനപവായങ്ങളെന്നും
വൃദ്ധന്മാരില്ലാതൊരു സഭയും സഭയല്ല
വൃദ്ധന്മാരല്ല ധമ്മത്തെ ചൊല്ലീടാതവരും
സത്യമില്ലാതെ ധമ്മം ധമ്മവുമല്ലയല്ലോ
സത്യവും സത്യമല്ല മായാനുവിദ്ധമായാൽ
സത്യവും രൂപം ശ്രുതം വിദ്യയും കുലംശീലം
ശക്തിയും ധനം ശൌയ്യം വിചിത്രഭാഷ്യമിവ
പത്തുണ്ടു സംസൎഗ്ഗയോനികളെന്നറിയണം
പൃഥ്വീശതിലകമേ കേട്ടാലുമിനിയും നീ
വാസരത്തിങ്കൽ പ്രവൎത്തിക്കിലേ രാത്രൌപിന്നെ
വാസം ചെയ്യീടാവിതു സുഖമായെന്നു നൂനം
എട്ടുമാസവും പ്രവൎത്തിക്കിലേ പുനരപി
വൃഷ്ടിമാസങ്ങൾ നാലും സുഖമാപ്പസിക്കാവൂ
യൌവനത്തിങ്കൽ പ്രവൎത്തിച്ചത്ഥമാർജ്ജിക്കിലേ
ചൊവ്വോടെ വാദ്ധക്യത്തിൽ സുഖമായ്‌വസിക്കാവൂ
ജീവപൎയ്യന്തം പ്രവൎത്തിക്കിലേ മരിച്ചാലും
ദേവലോകാദികളിൽ സ്വൈരമായ്‌വസിക്കാവൂ

ആചാൎയ്യനാത്മവതാം ശാസ്താവു്, ദുരാത്മനാം
രാജാവു്ശാസ്താ പിന്നെ ച്ഛന്നപാപന്മാൎക്കെല്ലാം
അന്തകൻ തന്നെ ശാസ്താവാകുന്നതറിഞ്ഞാലു
മെന്തിനുവളരെഞൊന്നിത്തരം പറയുന്നു
താപസന്മാരുടേയും വാഹിനിമാരുടേയും,
ശോഭ തേടീടും മഹാത്മാക്കൾ വംശത്തിന്റെയും
ഉത്ഭവസ്ഥാനമന്വേഷിക്കേണ്ട, ദിവ്യന്മാൎക്കി
ല്ലല്പത്തിദോഷമെന്നതോൎക്കണം നരപതേ!
വ്യാഹൃതത്തേക്കാൾ ശ്രേയസ്സാകുന്നതവ്യാഹൃതം
വ്യാഹൃതം രണ്ടാമതു സത്യത്തെ വദിക്കേണം
വ്യാഹൃതം പിന്നെ പ്രിയംവദിക്ക മൂന്നാമതും
വ്യാഹൃതം ധൎമ്മം വദിക്കെന്നതു നാലാമതും
ഉത്തമന്മാരെവേണം സേവിച്ചു കൊള്ളുവാനും
മദ്ധ്യമന്മാരെക്കാൎയ്യകാലേ സേവിക്കവേണ്ടു
സേവിച്ചീടരുതധമന്മാരെയൊരിക്കലും
ഭാവിച്ചീടരുതവരോടാഭിമുഖ്യംപോലും
മാനസതാപംകൊണ്ടു ബലവും ശരീരവും
ജ്ഞാനവും ക്ഷയിച്ചുപോം വ്യാധിയും വൎദ്ധിച്ചീടും
പെരികെ വിശ്വസ്തന്റെ പത്നിയെ പ്രാപിപ്പവൻ
ഗുരുതല്പഗൻ വൃഷലീപതിയാകും ദ്വിജൻ
ശരണാഗതഹന്താ മദ്യപനിവരെല്ലാം
കരുതീടണം ബ്രഹ്മഹന്താവിനൊക്കുമല്ലോ:
എപ്പൊഴും പ്രിയം പറഞ്ഞീടുവാൻ പലരുമുണ്ട-
പ്രിയമെന്നാകിലും പത്ഥ്യത്തെച്ചൊല്ലീടുവാൻ
സല്പുരുഷന്മാരില്ല കേൾപ്പാനുമാരുമില്ല
ദുർബോധമുള്ള ജനമെന്നിയില്ലൊരേടത്തും
ഭൎത്താവിൻ പ്രിയാപ്രിയമന്വേഷിയാതെധൎമ്മ
തത്വവുമറിഞ്ഞുകൊണ്ടപ്രിയമെന്നാകിലും

പഥ്യത്തെ ചൊല്ലുമമാത്യൻവേണം രാജാവായാ
ലെത്രയും വന്നുകൂട്ടമഭ്യുദയവുമെന്നാൽ
സൎവ്വവുമുപേക്ഷിച്ചു മാത്മാവെ രക്ഷിക്കേണ്ണെ-
മുൎവ്വിയെയുപേക്ഷിച്ചും മിത്രത്തെ രക്ഷിക്കണം
ഗ്രാമത്തെയുപേക്ഷിച്ചും രാജ്യത്തെ രക്ഷിക്കണം
ഗ്രാമത്തെയൊരുഗൃഹം കളഞ്ഞും രക്ഷിക്കണം
ഒരുവൻ തന്നെക്കളഞ്ഞൊരിടം രക്ഷിക്കേണം
കരുതീടുക മനതാരതിലിവയെല്ലാം
പുത്രനെയുപേക്ഷിച്ചു വംശത്തെ രക്ഷിക്കേണം-
മുത്തമന്മാരായുള്ളോരങ്ങനെ ചെയ്വൂ ഞായം
അൎത്ഥത്തെ രക്ഷിക്കേണ്ണ മാപത്തു വരുമ്പോഴേ
ക്കൎത്ഥത്തെക്കാളും ധൎമ്മദാരങ്ങൾ രക്ഷിക്കേണം.
ദാരാൎത്ഥങ്ങളെക്കാളുമാത്മാവെ രക്ഷിക്കേണം
ധീരന്മാരായുള്ളവരിങ്ങനെ ചെയ്വൂ ഞായം
ഭൎത്താവിന്നഭിമതമറിഞ്ഞു കാൎയ്യങ്ങളെ
നിത്യവുമവക്രബുദ്ധ്യാ സ്വയംചെയ്തുകൂട്ടി
പഥ്യങ്ങൾ വചിച്ചനുരക്തനായ് ശക്തിജ്ഞനാം
ഭൃത്യൻ തന്നോടുതന്നെ തുല്യനായനുകമ്പ്യൻ
ഭൎത്താവിൻ നിയോഗത്തെ യാദരിയാതെയതിൻ
പ്രത്യുക്തി പറഞ്ഞേററമാത്മാഭിമാനത്തോടും
ചിത്തത്തിൽ പ്രതികൂലമായ് പറഞ്ഞീടുന്നൊരു
ഭൃത്യനെ ത്യജിക്കേണം ബുദ്ധിമാനായ നൃപൻ
സകല ഭൂതങ്ങൾക്കും ഹിതമായാത്മാവിനും
സുഖമായിരിപ്പതേ ചെയ്യാവു ഭൂപാലനും
ബുദ്ധിയും പ്രഭാവവും തേജസ്സമുത്ഥാനവും
സത്വവുമേററം വ്യവസായവുമുള്ളവനും
വൃത്തിക്കു ഭയമൊരു നാളുമുണ്ടാകയില്ല
വൃത്തിക്കു ഭയമായാൽ നിഷ്ഫലം ഗുണമെല്ലാം

നാരിമാരെയും നൃപന്മാരെയും സപ്പത്തെയും
വൈരി പക്ഷികളെയും സ്വാദ്ധ്യായത്തെയും നിജ
ഭോഗാനുഭവത്തെയും ജീവിത കാലത്തെയും
ഭാഗധേയത്തെയും വിശ്വാസമുണ്ടാകവേണ്ട,
സർപ്പാഗ്നി സിംഹങ്ങളും കുലപുത്രനുമുള്ളിൽ
സ്വല്പവുമവജ്ഞേയന്മാരല്ലെന്നറിയേണം
വിദ്യാഭിജനവയോബുദ്ധ്യർത്ഥശീലങ്ങളാൽ
വൃദ്ധന്മാർവിമന്തവ്യന്മാരല്ലൊരിക്കലും
ഗുണവാന്മാരായുള്ള പാണ്ഡവന്മാരെ നിത്യ
മണ്ണയത്തിരുത്തുകിൽ നിനക്കു സൗഖ്യം വരും
ശിഷ്ടനാമവൻതന്നെ ദ്വേഷമുണ്ടെന്നാകിലും
തുഷ്ടനായ് പരിഗ്രഹിച്ചീടുകെന്നതേവരു.
ആർത്തനായിരിപ്പവനൌഷധം കൈക്കുന്നതു
മാസ്ഥയാസ്സേവിച്ചീടുമാറല്ലോ കണ്ടുപോരു
ദുഷ്ടനാമവൻതന്നെ സ്നേഹമുണ്ടെന്നാകിലും
പെട്ടെന്നു പരിത്യജിച്ചീടുകെന്നതേവരു
ദഷ്ടമായിതു വിരൽ പാമ്പിനാലെന്നാകിലോ
പെട്ടെന്നാ വിരൽതന്നെ ഛേദിക്കെന്നതും വരും
മാരീചൻ മണ്ഡോദരി മയനും സുമാലിയും
വീരനാം കുംഭകർണ്ണൻ നീതിമാൻ വിഭീഷണൻ
എന്നിവർ പറഞ്ഞതു കേളാഞ്ഞു ദശമുഖൻ
തന്നുടെ കാമത്തിൻെറ മൂർച്ഛനനിമിത്തമായ്
ഇന്ദ്രജിത്തിൻെറ വാക്കു കേട്ടതുകൊണ്ടുതന്നെ
വന്നിതുദശാസ്യനു നാശമെന്നറിഞ്ഞാലും
എന്നതുപോലെ വരും നാശമിന്നിവിടെയും
നിന്നുടെ മകൻ തൻെറ വാക്കുകൾ കേൾക്കുന്നാകിൽ
കാമത്താലതുവന്നു രാക്ഷസപ്രവരനു
ലോഭത്താൽ വരുന്നിതു നിന്നുടെ മകനിപ്പോൾ

മക്കളെ ലാളിക്കരുതാകായെന്നതു കണ്ടാൽ
ശിക്ഷിച്ചു തന്റെ കാലം കഴിച്ചുകൊൾകേയാവൂ
ഇത്തരമുള്ള വിദുരോക്തികൾ ബഹുവിധം
വിസ്തരിച്ചുരചെയ്യാനേതുമേ കാലം പോരാ
ദൈവകല്പിതം തടുക്കാവതല്ലൊരുവനും
ദൈവത്താൽ കൃതമിദമെന്നോർത്തു വിദുരരും
പൗരുഷം നിരർത്ഥകമെന്നുറച്ചതുനേരം
കൌരവവീരനോടു പിന്നെയുമുരചെയ്താൻ
ഭൂഭാരഹരണത്തിനായ് പിറന്നോരു നാഥൻ
ഭൂപതിരമാപതി ലോകൈകപതി കൃഷ്ണൻ
കർമ്മണാംപതിവേദപതിദേവാനാമ്പതി
ധർമ്മൈകപതിയജ്ഞപതിസ്സത്പതിഹരി
ഭക്തവത്സലൻ, കരുണാനിധി, വിശ്വപതി,
ഭുക്തിമുക്തികൾ ദാനം ചെയ്തീടും യദുപതി,
സത്വാദിഗുണത്രയയുക്തയാം പ്രകൃതിക്കും
തത്വങ്ങളെല്ലാററിനുമാധാരഭൂതൻ നാഥൻ
തന്തിരുവടിയുടെ കല്പിതമെല്ലാമെന്നു
ചിന്തിച്ചു തല്പാദാബ്ജം സേവിച്ചുകൊൾക നിത്യം

പിന്നെയസ്സനൽകുമാരൻ മുനിയെഴുന്നള്ളി
മന്നവൻ ധൃതരാഷ്ട്രൻ തന്നോടായരുൾ ചെയ്തു
അദ്ധ്യാത്മം പലതരമജ്ഞാനം കളവാനാ
യത്യന്തം മൂഢന്മാർക്കതെത്രയും വിപരീതം
താപസശ്രേഷ്ഠൻതാനുമെഴുന്നള്ളിയശേഷം
താപമുൾക്കൊണ്ടുപിന്നെ വിദുരരുരചെയ്തു
മേലിലെ വിശേഷങ്ങളൊക്കവേ കേട്ടു കേട്ടു
കാലവും പുലർന്നിതു പിന്നെയങ്ങെല്ലാവരും

മന്ത്രശാലയിൽ പുക്കു തുടങ്ങി നിരൂപണ-
മന്ധധാം നൃപതിയും ഭീഷ്മദ്രോണാദികളും
സഞ്ജയനതുനേരം ധമ്മജൻ പറഞ്ഞതും
കഞ്ജലോചനനരുൾചെയ്തതുമറിയിച്ചാൻ
അച്യുതനരുൾചെയ്ത വാത്തകൾ കേട്ട ഭീഷ്മർ
നിശ്ചയം കൃഷ്ണൻ ചൊന്നാലന്തരമില്ലയെന്നാൻ
മൂത്തികൾ മൂന്നുപേക്കും മൂലമാം മുകുന്ദനും
പാത്ഥനുമൊരുഭേദമില്ലെടോ സുയോധന!
തന്നെത്താൻ പുകഴ്ത്തുന്ന കണ്ണനും നീയുമോട്ടം
സന്നാഹമോട്ടപാണ്ഡു നന്ദനൻ വരുന്നേരം
ഗോക്കളെ വീണ്ടുകൊണ്ടു പോയതു കണ്ടതില്ലേ·
നോക്കെടോ! സുയോധന! കണ്ടാലൊട്ടറിയേണം
വരുവാനുള്ളതൊക്കെവന്നാൽ പിന്നെയുമതു
മറിയപ്പോകാതവരെങ്ങിനെ പൊറുക്കുന്നു?
വെന്തുപോകേണമവരെന്നതു നിങ്ങളുള്ളിൽ
ചിന്തിച്ചു ജതുഗേഹം തീത്തതിലാക്കി വാതിൽ
ബന്ധിച്ചു തീയുംവെച്ചതന്തരം വരികയാല
ന്തവുമവക്കു വന്നീടാതെ ജീവിച്ചോരു
കുന്തിതൻതനയന്മാരഭ്യുദയത്തെക്കണ്ടു
സന്താപംപൂണ്ടോരു നീ കള്ളച്ചൂതാലെ നാട്ടു
മെന്തൊരുകഷ്ടം പറിച്ചടവി തന്നിലാക്കി-
യെന്തിന്നിനല്ലനമുക്കെന്നതു മനക്കാമ്പിൽ
ചിന്തിച്ചു വാഴുംകാലം പിന്നെയും ചതിയാലെ
യന്തകപുരത്തിങ്കലയപ്പാൻ പൊയ്കതന്നിൽ
അന്തരാ ചെന്നുനിങ്ങൾ മരുന്നു കലക്കുമ്പോൾ
ഗന്ധവ്വശ്രേഷ്ഠൻ ചിത്രരഥനും പടയുമായ്
ബന്ധിച്ചു നിങ്ങളേയുംകൊണ്ടവൻ പോകുന്നേരം
ബന്ധുക്കളായ നിങ്ങൾ ചെയ്തദുഷ്കമ്മമൊന്നും

ചിന്തചെയ്യാതെ വന്ന വേഗത്തിൽ യുദ്ധംചെയ്തു
ഗന്ധർവ്വപ്രവരനെജ്ജയിച്ചു വീണ്ടുകൊണ്ടു
ബന്ധുഭാവേന രാജ്യത്തിങ്കലേക്കയച്ചോരു
കുന്തിതൻതനയന്മാരാകിയ പാണ്ഡവന്മാർ
ചിന്തിച്ചാലശക്തന്മാരെന്നോ നിൻപക്ഷമുള്ളി
ലന്ധതാപം ചെറുതല്ല നിനക്കു സുയോധന
ധർമ്മമുള്ളവർ ജയിച്ചീടുമെന്നതുകൊണ്ടു
ധർമ്മജൻ ജയിക്കുമെന്നെല്ലാരുമറിയേണം
ദ്രോണരുമുരചെയ്തു പാതിയും കൊടുക്കെടോ!
നാണക്കേടതിനില്ല ധർമ്മമേ ജയിച്ചീടൂ
ശന്തനുസുതൻ,ദ്രോണർ, സഞ്ജയൻ, വിദുരരും,
സന്തതം പറഞ്ഞിട്ടും കേളാഞ്ഞു സുയോധനൻ
അന്ധനാം നൃപേന്ദ്രനും കൃപരും ദ്രൗണിതാനും
ബന്ധുക്കളായ സോമദത്തപുത്രാദികളും
ആവോളമനുസരണം ചെയ്തുപറഞ്ഞിട്ടു
മാവതില്ലെന്നു കല്പിച്ചുടങ്ങിക്കൊണ്ടാരല്ലോ
കാട്ടുവാഴ്കയൊഴിഞ്ഞിങ്ങു പാണ്ഡവർ വന്നു
നാട്ടുവാഴ്കിലെയ്തുകൊല്ലുക മടിയാതെ
ഉററവരായ നിങ്ങൾ മററൊന്നും പറയേണ്ട
കുററങ്ങളൊഴിഞ്ഞില്ല മററൊന്നുമെനിക്കിപ്പോൾ
ഇത്തരം വാക്കുകേട്ടു മറവുള്ള മഹാജന
മുത്തരം പറയാതെ പോയാരങ്ങോരോ ദിക്കിൽ.

യുദ്ധമേല്ക്കുമ്പോളെന്നെക്കൊണ്ടാരോ കുററം ചൊൽ
വൃദ്ധന്മാക്കെന്തോന്നുള്ളതെന്നോർത്തു യുധിഷ്ഠിരൻ (വാൻ
മിത്രമായ് നീതിജ്ഞനായ് ശാന്തനായ് ശാസ്ത്രജ്ഞനാ-
യെത്രയും മഹാപുരുഷന്മാരിലൊരുത്തനെ

സന്ധ്യർത്ഥമയച്ചുടൻ നിരപ്പു പറയിച്ചു
സന്ധിയാഞ്ഞൊരുശേഷമായിരുന്നിതു യുദ്ധം
സജ്ജനമെല്ലാം പുനരിങ്ങനെ പറഞ്ഞീട്ട-
മിജ്ജനത്തെക്കൊണ്ടതിന്നാരെയങ്ങയയ്ക്കാവൂ
ധർമ്മജനിവയെല്ലാം തന്നുള്ളിൽ നിരൂപിച്ചു
നിർമ്മലനായ വാസുദേവനോടുണർത്തിച്ചു
ആശ്രിതജനപരായണനായീടും ജഗ-
ദീശ്വരാ! ദയാനിധേ! ഗോപതേ! യദുപതേ!
മൂഢനാം ഞാനുണ്ടൊന്നു നിന്തിരുവടിതന്നോ-
ടൂർദ്ധ്വാവമാനമായ വചനം ചൊല്ലീടുന്നു
മുറവും നിന്തിരുമനസ്സെന്നിയേ ഞങ്ങൾക്കോർത്താൽ
മറെറാരു ശരണമില്ലെന്നതു നിരൂപിച്ചും
സർവ്വജ്ഞനല്ലോ ഭവാനെന്നതുകൊണ്ടും മമ
ദുർവ്വിനയോക്തി കേട്ടാൽ ക്ഷമിച്ചുകൊൾകവേണം.
ചിന്തിക്കവേണം പക്ഷേ സന്ധിക്കിൽ മതിയല്ലോ
നിന്തിരുവടിതന്നെ ബന്ധുവായ് പോകവേണം
അന്ധത്വം ഞാൻ ചൊല്ലുന്നതോർത്തുള്ളിൽ ക്ഷമിക്കണ-
മന്ധകകുലജാതനാകിയ ജഗല്പതേ!
അന്ധനാം നരപതി തന്നുടെ പുത്രനായോ-
രന്ധാത്മാ സുയോധനൻതന്നോടു പിണങ്ങാതെ
ബന്ധുവത്സലനായ നിന്തിരുവടിതന്നെ
ബന്ധുത്വമോടുമനുസരിച്ചു പറയണം
പാതിനാടപേക്ഷിച്ചാലരുതെന്നവൻ ചൊൽകിൽ
പാതിയും വേണമെന്നില്ലഞ്ചുദേശമേ പോരും
ദേശമില്ലെങ്കിലഞ്ചുഗേഹമേ പോരുമെന്നാൽ
നാശംകൂടാതെ കഴിഞ്ഞീടുകിലതേ വേണ്ടൂ
സാരസവിലോചനനാകിയ നന്ദാത്മജൻ
സാരനാം യുധിഷ്ഠിരൻ ചൊന്നതു കേട്ടനേരം

തന്നുടെ മനക്കാമ്പിൽ ഹസ്തിനപുരത്തിന്നു
ചെന്നുപോരേണം ഞാൻതാനേല്ലും മുമ്പിലേയെന്നു
മുന്നമേയുള്ളതാശ്ശു ധർമ്മനന്ദനനായ
മന്നവൻ പറഞ്ഞപ്പോൾ കൌതുകമുണ്ടായ്‌വന്നു
രണ്ടുമൂന്നവസ്ഥകൾ സാധിക്കേണ്ടുന്നതിപ്പോ-
ളുണ്ടതിന്നായ്ക്കൊണ്ടു ഞാൻതന്നെ ചെൽകിലേപോരു
എന്നതോർത്തിരുന്നരുളീടുമ്പോൾ കുന്തീപുത്രൻ
തന്നുടെ നിയോഗത്തെ കൈക്കൊണ്ടു ഭഗവാനും
സാരഥേ! ശീഘ്രം ഗരുഡധ്വജയുക്തമാകും
തേരുകൊണ്ടുവരികെന്നു ദാരുകനോടു ചൊന്നാൻ
കണ്ണുകൾ ചുവന്നു കൈഞെരിച്ചു പല്ലുംകടി-
ച്ചർണ്ണോജനേത്രനോടു ഭീമസേനനും ചൊന്നാൻ
എന്തിനുതുടങ്ങുന്നു ചൊല്ലുകെന്നോടുകൂടി
ചിന്തിച്ചേ നടക്കാവൂ കാര്യങ്ങളിനിമേലിൽ
ധൃഷ്ടനാം ധൃതരാഷ്ട്രപുത്രന്റെ തുടതച്ചു
പൊട്ടിച്ചുകളകയും കൌരവശതമെല്ലാം
കൊട്ടിക്കൊന്നൊക്കെപ്പൊടിപെടുത്തുകളകയും
ദുഷ്ടനാം ദുശ്ശാസനൻതന്നുടെ മാറു പിള-
ർന്നിഷ്ടമായ് രക്തം കുടിച്ചീടുകയെന്നുള്ളതും
പൊട്ടനാം ഭീമൻ ചെയ്കയില്ലയെന്നുണ്ടോ തോന്നി
പെട്ടെന്നു സന്ധിചെയ്തുകൊണ്ടാലും യുധിഷ്ഠിര-
നൊട്ടുമേ വിരോധമില്ലതിനിന്നൊന്നാൽ നൂനം
ഗന്ധവാഹാത്മജനാം ഭീമൻ ചൊന്നതുകേട്ടു
മന്ദഹാസവും ചെയ്തു മാധവനരുൾചെയ്തു
ചിന്തിച്ചവണ്ണംതന്നെ പന്തിഞാൻ കൂട്ടുന്നുണ്ടു
സന്താപമതുകൊണ്ടു ചിത്തത്തിലുണ്ടാകേണ്ടാ
കൃഷ്ണയും കണ്ണീരോടെ കൃഷ്ണനോടുരചെയ്തു
കൃഷ്ണനും കൃപയോടെ കൃഷ്ണയോടരുൾചെയ്തു

നിശ്വാസമുണ്ടാകേണ്ട വിശ്വസിച്ചാലുമെന്നെ
കശ്മലൻ ദുശ്ശാസനൻ താനും തൽബന്ധുക്കളും
നിശ്ശേഷമൊടുങ്ങേണമെന്നതിനത്രേ ഞാനും
നിശ്ചയം തുടങ്ങുന്നു പോയാലും ഖേദിക്കേണ്ട
ഞാൻ ചാലെ വരുത്തുവൻ വാഞ്ഛിതമെന്നു കൃഷ്ണൻ
പാഞ്ചാലിയതുകേട്ടു തെളിഞ്ഞു മരുവിനാൾ
ദാരുകൻ കൊണ്ടുവന്ന തേരതിൽ കരയേറി
പാരാതെയെഴുന്നെള്ളിത്തുടങ്ങിഭഗവാനും
വെൺകൊററക്കുടതഴ, വെൺചമരികൾ നല്ല
ഭംഗിതേടീടുമാലവട്ടങ്ങൾ പലതരം
പന്നഗരിപുതന്നെ ചിഹ്നമായ്‌വിളങ്ങീടു
മുന്നതമായ കൊടി മിന്നുന്ന കൊടിക്കൂറ
പങ്കജനേത്രൻതൻെറ ശംഖനാദവും പല
മംഗലസ്തുതികളും വാക്യങ്ങൾ നിനാദവും
കല്മഷം കളയുന്ന ചിന്മയൻ മനോഹരൻ
പൊന്മണിക്കിരീടവും നിർമ്മലചികുരവും
മാലേയം മേല്പോട്ടിട്ട ഫാലവും ത്രിഭുവന-
പാലനാദികൾ ചെയ്യും ചില്ലിയും മകരമാം
കുണ്ഡലം മിന്നീടുന്ന ഗണ്ഡവും മനോജ്ഞമാം
കൺമുനവിലാസവും കമ്രമാം നാസികയും
കിഞ്ചന തുളുമ്പീടും പുഞ്ചിരിപ്പുതുമയും
ചഞ്ചലാക്ഷികൾമനം വഞ്ചിക്കുമധരവും
മുഗ്ദ്ധമായുള്ള മുഖപത്മവും ഗളഭുവി
മുത്തുമാലകൾ വനമാലകൾ കൗസ്തുഭവും
ശിഷ്ടരക്ഷണത്തിനു ദുഷ്ടനിഗ്രഹം ചെയ്വാൻ
നിഷ്ഠുരമായ കരപത്മവും ശ്രീവത്സവും മ[illegible]ത്
ഇന്ദിരാദേവി ചിത്താനന്ദമോടിരുന്നീടും
സുന്ദരതരമായ മന്ദിരമായിട്ടുള്ള

വക്ഷോദേശവും കമലോത്ഭവൻ പിറന്നൊരു
കുക്ഷിയും ബ്രഹ്മാണ്ഡങ്ങളസംഖ്യം കിടക്കുന്നോ-
രുദരോപരി പൊങ്ങും രോമാളിവിലാസവും
മധുരാധരിജനം മയങ്ങും മദ്ധ്യത്തിങ്കൽ
കാഞ്ചനമയമായ കാഞ്ചികളിട്ടു മഞ്ഞ-
പ്പൂഞ്ചേലയതിൻമീതേ നാനാശോഭിതങ്ങളായ്
മിന്നുന്നരത്നങ്ങളുമെന്നുള്ളിൽ വിളങ്ങുന്ന
ധന്യപാദാബ്ജങ്ങളും കണ്ടു മാമുനികളും
വേദവാദികളായ ഭൂദേവവരന്മാരും
വേദത്തിൻപൊരുളായ വേദാന്തവേദ്യൻതൻെറ
പാദപത്മവും കൂപ്പിസ്തുതിച്ചു പാടിക്കൊണ്ടു
യാദവവീരനെഴുന്നെള്ളുന്ന വഴിയേക്കൂ-
ടാദരവോടു നടന്നീടിനാർ ഭക്തിയോടെ
ഗോവിന്ദൻവരവുകേട്ടാദരവോടു ഭീഷ്മ-
രാവിർമ്മോദേന മററുഭക്തന്മാരായുള്ളോരെല്ലാം
മുമ്പിനാലെഴുന്നെള്ളത്തിവിടെയെന്നോർത്തു
സംഭ്രമിച്ചലങ്കരിച്ചീടിനാരാലയങ്ങൾ
മല്ലാരി വിചിത്രവീർയ്യാത്മജൻതനിക്കുള്ളോ-
രില്ലവുമകംപുക്കു വസിച്ചോരനന്തരം
കുശലപ്രശ്നാദികൾ ചെയ്തിതു ധൃതരാഷ്ട്രർ
കുശലമെന്നുതന്നെയരുൾചെയ്തിതു കൃഷ്ണൻ
ചെറുതു കാർയ്യമുണ്ടു പറഞ്ഞുപോവാനതി-
നെതിരേ വരുവൻ ഞാനടുത്തദിനംതന്നെ
ഉഴറീടുന്നേനിപ്പോളടുത്തു സന്ധ്യയെന്ന-
ങ്ങെഴുന്നെള്ളിനാൻ ജഗന്നായകൻ വാസുദേവൻ
അച്ഛൻെറ ഭഗിനിയാം കുന്തീദേവിയെക്കണ്ടി-
ട്ടച്യുതൻ വിശേഷങ്ങളൊക്കവെയറിയിച്ചാൻ
പണ്ടുകീഴ്കഴിഞ്ഞതും വർത്തമാനവും മേലി-

ല്ലുണ്ടാവാനിരിക്കുന്ന വാർത്തയുമുരചെയ്താൻ
കാത്തുകൊള്ളുക നീയെന്നമക്കളെയെന്നു കണ്ണീർ
വാർത്തവരുടെ ദുഃഖംതീർത്തു മാധവൻപിന്നെ
ധാർത്തരാഷ്ട്രൻെറ ഗൃഹംപുക്കിതങ്ങവർകളും
പാർത്തുനിന്നെതിരേററു സല്ക്കരിച്ചിരുത്തിനാർ
ഉൗണിന്നു വിദുരർതൻ വീടുപുക്കിതു കൃഷ്ണൻ
മാനസംതെളിഞ്ഞവനാനന്ദമുണ്ടായ്വന്നു
ക്ഷത്താവും ഭക്തിപരവശനായ്വന്നു പുരു-
ഷോത്തമൻ ഭക്തവാത്സല്യംകൊണ്ടുമതുപോലെ
മുഗ്ദ്ധലോചനനരുൾചെയ്തിതു വിദുരരോ-
ടെത്രയും സുഖംവന്നതിവിടെ വന്നമൂലം
ദുഗ്ദ്ധമാകിലും കയ്ക്കും ദുഷ്ടർ നൽകിനാലെടോ
ഭക്തന്മാർ തരികിലേ ഭുക്തിക്കു രസമുള്ളു.
ഇത്തരമരുൾചെയ്തു വിപ്രരുംതാനുംകൂടി-
യത്താഴമുണ്ടു നല്ല മെത്തമേൽ കരയേറി
പാർത്ഥന്മാരുടെ നല്ല വാർത്തയുമരുൾചെയ്തു
രാത്രിയും കഴിഞ്ഞിതു മാർത്താണ്ഡനുദിച്ചപ്പോൾ
സന്ധ്യയും കഴിച്ചാശു നിത്യദാനങ്ങളും ചെ-
യ്തങ്ങോർ മുഴന്നൊരു തേരതിൽ കരേറിനാൻ
മന്ദമെന്നിയേ കൃഷ്ണനംബികാസുതൻതൻെറ
മന്ദിരമകംപുക്കു സുന്ദരൻ നന്ദാത്മജൻ
കൊടുത്തു സിംഹാസനമിരിപ്പാൻ നൃപതിയു-
മടുത്തു ഭീഷ്മദ്രോണവിദുരാദികളെല്ലാം
പരന്ന സഭതന്നിൽ നിറഞ്ഞു മഹാജനം
പറഞ്ഞുതുടങ്ങിനാൻ മാധവൻ കാര്യങ്ങളും
അംബികാതനയനും തന്നുടെ സുതന്മാരും
നിർമ്മലന്മാരാം മുനിവർഗ്ഗവും ദ്വിജന്മാരും
ദ്രോണരും കൃപരുമശ്വത്ഥാമാ വിദുരരും

മാനിച്ചുകേൾക്ക ഭീഷ്മർ കർണ്ണനും ശകുനിയും
കഴിഞ്ഞ വൃത്താന്തങ്ങൾ പറഞ്ഞുതുടങ്ങേണ്ട
കിഴിഞ്ഞു ധർമ്മാത്മജൻ പറഞ്ഞ വാക്കുകേൾപ്പിൻ
സോമവംശത്തിൽ പണ്ടുള്ളാചാരമറിയായ്കിൽ
മാമുനിജനത്തോടു ചോദിക്ക സുയോധന
നാഴികനേരംപോലും മൂത്തവൻതന്നെനാടു
വാഴ്കെന്നതേ വരൂ നീതി നീ നിരൂപിക്ക
പൂർവ്വന്മാർ പണ്ടു വാണ കേളിയും നിനക്കില്ലേ?
സാർവ്വഭൗമത്വം തന്നെ ഭാവിച്ചാൽ വന്നുകൂടാ
എന്നതുകേട്ടു ദുര്യോധനനുമുരചെയ്താൻ
ചൊന്നതു നന്നുനന്നു ദേവകീതനയാ! നീ
ചൊല്ലുഴം യയാതിയാം ഭൂപതിതന്റെ മക്കള-
ല്ലയോ യദുമുതൽ നാൽവരുമിരിക്കവേ
പൂരുവല്ലയോ പണ്ടു പാരിനു പതിയായ-
താരുമേയറിയാതെയല്ലിവയിരിക്കുന്നു
നന്നു നിൻകേട്ടുകേളി മന്നവ സുയോധന
നിന്നോടൊന്നുണ്ടു പറയുന്നു ഞാനതുകേൾ നീ
പൂജ്യനായ് നൃപഗുണയോഗ്യനായുള്ളവനെ
രാജ്യത്തിൽ പ്രാപ്തിയുള്ളിതെന്നതുകൊണ്ടല്ലയോ?
നിന്നുടെ താതൻ ധൃതരാഷ്ട്രർതാനിരിക്കവേ
മന്നവനായി വാണു പാണ്ഡു,വെന്നറികനീ
അപ്പൊഴോ പാണ്ഡുപുത്രനാകിയ യുധിഷ്ഠിര-
നെപ്പേരുമടക്കിവാണീടുകയല്ലോ വേണ്ടു
പാണ്ഡുവിൻ പുത്രർതന്നെയല്ലവരെങ്കിൽ ചൊല്ലാം
പാണ്ഡവന്മാരിൽ പക്ഷപാതി നീ കോപിക്കൊല്ലാ
മാമുനിശാപംകൊണ്ടു കാനനംതന്നിൽ പാണ്ഡു
ഭാമിനീജനത്തോടും വേറുപെട്ടിരുന്നനാൾ
മറവുകണ്ടവർകൾക്ക മക്കളായുണ്ടായവർ

പററുമോ രാജ്യം വാഴ്വാനെന്നുനീ പറഞ്ഞാലും
എങ്കിലോ നിന്റെ താതനംബികാസുതൻതാനും
തിങ്കൾതൻകുലജാതനല്ലെന്നു ധരിക്കേണ്ടാ
വിചിത്രവീൎയ്യനൃപൻ മരിച്ച ശേഷത്തിങ്കൽ
വിചിത്രമത്രേ പിറന്നുണ്ടായ പ്രകാരവും
അക്കഥ നിൽക്കനിനക്കൊക്കമൂളരുതെങ്കി
ലിക്കാലം പാതിരാജ്യം പകുത്തു കൊടുക്കനീ
കൊടുക്കയില്ല രാജ്യം പാതി ഞാനൊന്നുകൊണ്ടും
കൊടുപ്പാനവകാശമില്ലവൎക്കറിഞ്ഞാലും
എങ്കിലൊരഞ്ചുദേശമിരിപ്പാൻ കൊടുക്ക നീ
സങ്കടമാൎക്കുംവേണ്ട നാശവുമുണ്ടാകേണ്ട
ആഗ്രഹം പറയാതെ വാക്കുമുട്ടിയാൽപിന്നെ
യാൎക്കാനും കൊടുക്കേണമെങ്കിലന്തണൎക്കത്രേ
രാജ്യവുംപുരംഗ്രാമം ദേശങ്ങൾ വേണ്ടയെങ്കിൽ
ത്യാജ്യരല്ലവരെന്നു നിന്നുടെ കൃപയാലെ
വസിപ്പാനഞ്ചു ഗൃഹം ചമച്ചു കൊടുക്കനീ
വസ്തുക്കൾ ധാന്യങ്ങളും പകുത്തു കൊടുക്കേണ്ട
അതിനും മടിയെങ്കിലൈവൎക്കും കൂടിയൊരു
സദനം നാട്ടിലൊരുഭാഗത്തു കൊടുക്കനീ
അന്ധകകുലജാതന്നന്തകാന്തകസേവ്യ
നന്തവുമാദിയുമില്ലാതവൻ പരൻ പുമാൻ
ബന്ധൂകസമമായചെന്തളിരടിയുള്ളോൻ
ബന്ധുക്കളില്ലാതോൎക്കു ബന്ധുവാകിയ കൃഷ്ണൻ
ബന്ധുരരൂപൻ പാണ്ഡുരാജനന്ദനന്മാൎക്കു
ബന്ധുവായൊരുദൂതനായിതു പറഞ്ഞപ്പോൾ
അന്ധനാം നരപതി നന്ദനനുരചെയ്താൻ
ബന്ധമില്ലെന്നാകിലു മെന്നോടിത്തരം ചൊൽവാൻ
എന്തിനു പലതരമിങ്ങനെ പറയുന്നു

ന്തിതൻ മക്കളെന്ന ക്രൂരകൊണ്ടത്രേയല്ലീ
സന്തതം പറയുന്നു ദേവകീ തനയ നീ
സൂചകനായ നിന്റെ വാക്കുകൾ കേൾക്കുന്തോറും
സൂചിതൻമുനകൊണ്ടു കുത്തുവാനുള്ള നിലം
കൊടുക്കും ഞാനെന്നത്രൂ നിനച്ചിടേണ്ടയേതും
പടയ്ക്കു വരുന്നാകിൽ കണ്ടുപോകേണംതന്നെ
നന്നല്ല സുയോധന നാശങ്ങളുണ്ടായ് വരും
മന്നവനവകാശമുള്ളനാടയയ്ക്കുനീ
ഇല്ലൊരുഭേദമെനിക്കാരുമെന്നറിഞ്ഞാലും
നല്ലതു ചൊല്ലീടേണമെങ്കിലുമെല്ലാരോടും
കാലദേശാവസ്ഥയും ധർമ്മവുമധർമ്മവും
മൂലവും തമ്മിലുള്ള ദൌർബല്യ പ്രാബല്യവും
മൊഴിയും മൊഴികേടും വഴിയും വഴികേടു-
മഴകൊടകതാരിലാവോളമോർത്തിടേണം
കൊടുത്താർ കൊല്ലുവാനായ് ഭീമനു വിഷം മുന്നം
കെടുപ്പാൻ പാമ്പുതന്നെ കടിപ്പിച്ചതു പിന്നെ
ഉറക്കത്തോടെ കാലും കരവും വരിഞ്ഞുട-
നുറക്കെക്കെട്ടി ഗംഗാജലത്തിലെറിഞ്ഞതും
മറപ്പാനരുതാതെവണ്ണം നീ പിന്നെ നന്നാ-
യരക്കില്ലത്തിലിട്ടു ചുട്ടതും പിന്നെ നിങ്ങൾ
കള്ളച്ചൂതാലെ നാടുമർത്ഥവും പറിച്ചതും
കള്ളക്കാടതിൽ പരം പിന്നെയും കാട്ടി നിങ്ങൾ
ദുഷ്ടനാം ദുശ്ശാസനൻ പെട്ടന്നു സഭാമദ്ധ്യേ
മട്ടോലുംമൊഴിയായ പാഞ്ചാലീ തലമുടി
പിടിച്ചു വലിച്ചുടനിഴത്തുമവളുടെ-
യുടുത്ത പുടവയുമഴിച്ചുകളഞ്ഞതും
ഇത്തരം പരാക്രമമായതു നിങ്ങൾക്കെല്ലാ-
മെത്രയും പരിഭവമുണ്ടവക്കിവമൂലം

നിസ്സ്രൂപം കഷ്ടം നിങ്ങൾ ചെയ്തവയെല്ലാമുള്ളിൽ
ശക്തനാം ഭീമസേനൻ മറന്നില്ലിരിക്കുന്നു
കൊടുക്ക പാതിനാടുമവക്കിന്നില്ലയായ്കി-
ലൊടുക്കും ഭീമസേനൻ നിങ്ങളേയെല്ലാംകൊണ്ടും
മുമ്പിലെ ഹിഡുംബനേക്കൊന്നതും ബകനായ
വമ്പനേ വധിച്ചേകചക്രയിലിരുന്നതും
മാഗധനായനൃപവീരനെ വധിച്ചതും
വേഗത്തിൽ കിഴക്കൻദിക്കൊക്കവേ ജയിച്ചതും
ശക്തനാം ക്രമ്മീരനെ കത്തിയങ്ങമത്തതും
മുത്തണിമുലയാളാം ദ്രൌപദിതൻെറ ചൊല്ലാൽ
കല്യാണസൌഗന്ധികം കൊണ്ടുപോരുന്നനേരം
ചൊല്ലുള്ള ഗന്ധർവ്വവീരന്മാരെജ്ജയിച്ചതും
എത്തിയ ജയദ്രഥൻതന്നെ മാൽപ്പെടുത്തതു-
മെത്രയും വിരുതുള്ള മല്ലനെ വധിച്ചതും
കീചകനാദികളെക്കാലന്നുക്കയച്ചതു-
മാശ്ശുഗസ്തനായ ഭീമനെന്നറിഞ്ഞാലും.
കൊല്ലുമേയവൻ നിങ്ങൾ നൂറുപേരെയുമെടോ
നല്ലതു പാതിനാടു കൊടുക്ക സുയോധന!
വില്ലെടുത്തവർകളിൽ നല്ലനാം ധനഞ്ജയ-
നല്ലയോ പാഞ്ചാലനാം മന്നനെ ബന്ധിച്ചതും
രാത്രിയിലെതിർത്തൊരു ഗന്ധർവ്വൻ തന്നെ വെന്നാൻ
പാർത്ഥനല്ലയോ യന്ത്രമെയ്തുടൻ മുറിച്ചതും
പോക്കൊരുമിച്ചനമ്മെയൊക്കെവേ ജയിച്ചതും
ഭോഷ്കല്ല ബലദേവാദികളാം ഞങ്ങളെയും
ജയിച്ചു സുഭദ്രയേക്കൊണ്ടവൻ പോന്നുകൊണ്ടാൻ
ജയിച്ചാൻ വരിഷിച്ചുവന്നൊരു ശക്രനേയും
ഖാണ്ഡവം ദഹിപ്പിപ്പാൻ ശരക്കൂടത്തേച്ചെയ്തു
ഗാണ്ഡീവം വാങ്ങിക്കൊണ്ടാനഗ്നിയോടതുമൂലം

ഉത്തരയായദിക്കുമൊക്കവേ ജയിച്ചവ-
നത്തമമായ കൈലാസാചലം തങ്കൽ ചെന്നാൻ
മുക്കണ്ണൻ തന്നോടു പോരെത്രയും പാരം ചെയ്തു
കൈക്കൊണ്ടാൻ പാശുപതം വാനലകത്തുചെന്നാൻ
ദേവവൈരികളെയും നിഗ്രഹിച്ചവിടുന്നു
ദേവകളോടുമസ്ത്രമെപ്പേരും വാങ്ങിക്കൊണ്ടാൻ
നിന്നെയുംകെട്ടിക്കൊണ്ടു പോയോരുചിത്രരഥൻ
തന്നെയുംവെന്നു നിന്നെ വീണ്ടുകൊണ്ടതുമവൻ
പോക്കോരുമില്ലനിന്ന നിങ്ങളെയൊക്കെവെന്നു
ഗോക്കളെവീണ്ടുകൊണ്ടു പോയതുമവനല്ലോ
ഇത്തരം പലപല വിക്രമങ്ങളെച്ചെയ്തു
വൃത്രാരിപുത്രൻ തന്നെ മിക്കതുമൊടുക്കീടും
അക്കനന്ദനനായ കർണ്ണനെ വിശേഷിച്ചും
ശക്രനന്ദനൻ തന്നെ കൊല്ലുമെന്നറിഞ്ഞാലും
അച്ഛനെപ്പിടിച്ചുകെട്ടിപ്പിച്ച പരിഭവം
വച്ചുകൊണ്ടിരിക്കുന്നു ധൃഷ്ടദ്യുമ്നനുമെടോ!
നിശ്ചയം ദ്രോണർതന്നെക്കൊന്നീടുമവന്താനും
പിച്ചയായ് ശിഖണ്ഡിയും ഭീഷ്മരെ വധിച്ചീടും
ശല്യരെയുധിഷ്ഠിരൻ കൊല്ലുമെന്നറിഞ്ഞാലും
കല്യനാം ശകുനിയെക്കൊന്നീടും സഹദേവൻ
മററുള്ള ബന്ധുക്കളും മക്കളും കനിഷ്ഠരും
പററലർ കാലന്മാരാം പാണ്ഡവരൊടുക്കീടും
നല്ലതു പാതി നാടുകൊടുക്ക സുയോധന
നല്ലതു വരികയില്ലല്ലായ്കിലൊന്നുകൊണ്ടും
ശ്രീവാസുദേവൻ ജഗന്നായകനവയെല്ലാം
മാവോളമരുൾചെയ്ത വാക്കുകൾ കേട്ടശേഷം

അംബികാസുതൻതാനും ഭീഷ്മരുമാചാൎയ്യനു
മൻപുള്ള മററുള്ളവർ തങ്ങളുമുരചെയ്താർ
കുരളക്കാരൻ ചൊന്നവാക്കുകൾ കേളാതെനീ
അരുളിച്ചെയ്തവണ്ണം കേൾക്കെന്നോരെല്ലാവരും
സഭയിലിരുന്നവരെല്ലാരുമൊരുപോലെ
ശുഭമായുള്ള വാക്കു ചൊന്നതു കേട്ടനേരം
നിരന്നീലേതുമുള്ളിൽ നിറഞ്ഞ കോപത്തോടു
മിരുന്ന സുയോധനൻ നടന്നാൻ വേഗത്തോടെ
ജനനി ഗാന്ധാരിയും പറഞ്ഞാളിനിമഹാ
ജനങ്ങളിവർചൊല്ലു കേൾക്കനീ സുയോധന!
എന്നമ്മ പറഞ്ഞതു കേളാതെയവൻ പോയി
കർണ്ണനും ശകുനിയുമായിട്ടു നിരൂപിച്ചു
ഗോപാലനായ കൃഷ്ണനിവിടെ സഭയിങ്കൽ
ഭൂപാലരോടു സിംഹാസനവുമേറിയൊപ്പം
ഇരിക്കുന്നതും യോഗ്യമല്ല നാം ചിലർ പിന്നെ
പരക്കെയറിയാതെയൊന്നു ചെയ്യേണമിപ്പോൾ
ദൂതന്മാരവദ്ധ്യന്മാരെന്നല്ലോ ശാസ്ത്രവിധി
പാതകമുണ്ടു കൊന്നാലതിനുണ്ടുപായവും
പിടിച്ചുകെട്ടീടണം പിന്നെപ്പാണ്ഡവർ പോന്നു
നടിച്ചുവരികയില്ലെന്നതുമറിയേണം
മിടുക്കുംവച്ചു കാട്ടിലിരിക്കേയുള്ളു പിന്നെ
പടയ്ക്കു ഭാവിക്കുന്നതാരെന്നുമറിയണം
പടുത്വമെല്ലാമിവൻ തനിക്കാകുന്നു നൂനം
കിടക്കവേണം കാരാഗൃഹത്തിൽ തന്നെയിവൻ.

ഇങ്ങനെ രഹസ്യമായ് തങ്ങളിൽ മന്ത്രിക്കുന്ന
തങ്ങറിഞ്ഞുണർത്തിച്ചു സാത്യകിയതുനേരം

പോകനാമിവിടുന്നു വൈകരുതിനിയേതും
പോർ കരുതിയുമല്ല നാമിടേക്കു വന്നു
സാത്വികനായുള്ളൊരു സാത്യകിയുണർത്തിച്ച
വാർത്തകേട്ടതുനേരം ഗോവിന്ദൻ തിരുവടി
തരുണാദിത്യബിംബം പതിനായിരംകൂടി
യൊരുമിച്ചുദിച്ചുടനുയരുന്നതുപോലെ
കരുണാകരൻ ദേവൻ കമലവിലോചനൻ
വിരവോടെഴുന്നേററു പെരികെക്കോപത്തോടെ
വരിക പിടിക്കെടോ കെട്ടുവാൻ സുയോധന
പെരികെ വൈകിക്കേണ്ട പക്ഷേവന്നാട്ടത്താലും
അസംഖ്യം മുഖങ്ങളു മസംഖ്യം ബാഹുക്കളു
മസംഖ്യമായുധങ്ങളസംഖ്യം ചരണങ്ങൾ
ശങ്കരൻ വിരിഞ്ചനുമിന്ദ്രാദിദേവകളും
പങ്കജവിലോചനൻ തങ്കലേ കാണായ്‌വന്നു
രോമങ്ങൾ തോറുമൊക്കെ വാനവരായും വന്നു
കോമളമായരൂപം ഘോരമായ്ക്കാണായ്‌വന്നു
വിഷ്ണുവിൻ വിശ്വരൂപം കണ്ടിട്ടു ഭക്തന്മാരും
കൃഷ്ണഗോവിന്ദ ശിവരാമ! രാമാത്മാരാമ!
ലോകാഭിരാമ രമാരമണ! യദുപതേ
ഗോകുലപതേ ജഗന്നായക! ധരാപതേ!
വിശ്വമായതും നീയേ! വിശ്വകാരണം നീയേ!
വിശ്വകാര്യവുംനീയേ വിശ്വപാലനം നീയേ
വിശ്വതാതനുംനീയേ വിശ്വമാതാവുംനീയേ
വിശ്വരൂപനും നീയേ വിശ്വപാലക പോററി!
നിഷ്കളനാകുന്നതും സകളനാകുന്നതും
നിർഗ്ഗുണനാകുന്നതും സഗുണനാകുന്നതും
പുരുഷനാകുന്നതും പ്രകൃതിയാകുന്നതും
പുരുഷോത്തമ പോററീ നിന്തിരുവടിയല്ലോ

ശിവനായീടുന്നതും ശക്തിയായീടുന്നതും
ഭുവനേശ്വര പോററി നിന്തിരുവടിയല്ലോ
ജീവനായീടുന്നതും പരനായിടുന്നതും
കേവലസ്വരൂപനാം നിന്തിരുവടിയല്ലോ
ക്ഷേത്രമായിടുന്നതും ക്ഷേത്രജ്ഞനാകുന്നതും
ധാത്രിയിൽ പിറന്നോരു കൃഷ്ണനാം ഭവാനല്ലോ
പാലയ കൃപാലയ ശരണം നാരായണ
പാലയ വിഷ്ണോ രാമകൃഷ്ണഗോവിന്ദ ഹരേ!
ഇത്തരമോരോജനമത്ഭുതം പൂണ്ടുപൂണ്ടു
പത്തുദിക്കിലും നിന്നു വാഴ്ത്തിയുമാനന്ദിച്ചും
ഭക്തിയിൽ സ്തുതിക്കയും നൃത്തംവച്ചീടുകയും
മുക്തിദാനൈകമൂൎത്തി തൻ മഹിമാനം കണ്ടു
തൊഴുതും വീണും നമസ്കരിച്ചും വണങ്ങിയും
മുഴുകിപ്പരമാനന്ദാംബുധി തന്നിൽ വീണു
കരഞ്ഞും ചിരിച്ചും കണ്ണിമച്ചും മിഴിയാതെ
നിറഞ്ഞ ഭക്തിയോടു മാമുനി ജനങ്ങളും
വേദവേദാന്താൎത്ഥങ്ങൾ തിരിയാഞ്ഞുഴന്നീടും
വേദിയരോടു നല്ല ഭീഷ്മരും വിദുരരും
യക്ഷ കിന്നര സിദ്ധഗന്ധൎവ്വാസുര ഭൂത
രക്ഷോ ഗുഹ്യക പ്രേത കിംപുരുഷാദികളും
നാകവാസികൾ നല്ല നാകനായകന്മാരും
നാകനാരികളോടു നാരിമാർ മററുള്ളോരും
ഗൂഢസ്ഥനായവനെക്കൂടസ്ഥനായിക്കണ്ടു
പാടിയുമാനന്ദംപൂണ്ടാടിയും ചമഞ്ഞുതേ
ദുഷ്ടരായുള്ള ജനമൊക്കവേ കണ്ണുംപൊത്തി
പെട്ടെന്നു മലമൂത്രാദികളും വീണു വീണു
പെട്ടപാടോടുമോരോ ഗുഹകൾതോറും പുക്കാർ
ശിഷ്ടരായുള്ള ജനം കണ്ടുകണ്ടിരിക്കവേ

പരമാനന്ദമൂർത്തി ഭഗവാൻ പരമാത്മാ
പരിചൊടെഴുന്നള്ളിത്തേരതിലേറിപ്പിന്നെ
കുന്തിയെച്ചെന്നുകണ്ടു സന്താപമതും തീർത്തു
കുന്തിയും തൊഴുതേറെസ്തുതിച്ചു സുതന്മാരെ
നിന്തിരുവടിയായ കൃഷ്ണനേ ഭരമേല്പി-
ച്ചന്തികേ നില്ക്കും കർണ്ണനോടു മന്ത്രിച്ചു മെല്ലെ
കർണ്ണ! ഞാനൊന്നുണ്ടിന്നു ചൊല്ലുന്നു രഹസ്യമായ്
നിന്നുടെ തമ്പിമാരപ്പാണ്ഡവരറിക നീ
നീക്കൂടെയങ്ങുചെന്നു ധർമ്മജാഗ്രജനായി
വാഴ്ക ഭൂമിയെ രിപു നാശവും ചെയ്കയെന്നാൻ
കർണ്ണനും ചിരിച്ചുരചെയ്തിതു കൃഷ്ണൻ തന്നോ-
ടെന്നുടെയനുജന്മാർ പാണ്ഡവരത്രേ നൂനം
എന്നാലും നാഗധ്വജൻ തന്നെയുമപേക്ഷിച്ചി-
ട്ടിന്നു ഞാനങ്ങു പോരികെന്നതു ചെയ്കയില്ല
ഭർത്തൃപിണ്ഡത്തിൻ പ്രതിക്രിയയെച്ചെയ്കവേണം
ഭൃത്യനാമവൻ പ്രാണൻ പോവോളമെന്നുണ്ടല്ലോ
അർജ്ജുനൻ തന്റെ കയ്യാലെനിക്കു മരണവും
നിശ്ചയം വിരയെപ്പോയ്പ്പോരിനു കോപ്പിട്ടാലും
മാരുതിതന്നെക്കൊല്ലും ഗാന്ധാരീസുതന്മാരെ
പോരതിൽ മരിച്ചീടും മററുള്ള ജനങ്ങളും
രണ്ടുഭാഗത്തുമുള്ള വൻപടയൊടുങ്ങീടും
മുണ്ടുകയില്ല മഹാവീരന്മാർ മരിയാതെ
ചിന്മയനായ പരബ്രഹ്മ നിർമ്മലമൂർത്തി
നിന്മനോവിലാസവുമെന്നുള്ളിലുണ്ടു പോററി
യാത്രയുംചൊല്ലി കൃഷ്ണൻ പിന്നയങ്ങഴറിപ്പോയ്
പോത്തുടനശ്വത്ഥാമാ തന്നുടെ ഗൃഹംപുക്കാൻ
പോരിനു സേനാപതിയാകാതെയിരിക്കെന്നു
വീരനാംദ്രൗണിയോടു മാധവനപേക്ഷിച്ചു

വിശ്വസ്ഥനായ വിപ്രനശ്വത്ഥാമാവുതാനും
വിശ്വനായകമനോരഥത്തെയറിഞ്ഞപ്പോൾ
നിശ്ചയമത്രു ചെയ്കയില്ല ഞാനെന്നു ചൊന്നാ-
നച്യുതൻ ദീർഘായുഷ്മാനാകെന്നുമരുൾചെയ്താൻ
പാരാതെയെഴുന്നെള്ളി പാണ്ഡവന്മാരോടു ചൊന്നാ-
നോരോരോ വിശേഷങ്ങളുണ്ടായതെപ്പേരുമേ:—

യുദ്ധത്തിന്നിനി മുതിർന്നീടുക വൈകീടാതെ
മിത്രങ്ങളായ ഭൂമിപാലരെയറിയിക്ക
എന്നരുൾചെയ്തശേഷം പാണ്ഡവർ ബന്ധുക്കളെ
ചെന്നറിയിച്ചു വരുത്തീടിനാർ പടയെല്ലാം
നായകൻ ധൃഷ്ടദ്യുമ്നനെന്നഭിഷേകംചെയ്തു
നായകനായ കൃഷ്ണൻ പാർത്ഥസാരഥിയായാൻ.
അക്കാലം നാഗധ്വജൻ വൻപനാം ഭീഷ്മർതന്നെ
സല്ക്കാരംചെയ്തു പടനായകനാക്കിവച്ചാൻ
അയുതരഥകരിതുരഗപദാതിയെ
നിയതിവശാലോരോദിവസം കൊൽവനെന്നാൻ
പൂരിച്ചു വാദ്യഘോഷം മൂന്നുലോകത്തുമപ്പോൾ
കൂറൊത്ത ബലഭദ്രരുൾക്കാമ്പിൽ നിരൂപിച്ചു
ഇക്കാലമിവിടെ ഞാൻ കൂടിയില്ലൊന്നുകൊണ്ടും
ചൊല്ക്കൊണ്ട തീർത്ഥമാടാമെന്നെഴുന്നെള്ളീടിനാൻ
പുഷ്കരനേത്രനപ്പോളുൾക്കാമ്പിൽ നിരൂപിച്ചു
മുഖ്യസമ്മതമാക്കി ദുരിയോധനവധം
അഗ്രജൻതന്നെക്കൊണ്ടു മൂളിച്ചീലതിന്നിനി
തല്ക്കാലത്തിങ്കലാമെന്നുൾക്കാമ്പുമടക്കിനാൻ
ധർമ്മജാതികളോടു വിദർഭനറിയിച്ചാൻ
നമ്മുടെ ബന്ധുത്വമോ പോകരുതല്ലോ പാർത്താൽ

ശക്രനന്ദനൻ പോരിൽ വിൽക്കെട്ടന്നാകിലപ്പോൾ
മൃത്യുഭാവേന നില്പാൻ ഞാനുണ്ടെന്നറിഞ്ഞാലും
അന്നേരം ധനഞ്ജയൻചൊല്ലിനാൻ വിദർഭനോ-
ടെന്നോടു നേരെനില്പോരാരുമില്ലറികനീ
പോരിൽ നീ പോകയിങ്ങോ മാധവൻ തുണയുമു-
ണ്ടാകിലമേതുമില്ലയെന്നതുകേട്ടനേരം
വിദർഭൻ ചെന്നു ദുർയ്യോധനൻതന്നെക്കണ്ടു
വിദഗ്ദ്ധനെന്നുഭാവിച്ചവനെ സമ്മാനിച്ചാൻ
പന്നഗദ്ധ്വജൻ കർണ്ണൻ ശകുനി വിദർഭനു-
മെന്നിവർ പലരുംകൂടൊന്നായി നിരൂപിച്ചു
ധർമ്മജാദികളോടു ചെന്നറിയിക്കയെന്നു
നന്മയില്ലുലൂകനെയയച്ചാനതുനേരം
ഒന്നുകിൽവനത്തിനു പൊയ്ക്കൊൾവിനല്ലയായ്കിൽ
വന്നിങ്ങു മരിച്ചുകൊണ്ടീടുവിൻ പുലർകാലേ
അപ്രകാരങ്ങളവൻ വന്നറിയിച്ചതുകേ-
ട്ടപ്പോഴേ ഭീമസേനനടിച്ചാനതുകണ്ടു
ഗോവിന്ദൻ ചാടിക്കരംപിടിച്ചാനുലൂകനും
ഗോവിന്ദ! ജയ! ജയ! യെന്നുരചെയ്തുപോയാൻ
അവനും കുരുക്ഷേത്രംപുക്കടനറിയിച്ചോ-
രവസ്ഥകേട്ടു ദുർയ്യോധനനുമുരചെയ്തു
ചൊല്ലുള്ള തേരാളികളേതുകൂട്ടത്തിലേറും
ചൊല്ലുകെന്നവനോടു ചൊല്ലിനാൻ ഗംഗാദത്തൻ
പതിനൊന്നക്ഷൌഹിണിപ്പടയുണ്ടിങ്ങുനിന-
ക്കതിനുപതിനീയുമനുജന്മാരുംപിന്നെ
ദ്രോണരുമശ്വത്ഥാമാ കൃപരും ത്രിഗർത്തനും
ദ്രോണർക്കുതുല്യൻ ശല്യർ സോമദത്താത്മജനും
കൃതവർമ്മാവും ഭഗദത്തനും ശകുനിയും
പൃഥ്വീവീശന്മാർ മററും പലരുണ്ടറികനീ

ഞാനുമുണ്ടല്ലോപിന്നെ പലരോടെതിർനില്പാൻ
ഭാനുനന്ദനനർദ്ധരഥനെന്നറികനീ
അങ്ങോട്ടുചെല്ലുവാനുമിങ്ങോട്ടു പോരുവാനു-
മിങ്ങനെയാരുമില്ല കണ്ണനെപ്പോലെയെടോ
കണ്ണനുമതുകേട്ടു ഭീഷ്മരോടുരചെയ്താ-
നിന്നുഞാനർദ്ധരഥനല്ലെന്നു ധരിച്ചാലും
നാമിരുവരുംകൂടിയില്ലിനി യുദ്ധത്തിനു
പോർമതമുള്ള ഭവാൻ മരിച്ചേയുള്ളു പക്ഷേ
ശന്തനുതനയനുമെങ്കിലെന്തൊരുഹാനി
നിൻതൊഴിൽ നിനക്കൊത്തവണ്ണമെന്നുരചെയ്തു
മന്നവസുയോധന കേളിനി യുധിഷ്ഠിരൻ
തന്നുടെ തേരാളികളായുള്ള ജനത്തേനീ
ധർമ്മജൻ ഭീമൻ പാർത്ഥൻ നകുലൻ സഹദേവൻ
നിർമ്മലന്മാരായുള്ള പാഞ്ചാലീസുതന്മാരും
ധീരനാം ധൃഷ്ടദ്യുമ്നൻ ഘോരനാം ഘടോല്ക്കചൻ
വീരനാമഭിമന്യു സാരനാം സാത്യകിയും
ക്രൂരനാകിയ ശംഖൻ ശൂരനാം പാഞ്ചാലനും
പോരിനു നമ്മോടവർ പോരുമെന്നറിഞ്ഞാലും
പോരാനാമവരോടു പോരിനെന്നതുനൂനം
കാരുണ്യമൂർത്തി കമലേക്ഷണനോടുകൂടി
തേരതിൽകരയേറീട്ടർജ്ജുനൻ വരുന്നേരം
ആരുമില്ലെതിരെടോ മൂന്നുലോകത്തുമെന്നാൻ
വീരനാം ദേവവ്രതൻ ദുര്യോധനനോടും
എന്നുടെ മരണവും വന്നീടും ശിഖണ്ഡിയാ-
ലെന്നതിന്നംബോപാഖ്യാനത്തെയുമുരചെയ്തു
ഓരോരോദിക്കിൽനിന്നങ്ങോരോരോ രാജാക്കന്മാർ
വാർണ്ണവാജിരഥകാലാളാം പടയോടും
വാരിധിതന്നിൽ നദീപൂരങ്ങൾ ചേരുമ്പോലെ

കൗരവസൈന്യംതന്നിൽ വന്നൊക്കെക്കൂടീടുന്നു
ഭൈരവതരങ്ങളാം വാദ്യഘോഷങ്ങളോടും
പോരിന്നു വിരുതുള്ള രാക്ഷസവീരന്മാരും
ആൎത്താക്കെനിലവിളിച്ചൗവ്വണ്ണംതന്നെവന്നു
പാൎത്ഥന്മാരുടെ പട വീട്ടിലും കൂടീടുന്നു
ഈരേഴു പതിന്നാലുലോകവും കുലുങ്ങുന്നു
വാരിധികളുമിരച്ചൊക്കവേ കലങ്ങുന്നു
സാരതചേരും ഗിരിജാലങ്ങൾ കുലുങ്ങുന്നു
ഘോരമായുള്ള വാദ്യനാദങ്ങൾ മുഴങ്ങുന്നു
മേദിനിപൊടിഞ്ഞൊരു ധൂളിയും പൊങ്ങീടുന്നു
ഖേദമായെന്നപോലെ ഭാനുവും മറയുന്നു
വാസവമുഖപത്മമാവോളം വിളങ്ങുന്നു
വാസവിനയനങ്ങൾ കോപേന ചുവക്കുന്നു
മാരുതദേവൻതാനും മന്ദമായ്‌വീയിടുന്നു
മാരുതിയുടെ ഗദ വേഗേന ചുഴലുന്നു
ധൎമ്മദേവനുമുള്ളിലാനന്ദാവളരുന്നു
ധൎമ്മനാശനൻകലി മന്ദംപോയ്മറയുന്നു
ധൎമ്മജന്മാവിൻമുഖമേററവും തെളിയുന്നു
ദുൎമ്മതി സുയോധനൻ തന്മുഖം വാടീടുന്നു
നിൎമ്മലൻ നിരുപമൻ നിത്യനവ്യയൻപരൻ
ചിന്മയൻ ജഗന്മയൻ കന്മഷവിനാശനൻ
ധൎമ്മസ്ഥാപനകരൻ നിഷ്ക്കളൻ നിരഞ്ജനൻ
കൎമ്മകസാക്ഷിഭൂതൻ നിൎഗ്ഗുണൻനിരാകുലൻ
സന്മതിനിലയനെന്നുള്ളിൽവാഴും കൃഷ്ണൻ
തന്മുഖനളിനവും നന്നായി വിരിയുന്നു
ആമിഷഭോജികളുമാമോദംകലരുന്നു
പോമിനിക്കണമെന്നു ഭൂമിയും തെളിയുന്നു
രാമരാവണരണസന്നാഹമെന്നപോലെ

ഭൂമിയിലുള്ള വീരരൊക്കവേ വന്നുവന്നു
പുക്കിതു കുരുക്ഷേത്രം ദുഃഖവുമുപേക്ഷിച്ചു
പുഷ്കരദേശേ വിമാനങ്ങളുമൊരുമിച്ചു
നർമ്മദയായനദിതന്നിരുകരയും വ-
ന്നുന്മദമോടുപുക്ക വൻപടയതുകാലം
ആഭരണങ്ങൾപുനരായുധങ്ങളും നല്ല
ശോഭതേടീടുമുഷ്ണീഷങ്ങൾ കഞ്ചുകങ്ങളും
വെവ്വേറെ യഥായോഗ്യം നൽകിനാൻ ധർമ്മാത്മജൻ
നിർവ്യാജം പ്രതിജ്ഞയും ചൊല്ലിനാരവരെല്ലാം
ഭൂദേവപ്രസാദവും ദേവതാപ്രസാദവും
സാദരം ചെയ്തു ചെയ്തോരായുധപൂജകളും
കൃഷ്ണനും കിരീടിയും മററുള്ള നൃപന്മാരും
കൃത്യമായതു ചെയ്തു യുദ്ധത്തിനൊരുമിച്ചാർ
വ്യഗ്രമുണ്ടാകവേണ്ടാ ചിത്തത്തിലടിയനു-
ണ്ടുഗ്രമാം പാശുപതമസ്ത്രമെന്നാറിഞ്ഞാലും
നിഗ്രഹിച്ചീടുവൻഞാൻ നിശ്ചയം പരരെയെ-
ന്നഗ്രജൻതന്നെനോക്കീട്ടർജ്ജുനൻതാനും ചൊന്നാൻ
ഇക്കഥാശേഷം ചൊൽവാനെന്നാലെ പണിയെന്നാ-
ളക്കിളിമകളായ ഭക്തിശാലിനിയന്നോ.

# ടിപ്പണം.

ധമ്മജാതികൾ-ധമ്മപുത്രർ ആദിയായവർ. നിഖില ലോകൈകനായകൻ-സകല ലോകങ്ങൾക്കും മുഖ്യനാഥൻ. അവിരതം-എല്ലായ്പോഴും. ധാത്രി-ഭൂമി. നേത്രഗോചരൻ-കണ്ണിന്ന വിഷയമായിട്ടുള്ളവൻ. ആസ്ഥയാ - താല്പൎയ്യത്തോടുകൂടി. പാദ്യം-കാലുകഴുകാനുള്ള വെള്ളം. ഗാത്രം-ശരീരം. മാൎത്താണ്ഡൻ-സൂൎയ്യൻ. പാൎത്ഥന്മാർ-കുന്തീപുത്രന്മാർ. ശ്രോത്രം-ചെവി. മാത്സ്യൻ-വിരാടരാജാവു്. പേൎത്തും-വീണ്ടും വീണ്ടും. കൃപ്-ദയ. കുന്തീപുത്രൻ-ധമ്മപുത്രൻ. ചിന്തിപ്പവർ സന്താപം-വിചാരിക്കുന്ന ആളുകളുടെ ദുഃഖം. മാൎത്തണ്ഡാത്മജസുതൻ-കാലപുത്രനായ ധമ്മപുത്രർ. ധാൎത്തരാഷ്ട്രന്മാർ-ദുൎയ്യോധനാദികൾ. പോമെന്നുംവരും-പോകേണ്ടതായുംവരും. പ്രധനം-യുദ്ധം. ഉമ്പർകോൻ-ദേവാധിപൻ (കൃഷ്ണൻ) നാഗദ്ധ്വജൻ-സൎപ്പം കൊടിയടയാളമുള്ള ദുൎയ്യോധനൻ. എവിടത്തു്-എവിടെ. (എഴുത്തഛൻെറ ഭാഷനോക്കുക. ഇതുപോലെ മററുള്ള സ്ഥലങ്ങളിലും കാണുക.) തന്നുതല്ലൊ-തന്നുവല്ലൊ. അമരേന്ദ്രപുത്രൻ-ഇന്ദ്രപുത്രനായ അൎജ്ജുനൻ. വിഭ്രമം-പരിഭ്രമം. ചിൽപുമാൻ-ജ്ഞാനസ്വരൂപി (കൃഷ്ണൻ) ഉല്പലേക്ഷണൻ-താമരക്കണ്ണൻ (കൃഷ്ണൻ) ഉല്പലം-കരിംകൂവളപ്പൂവു്. ജൃംഭിതം-ജൃംഭയോടുകൂടിയ. ജൃംഭ-കോട്ടുവാ. ജംഭാരി-ഇന്ദ്രൻ. നൂനം-നിശ്ചയം. ഉപധാനം-തലയിണ. പൎയ്യങ്കം-കട്ടിൽ. സ്നിഗ്ദ്ധന്മാർ-സ്നേഹിതന്മാർ. ആശ്ലേഷം-ആലിംഗനം. പാൎത്ഥൻ-ഇവിടെ അർജ്ജുനൻ എന്നൎത്ഥം. മത്സരാദികൾ-കാമം, ക്രോധം, ലോഭം, മോഹം, മദം,

മാത്സൎയ്യം. സേനാനിസമൻ-സുബ്രഹ്മണ്യനു തുല്യൻ. സേനാനി-സേനാനായകൻ. വല്ലഭം-സാമൎത്ഥ്യം (വല്ലഭത) ധനഞ്ജയൻ-അൎജ്ജുനൻ. മല്ലാരി-കൃഷ്ണൻ. വല്ലവതരുണിമാർ വല്ലഭൻ-ഗോപസ്ത്രീകളുടെ ഭൎത്താവ്. ജിഷ്ണുനന്ദനൻ-ഇന്ദ്രിയപുത്രൻ. ജിഷ്ണു-അൎജ്ജുനൻ. കൃഷ്ണ-പാഞ്ചാലി. ബാന്ധവം-ബന്ധുസമൂഹം. പിഴയാഴ്വാൻ-പിഴയാതിരിക്കുവാൻ. പന്നഗം-സൎപ്പം മാദ്രേശൻ-ശല്യർ. വിപ്രമാമുനി-ബ്രഹ്മൎഷി. ഇത്ഥം-ഇപ്രകാരം. ദ്രുപദോപാദ്ധ്യായൻ-പാഞ്ചാലരാജഗുരു. അജാതശത്രു-ധൎമ്മപുത്രൻ. തവ-നിനക്ക്. യജ്ഞസേനോപാദ്ധ്യാൻ. പാഞ്ചാലഗുരു. അംബികാസുതൻ-ധൃതരാഷ്ട്രർ- അഞ്ജസാ-പെട്ടെന്ന്. നിൎഗ്ഗുണത്തുങ്കൽ-പരബ്രഹ്മത്തുങ്കൽ. നീക്കൊള്ളണം-വാങ്ങണം. സൂരികൾ-വിദ്വാന്മാർ. സൂൎയ്യജൻ-സൂൎയ്യനിൽനിന്നും ജനിച്ചവൻ (കാലൻ) അഷ്ടഗ്രാസി-എട്ടുരുള ഭക്ഷിക്കുന്നവൻ. ബഹുഭോക്താ-വളരെ ഭുജിക്കുന്നവൻ. ഇന്ദ്രിയവശഗന്മാർ-ഇന്ദ്രിയങ്ങൾക്കു അധീനന്മാർ. രൗദ്രകൎമ്മങ്ങൾ-ക്രൂരകൎമ്മങ്ങൾ. ഇന്നും-ഇനിയും. പാപഹരം-പാപങ്ങളെ ഇല്ലാതാക്കുന്നതു്. മഞ്ജുളം-മനോഹരം. പുറം-ഭാഗം. പാടവം-സാമൎത്ഥ്യം. വെള്ളയിൽ-ഹിതത്തിൽ. അന്ധകാരങ്ങൾ-അജ്ഞാനങ്ങൾ (എഴുത്തച്ഛന്റെ ഭക്തിയും ധൎമ്മപുത്രരുടെ സ്വഭാവവും പ്രത്യേകം നോക്കുക) കഞ്ജം-താമരപ്പൂവ്. മനസി-മനസ്സിൽ. മതിമാൻ-ബുദ്ധിമാൻ. അഭിയുക്തൻ-ഉപദ്രവിക്കപ്പെട്ടവൻ. ഹൃതദ്രവ്യൻ-അപഹരിക്കപ്പെട്ട ദ്രവ്യത്തോടുകൂടിയവൻ. പ്രജാകരം-ഉറക്കംഇളവ്. അല്ലല്ലീ-അല്ലയോ വിശ്വം-ലോകം. നിൎമ്മൂലം-കാരണംകൂടാതെ. ചേതസി-മനസ്സിൽ. തിതിക്ഷ-ക്ഷമ. സൗബലൻ-സു

ബലപുത്രൻ. ഭോഗം-സുഖാനുഭവം. തക്ഷന്മാർ-ആശാരിമാർ. കട്ടോടം-മരവി. മരക്കൊട്ട-ഒരുമാതിരി ജലവാഹനം. സ്രുവം-നെയ്യ്, ഹവിസ്സ് ആദിയായവ എടുത്തു ഹോമിക്കുന്നതിനു ഉപയോഗിക്കുന്ന ഒരുമാതിരി തവി. ജുഹുവിന് ആകൃതിയിൽ സ്വല്പം വ്യത്യാസമുണ്ട്. ജുഹു-ഹോമിക്കുവാനുള്ളതു്. അത്യർത്ഥം-ഏററവും. സേവിക്കുക-ഭുജിക്കുക (സ്വീകരിക്കുക) അശ്രദ്ധധാനൻ-ശ്രദ്ധിക്കാത്തവൻ. ദർപ്പം-അഹങ്കാരം. സ്തംഭം-സ്തംഭനം (മരച്ചുപോകൽ) സ്വച്ഛം-നിർമ്മലം. മാന്യമാനിത്വം-മാന്യന്മാരെ മാനിക്കുന്ന സ്വഭാവം. ദാരിദ്ര്യാദി ഹേതുന-ദാരിദ്ര്യം മുതലായതു കാരണം. രതി-സ്ത്രീസംഭോഗം. തുഷ്ടൻ-സന്തുഷ്ടൻ. അവന്ധ്യം-സഫലം. വശ്യാത്മാവ്-മനസ്സ് സ്വാധീനപ്പെടുത്തിയവൻ. പുരുഷാർത്ഥം-ഇവിടെ ധർമ്മാർത്ഥകാമങ്ങൾ മാത്രം. അന്യേഷാം-മററുള്ളവരുടെ. ഹിതം-ശ്രേയസ്സ്. ഈർഷ്യ-അസൂയ. ആര്യകർമ്മണാ-ശ്രേഷ്ഠമായ കർമ്മംകൊണ്ട്. രഞ്ജിച്ച്-സ്നേഹിച്ച്. സമ്മോദം-സന്തോഷം. സമ്മാനം-ബഹുമാനം. ഹൃദം-കയം. സംപ്രവൃത്തോക്തിമാൻ-സംപ്രവൃത്തത്തെക്കുറിച്ച് (ചെയ്തു തീർത്തതിനെക്കുറിച്ചു) ഉക്തിയോടുകൂടിയവൻ. (കഴിഞ്ഞകാര്യമേ പറകയുള്ളു എന്നുള്ളവൻ) വിചിത്രകഥ-മനോഹരമായ ചരിത്രം. സംപ്രതിഭാനവാൻ-നല്ല പ്രതിഭയോടുകൂടിയവൻ. പ്രതിഭ-പുതിയ പുതിയ ആശയങ്ങൾ തോന്നിവരുന്ന ബുദ്ധി. ശുദ്ധോക്തി വക്താവ്-സത്യം പറയുന്നവൻ. ഊഹോപോഹങ്ങൾ-അനുമാനവിശേഷങ്ങൾ. ചതുരഹൃദയൻ-സമർത്ഥബുദ്ധി. ഭൃതങ്ങൾ-ജീവികൾ. യോഗജ്ഞൻ-ഉപായം അറിയാവുന്നവൻ. വിജ്ഞാനി-ശില്പശാസ്ത്രത്തിൽ അറിവുള്ളവ

ൻ. പ്രജ്ഞാനഗതം-ബുദ്ധിക്കുചേൎന്നതു്. വിശ്രുതം-ശാസ്ത്രം. ശ്രുതാനുഗയം-ശാസ്ത്രത്തെ അനുസരിച്ച. അസംഭിന്നാൎയ്യജനമൎയ്യാദ-ശ്രേഷ്ഠന്മാരായ ആളുകളുടെ സ്ഥിതിവിടാതെ. അസംഭിന്നാത്മാവു്-സംശയരഹിതമായ ആത്മാവു്. അസമുന്നദ്ധൻ-അനഹങ്കാരി. അശ്രാന്തം-ഇടവിടാതെ. അശ്രുതൻ-ശാസ്ത്രരഹിതൻ. അൎത്ഥാശ-ധനാഗ്രഹം. ബുധമതം-വിദ്വാന്മാരുടെ അഭിപ്രായം. പരാൎത്ഥമായി-അന്ന്യന്മാൎക്കുവേണ്ടി. മിത്ഥ്യാചാരം. അന്ന്യന്മാരെ ബോധിപ്പിക്കുന്നതിനുള്ള ആചാരം. പ്രത്യഹം-ദിവസംതോറും. അനുദിനം-ദിവസവും. ക്ഷിപ്രാർത്ഥകൎമ്മം - എളുപ്പം ചെയ്യാവുന്ന പ്രവൃത്തി. ചിരാൽ-വളരെക്കാലംകൊണ്ടു്. ബദ്ധമോദേന-സന്തോഷത്തോടുകൂടി. ഉദ്ധതൻ-അഹങ്കാരി. ഈശൻ-നാഥൻ. ധൎമ്മാൎത്ഥംവിനാ-ധൎമ്മപ്രയോജനമില്ലാതെ. നിസ്സ്വൻ-ദരിദ്രൻ. കളത്രം-ഭാൎയ്യ. മുക്തം-മോചിക്കപ്പെട്ടതു്. ആം-ആകാം. ആത്മാവു്-മനസ്സ്. സരാജകം-രാജാവിനോടുകൂടിയ. കാകോളം-വിഷം. ശസ്ത്രം-ആയുധം. അന്തരം-വ്യത്യാസം. സപ്രജം-പ്രജകളോടുകൂടിയ. സരാഷ്ട്രകം-രാഷ്ട്രത്തോടുകൂടിയ. മന്ത്രവിസ്രവം-രാജ്യരഹസ്യം വെളിയിലാക്കുക. കല്പിക്ക-നിശ്ചയിക്ക. വേശ്മനി-ഭവനത്തിൽ. സോപാനം-പടി. സത്യം-സത്യപദാർത്ഥം. തരണി-തോണി (ജലവാഹനം) അബ്ധി-സമുദ്രം. മതിമതാം- ബുദ്ധിയുള്ളവരിൽവച്ചു്. പ്രവരാ-ശ്രേഷ്ഠനായുള്ളോവേ. ക്ഷമാവതാം- ക്ഷമയുള്ളവൎക്കു്. ഏകൈവം-ഏക+അവ-ഒന്നുതന്നെ. തുഷ്ടയേ-സന്തോഷത്തിനായിക്കൊണ്ടു്. പരാവിദ്യാ-പരയായ(ശ്രേഷ്ഠയായ)വിദ്യ. നിജസുഖാവഹാ-തന്റെ സുഖത്തെയുണ്ടാക്കുന്നതു്. അഹിംസ+ഏവ-അഹിംസൈവ-മനസാവാചാകൎമ്മണാ ആരെയും ഉപദ്രവിക്കാതെ

യിരിക്കുന്നതു്. പരപ്രത്യയകാരികൾ-അന്യന്മാക്ക് വിശ്വാസത്തെയുണ്ടാക്കുന്നവർ. ചേൽക്കണ്ണാർ-ചേലുള്ള (ഭംഗിയുള്ള) കണ്ണോടുകൂടിയവർ (സുന്ദരികൾ) കാമിതകാമിനിമാർ-കാമിച്ചവരെ കാമിക്കുന്നവർ. കണ്ടതദുഃഖം. ആജ്ജിതം-സമ്പാദിക്കപ്പെട്ട. പ്രതിപത്തിദാനം. അപാത്രം-അയോഗ്യൻ. അപ്രതിപാദനം-കൊടുക്കാതിരിക്ക. അഹം-ഞാൻ. അല്പപ്രജ്ഞന്മാർ-അല്പബുദ്ധികൾ. ദീർഘസൂത്രന്മാർ-വളരെ നേരംകൊണ്ടു പ്രവത്തിക്കുന്നവർ. ചാരണർ-സ്തുതിപാഠകന്മാർ. ജ്ഞാതി-ബന്ധു. ശ്രാന്തൻ-ക്ഷീണിച്ചവൻ. സ്വസാവു്-സഹോദരി. നിജസഖി-തൻെറ സ്നേഹിതൻ. പാപകമ്മണാം-പാപകമ്മങ്ങളുടെ. സഞ്ചിതം-സഞ്ചയിക്കപ്പെട്ട. ദോഷജ്ഞൻ-വിദ്വച്ഛ്രേഷ്ഠൻ. തന്ദ്രി-മടി. തരി-ജലവാഹനം. സംഭിന്ന-പിളന്ന. അപ്രവക്താവു്-പ്രസംഗിക്കാത്ത. ഗോപാലൻ-ഇടയൻ. പുംസാ-പുമാന്മാക്ക്. ധൃതി-ധൈയ്യം. പ്രമത്തൻ-അഹങ്കരിച്ചവൻ. വ്യാധിതൻ-രോഗം പിടിപെട്ടവൻ. കാമയാനന്മാർ-കാമിച്ചുകൊണ്ടിരിക്കുന്നവർ. ദേവനം-ചൂതുകളി. മൃഗയ-നായാട്ടു്. വിരക്തി-വെറുപ്പ്. സം-സ്വത്തു്. ഉപാദാനംചെയ്ക-സ്വീകരിക്ക. അക്ഷാന്തി-ക്ഷമയില്ലായ്മ. അഭ്യസൂയ-അസൂയ. പുഷ്ടമാക്കുക-വദ്ധിപ്പിക്ക. പരിഷ്വംഗം-ആലിംഗനം. സന്നിപാതം-വീഴ്ച. സുരതം-സംഭോഗം. കാലാതിക്രമവിരഹേ-വളരെക്കാലമായുള്ള വേർപാടിൽ. അഭിപ്രേതം-ഇച്ഛിക്കപ്പെട്ട. ക്ഷേത്രജ്ഞൻ-ആത്മാവ്. അധിഷ്ഠിതം-സ്ഥിതിചെയ്യപ്പെട്ട. ക്ഷേത്രം-ശരീരം. നവദ്വാരം-ഒൻപതു ദ്വാരത്തോടുകൂടിയതു്. പഞ്ചസാക്ഷികം-അഞ്ചുസാക്ഷികളോടുകൂടിയതു്. വേദി-അറിയുന്നവൻ. ചിന്താശ്രാന്തൻ-ചിന്തകൊണ്ടു തളന്നവൻ. ത്വരമാണൻ-ദ്രു

തഗതിയുള്ളവൻ. ബുഭുക്ഷിതൻ-വിശപ്പുള്ളവൻ. പ്രമാദങ്ങൾ-അശ്രദ്ധകൾ. പുത്രാർത്ഥം-പുത്രനവേണ്ടി. കത്ഥനംചെയ്യുക-ആത്മപ്രശംസ ചെയ്യുക. ദത്തം=ദാനം ചെയ്യപ്പെട്ടതു്. ആശു=വേഗം. പൈശുന്യം=ദുഷ്ടത (ഏഷണിയും) ഭൂപതിദ്വിഷ്ടൻ=ഭൂപതിയാൽ ദ്വേഷിക്കപ്പെട്ടവൻ. പുരസ്കരിക്ക=മുൻനിറുത്തുക. വ്യവഹാരം=പെരുമാററം. ആഭിജാത്യം=കുലീനത്വം. (തറവാടിത്തം) അലംഭാവം=മതിയെന്നുള്ള ഭാവം. അല്ലൽ=ദുഃഖം. വൈചിത്ര്യവീര്യൻ=വിചിത്രവീര്യൻെറ പുത്രൻ. വൈശദ്യം=വിശദത (തെളിവു്) വൈദഗ്ദ്ധ്യം=സാമർത്ഥ്യം. വർത്തിക്കുക=സ്ഥിതി ചെയ്യുക. അസാംപ്രതം=അയുക്തം. രൂപം=സൗന്ദര്യം. പാദപം=വൃക്ഷം. ഷൾപദം=വണ്ടു്. ഉരുക്കൂട്ടി=ശേഖരിച്ചു്. അഹിംസയാ=ഹിംസ കൂടാതെ, ആരാമം=പൂന്തോട്ടം. മാലാകാരൻ=മാല കെട്ടുകാരൻ. ദാരുമൂലാർത്ഥി-വൃക്ഷത്തിൻെറ മൂലഭേദം ആഗ്രഹിക്കുന്നവൻ. അംഗാരകാരൻ-കൊല്ലൻ അംഗാരം-കരി. നിരർത്ഥകൻ-പ്രയോജനമില്ലാത്തവൻ. കുണ്ഠൻ-മന്ദബുദ്ധി, ഷണ്ഡൻ-നപുംസകൻ വ്യാധൻ-കാട്ടാളൻ, കർത്തവ്യ-ചെയ്യേണ്ടതു്, ഭൂദേവേന്ദ്രന്മാർ-ബ്രാഹ്മണശ്രേഷ്ഠന്മാർ, പർജ്ജന്യം-മേഘം വൃത്തം-ചരിത്രം മജ്ജനം-കുളി, വാജി-കുതിര, രക്ഷ്യം-രക്ഷിക്കത്തക്കതു്, അന്ത്യജാതൻ- താണ ജാതിയിൽ ജനിച്ചവൻ മാംസോത്തരം-മാംസത്തോടു കൂടിയതു്, ഗോരസം-പാൽ, തൈരു്, നെയ്യു്, ഇവ. ലവണം-ഉപ്പു്. പേയം-പാനീയം, വിരയെ-വേഗത്തിൽ, ജിത-ജയിക്കപ്പെട്ടതു്, സത്വരഗതിമതാം-വേഗം നടക്കുന്നവനു്, അദ്ധ്വാ-വഴി. ഗോമതാം-പശുവുള്ളവനാൽ ശീലവതാ-സൽസ്വഭാവിയാൽ, ശ്രീമതാം-ശ്രീമാനാൽ ഊർദ്ധ്വഗതി-മേൽഗതി. അർത്ഥേശൻ-ധനവാൻ ഇന്ദ്രിയേശൻ-മനസ്സിനെജയിച്ച

വൻ ആർജ്ജവം-കൗടില്യമില്ലായ്മ ദുരാത്മനാം-ദുർബ്ബു
ദ്ധികൾക്ക് ആത്മനി-ആത്മാവുങ്കൽ വചോഗുപ്തി-വച
സ്സിനെഗോപനം ചെയ്യുക. അസംരംഭം-കോപം ഇല്ലാ
യ്മ. അസാധൂനാം ദുഷ്ടന്മാർക്ക് ഭർത്തൄതാം-രാജാക്കന്മാർക്ക്,
സ്ത്രീണാം-സ്ത്രീകൾക്ക്. ഗുണിനാം-ഗുണികൾക്ക് (ഗുണവാ
ന്മാർക്ക്) അകച്ചീടും-വർദ്ധിക്കും, നാരാചശല്യം-ഉടക്കുളിയ
മ്പ് പ്രതിപാദിക്കുക-കൊടുക്കുക ക്ഷത്താവ്-സൂതൻ, തേ
രാളി, ഇവിടെ വിദുരർ എന്നർത്ഥം എപ്പേരും-എല്ലാം
കന്ദർപ്പൻ-കാമൻ ചര്യ്യാ-നടപടി കോശം-ഭണ്ഡാരം
(ധനം) അനവസ്ഥിതൻ-നിലയില്ലാത്തവൻ അന്വയം-
വംശം ചത്വാരി-നാലു ആനൃശംസ്യം-ക്രൂരത ഇല്ലായ്മ
മായാനുവിദ്ധം-കളവുചേർന്ന സംസർഗ്ഗയോനികൾ-സം
സർഗ്ഗത്തിനു കാരണങ്ങൾ ആത്മവതാം-ബുദ്ധിയുള്ളവ
ർക്ക് ശാസ്താവ്-ശാസിക്കുന്നവൻ ച്ഛന്നപാപന്മാർ-മറ
യ്ക്കപ്പെട്ട പാപത്തോടു കൂടിയവർ വാഹിനിമാർ-നദിക
ൾ, വ്യാഹൃതം-സംഭാഷണം ആഭിമുഖ്യം-താല്പര്യ്യം ഗുരു
തല്പഗൻ-ഗുരുപത്നിയെ സ്വീകരിച്ചവൻ വൃഷലീപതി-
ദാസീഭർത്താവ് ശരണാഗതഹന്താവ്-അഭയാർത്ഥിയെ
കൊന്നവൻ ബ്രാഹ്മണരെ കൊന്നവൻ. പത്ഥ്യം-ശ്രേ
യസ്സ്. ഭർത്താവ്-രാജാവ്. ആത്മാവ്-താൻ. അവക്ര
ബുദ്ധ്യാ-ആർജ്ജവബുദ്ധിയോടുകൂടി. അനുകമ്പ്യൻ-അ
നുകമ്പയ്ക്കു യോഗ്യൻ. പ്രത്യുക്തി-തക്കമായിട്ടുള്ള ഉ
ത്തരം. തേജസ്സ്-പരാക്രമം. വൈരിപക്ഷികൾ-ശ
ത്രുപക്ഷക്കാർ. സ്വാദ്ധ്യായം-വേദപാരായണം. അവ
ജ്ഞേയന്മാർ-അവമാനിക്കത്തക്കവർ. അഭിജനം-വം
ശം. അവമന്തവ്യന്മാർ-അവമാനിക്കത്തക്കവർ. അ
ണയത്ത്-സമീപത്ത്. ദഷ്ടം-കടിക്കപ്പെട്ടത്, ലോഭം-
അത്യാഗ്രഹം, കൃതം-ചെയ്യപ്പെട്ടത്, ഇദം-ഇത്, ശ്രീ
കൃഷ്ണനെ സംബന്ധിച്ച വിദുരർ പറയുന്ന ഭാഗത്തുനി

ന്നം എഴുത്തച്ഛൻെറ സാക്ഷാത്തായ ഭഗവൽഭക്തി പ്രത്യക്ഷമാകുന്നു. കർമ്മണാംപതി-കർമ്മങ്ങളുടെ പതി, ദേവാനാം-ദേവന്മാരുടെ, യജ്ഞം-യാഗം, സത്വാദിഗുണത്രയാ-സത്വം, രജസ്സ്, തമസ്സ് എന്ന മൂന്നു ഗുണങ്ങളോടുകൂടിയ, അജ്ഞാനം-അറിവില്ലായ്മ, മുകുന്ദൻ-ശ്രീകൃഷ്ണൻ, ജതുഗേഹം-അരക്കില്ലം, അഭ്യുദയം-ഉയർച്ച, ഗന്ധർവ്വപ്രവരർ-ഗന്ധർവ്വശ്രേഷ്ഠർ, അന്ധതാം-അജ്ഞാനം, ശന്തനുസുതൻ-ഭീഷ്മർ, ദ്രൗണി-അശ്വത്ഥാമാവ്, ഉററവർ-ബന്ധുക്കൾ, സന്ധ്യർത്ഥം-സന്ധിക്കുവേണ്ടി, പരായണൻ-താല്പര്യമുള്ളവൻ, ഊഢാവമാനാ-അവമാനത്തോടുകൂടിയതു്, ഊഢം-വഹിക്കപ്പെട്ട, ദുർവിനയവാക്തി-വിനയമില്ലാത്ത വാക്ക്, അന്ധകകുലജാതൻ-അന്ധകകുലത്തിൽ ജനിച്ചവൻ, അന്ധകകുലം-ഒരു പ്രത്യേകവംശം, അന്ധാത്മാവ്-മൂഢബുദ്ധി സാരസം-താമരപ്പൂവ്, സാരഥേ!-തേരാളീ! ഗരുഡധ്വജയുക്തം-ഗരുഡവാഹനമുള്ള കൊടിമരത്തോടുകൂടിയതു്, ദാരുകൻ-ശ്രീകൃഷ്ണൻെറ തേരാളി. ധൃഷ്ടൻ-അഹങ്കാരി, തച്ച്-അടിച്ച്, ഗന്ധവാഹാത്മജൻ-ഭീമസേനൻ, കശ്മലൻ-ദുഷ്ടൻ, പന്നഗരിപു-ഗരുഡൻ, കല്മഷം-പാപം, ചികുരം-തലമുടി, മാലേയം-ചന്ദനം, ഫാലം-നെററിത്തടം, കിഞ്ചന-കുറഞ്ഞൊന്ന്, ഗളഭുവി-കഴുത്തിൽ, വക്ഷോദേശം-മാറിടം, കമലോത്ഭവൻ-ബ്രഹ്മാവ്, മധുരാധരീജനം-സുന്ദരീജനം വേദവാദികൾ-വേദങ്ങൾ ചൊല്ലുന്നവർ, വേദാന്തവേദ്യൻ-ഉപനിഷത്തുക്കളാൽ അറിയപ്പെടുന്നവൻ, മല്ലാരി-കൃഷ്ണൻ, വിചിത്രവീര്യാത്മജൻ ധൃതരാഷ്ട്രർ, എ

തിരേ-കാലത്തെ, ഉഴറുക-പോകുക, ഭഗിനി-സഹോദരി, ദുഗ്ദ്ധം-പാൽ, സന്ധ്യയും-സന്ധ്യാവന്ദനം, സാവ്ഭൗമൻ-ചക്രവൎത്തി, എപ്പേരും-എല്ലാം, ഭാമിനീജനം-സ്ത്രീജനം, തിങ്കൾ-ചന്ദ്രൻ, ത്യാജ്യർ-ഉപേക്ഷിക്കപ്പെടേണ്ടവർ, വസുക്കൾ-ധനങ്ങൾ, സദനം-ഭവനം, അന്തകാന്തകസേവ്യൻ-പരമേശ്വരനാൽ സേവിക്കപ്പെട്ടുവാൻ യോഗ്യൻ, ബന്ധുരൻ-മനോഹരൻ, സൂചനൻ-ഏഷണിക്കാരൻ, അതിൽപരം-അതിനുശേഷം, ഈഴ്ത്തും-അഴിച്ചതും നിസ്ത്രപം-ലജ്ജകൂടാതെ, മാഗധനായ നൃപവീരൻ-ജരാസന്ധൻ, മാൽ-ദുഃഖം, ആശുഗസുതൻ-വായുപുത്രൻ, നല്ലൻ-നല്ലവൻ, വെന്നാൻ-ജയിച്ചു, ഗാണ്ഡീവം-ഗാണ്ഡീവമെന്ന പേരുള്ള അർജ്ജുനന്റെ വില്ലു്, ഉത്തര-വടക്കു്, മുക്കണ്ണൻ-ശിവൻ, പാശുപതം-പരമേശ്വരൻ അർജ്ജുനനു കൊടുത്ത അസ്ത്രം, ചിത്രരഥൻ-ഒരു ഗന്ധൎവൻ, അക്കനന്ദനൻ-സൂൎയ്യപുത്രൻ [കർണ്ണൻ] ധൃഷ്ടദ്യുമ്നൻ-പാഞ്ചാലരാജപുത്രൻ, കനിഷ്ഠർ-അനുജന്മാർ; പററലർ-ശത്രുക്കൾ, കുരള-കള്ളം, അവദ്ധ്യന്മാർ-കൊല്ലപ്പെട്ടുവാൻ പാടില്ലാത്തവർ, തരുണാദിത്യബിംബം-മദ്ധ്യാഹ്നസൂൎയ്യബിംബം, വിരിഞ്ചൻ-ബ്രഹ്മാവ്, വാനവന്മാർ-ദേവന്മാർ, പാലയ-പാലിച്ചാലും, കൃപാലയാ-കൃപയ്ക്കു് ഇരിപ്പിടമായിട്ടുള്ളവനേ, മഹിമാനം-മഹിമാവിനെ, വേദിയർ-ബ്രാഹ്മണർ, നാകവാസികൾ-സ്വൎഗ്ഗവാസികൾ, കൂടം-വ്യാജം, കൂടസ്ഥൻ-ആദിപുരുഷൻ, ഗൂഢസ്ഥൻ-രഹസ്യമായി സ്ഥിതി ചെയ്യുന്നവൻ, ഭർതൃപിണ്ഡം-യജമാനന്റെ ചോറു്, മാരുതി-ഭീമൻ, പാർത്ഥസാരഥി അർജ്ജുനന്റെ തേരാളി, അയുതം-പതിനായിരം, കരി-ആന, തുരഗം-കുതിര, പദാതി-കാലാൾ, നിയതിവശാൽ-ദൈവാധീനത്താ

ൽ; പുഷ്കരം-താമരപ്പൂവ്, ഗംഗാദത്തൻ-ഭീഷ്മർ,
ഭാനുനന്ദനൻ-കർണ്ണൻ, ദേവവ്രതൻ-ഭീഷ്മർ, ഭൈരവ
തരങ്ങൾ--ഏററവും ഭയങ്കരങ്ങൾ, വാസവി-അർജ്ജു
നൻ, ധർമ്മദേവൻ–അന്തകൻ, പുഷ്കരദേശേ–ആകാ
ശത്തിൽ, ഉഷ്ണീഷം–തലപ്പാവ്' കഞ്ചുകം-പടച്ചട്ട
കിരീടി-അർജ്ജുനൻ, വ്യഗ്രം-ദുഃഖം.

ശുഭം.

Printed at the Malankara Syrian Press, Kottayam.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

കോളേജ് ക്ലാസ്സുകളിലേക്കുള

# വിൽപ്പാ

DC Library
*00003958*
T61 U9

| | രൂ. | ണ. | സ |
|---|---|---|---|
| അനാർക്കലി | 0 | [illegible] | 0 |
| രാമായണം ഇരുപത്തിനാലുവൃത്തം (വ്യാഖ്യാതാ ശാസ്ത്രി മഹോപാദ്ധ്യായ കെ. എസ്സ്. നീലകണ്ഠൻ ഉണ്ണി) | 0 | 8 | 0 |
| ഉദ്യോഗപർവ്വം | 0 | 12 | 0 |

ഇവ കൂടാതെ മററു കോളേജ് പാഠപ്പുസ്തകങ്ങളും വില്പാനുണ്ട്.

എം. എസ്സ്. ബുക്കഡിപ്പോ,
കോട്ടയം—തിരുവിതാംകൂർ.

# SRI MAHA BHARATHAM.

# UDIOGA PARVAM.

With Introduction and Notes.

M. S. BOOK DEPOT.

KOTTAYAM, TRAVANCORE.

T 61
U 9

Indic Digital Archive Foundation
gpura.org